ശ്രീ. എൻ. പി. വർഗ്ഗീസ്: ബോർണിയോവിലേയ്ക്കു് പോകണമെന്നുള്ള ഇൻഡ്യാഗവണ്മെൻറിൻെറ വല്ല നിർദ്ദേശവും കിട്ടീട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: അതിൽ ഈ സ്റ്റേററിൽ നിന്നും രണ്ടു പേരെ അയയ്ക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഉണ്ടു്. അതനുസരിച്ചു് അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: കോളനൈസേഷൻ കൗൺസിലിനോടു് ആലോചിച്ചതിനു ശേഷമാണോ ഈ രണ്ടുപേരെ അയയ്ക്കണമെന്നു നിശ്ചയിച്ചതു്?

ശ്രീ. എ. ജെ. ജാൺ: ആലുവായിലുള്ള കൌൺസിലിനോട് ആലോചിച്ചിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇങ്ങനെ രണ്ടുപേരെ അയച്ചതിനു ശേഷം അതിനെപ്പററി ഇൻഡ്യാഗവണ്മെൻറിൻെറ വല്ല മറുപടിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പേരുകൾ അയച്ചിട്ടുണ്ട്. മറുപടി കിട്ടിയിട്ടില്ല.

State subjects in Ceylon.

✻ 96. [27] **Shri N. P. Varghese**: Will the Chief Minister be pleased to state:

(*a*) the number of Travancore-Cochin subjects who have settled down or are employed in Ceylon;

(*b*) how many of them have registered as Ceylon subjects entitling them to exercise franchise; and

(*c*) is there any restriction in sending money from Ceylon to their dependants in the State?

Chief Minister (**Shri A. J. John**):

(*a*), (*b*) & (*c*) Being a Central subject no reply can be given here.

Shri N. P. Varghese: Are we not entitled to get facts?

Mr. Speaker: I do not know whether the information is available with this Government.

Shri A. J. John: No information is available.

ശ്രീ. എൻ. പി. വർഗ്ഗീസ്: എത്ര സംഖ്യയാണ് സിലോണിലെ ഒരാൾക്ക് ഇങ്ങോട്ടയയ്ക്കാവുന്നത്?

ശ്രീ. എ. ജെ. ജാൺ: അതിൻെറ ഡീറെറയിൽസിനെപ്പററിയൊന്നും നിശ്ചയമില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Basic Education.

✻ 97. [28] **Shri N. P. Varghese**: Will the Chief Minister be pleased to state:

(*a*) Whether there are any training centres for basic school teachers;

(*b*) if so, how many teachers have been trained as basic education teachers in the State;

(*c*) how many schools are there in the State imparting basic education; and

(*d*) have Government any programme for substituting the present system of primary education by basic education?

Chief Minister (**Shri A. J. John**):

(*a*) Yes. Basic Training Institution, Cherpu.

(*b*) 203 up to October 1952.

(*c*) 5.

(*d*) This question is under consideration.

ശ്രീ. എൻ. പി. വർഗ്ഗീസ്: ചേർപ്പ് ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകന്മാരായി ട്രെയിനിംഗ് കഴിച്ചിട്ടുള്ളവരെ പുതിയ സ്കൂളിലേയ്ക്ക് അയച്ചില്ലെങ്കിൽ അതുകൊണ്ടു ഫലമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബേസിക്ക് എഡ്യുക്കേഷൻ നടപ്പിൽ വരുത്തുവാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ ആലോചനയുടെ തീരുമാനത്തിനു ശേഷം വേണം ഇതിന് ഒരു നടപടിയെടുക്കുവാൻ.

ശ്രീ. എൻ. പി. വർഗ്ഗീസ്: സാധാരണ പ്രൈമറിസ്കൂളുകൾ ബേസിക്ക് സ്കൂളുകളുമായി കൺവർട്ടു ചെയ്യണമെങ്കിൽ എന്തു ചെലവു വരും?

ശ്രീ. എ. ജെ. ജാൺ: ഒരു സ്കൂളിന് ഏകദേശം എഴുപതിനായിരം രൂപയിലധികം ചെലവുവരും.

ശ്രീ. എൻ. പി. വർഗ്ഗീസ്: ക്രാഫ്റ്റ് അടിസ്ഥാനമാക്കി നടത്തുന്ന സ്കൂളുകൾക്ക് ആയിരം രൂപയിൽ കൂടുതൽ ചെലവു വരുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: ൨൦൩ പേക്ക് ട്രെയിനിംഗ് കൊടുത്തവരിൽ ദേശീയസിസ്റ്റമനുസരിച്ച് പഠിക്കുന്ന വാദ്ധ്യാന്മാർ ഇപ്പോൾ എത്രയുണ്ട്?

ശ്രീ. എ. ജെ. ജാൺ: ബേസിക്കസ്കൂൾ തുടങ്ങിയതിനു ശേഷമേ എല്ലാവർക്കും പഠിക്കുവാൻ സാധിക്കുകയുള്ളൂ. ബേസിക്കസ്കൂൾ തുടങ്ങിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഈയാണ്ടിൽ എത്ര പേക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്?

ശ്രീ. എ. ജെ. ജാൺ: ഏതാണ്ട് ൩൦ പേരുണ്ട്.

ശ്രീ. ആർ. കേശവപിള്ള: അടുത്ത സ്കൂൾവർഷത്തിൽ എത്ര സ്ഥലത്ത് ബേസിക്കസ്കൂളുകൾ തുടങ്ങുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ട്?

ശ്രീ. എ. ജെ. ജാൺ: അത് ബഡ്ജററ പാസ്സാക്കുന്നതനുസരിച്ചിരിക്കും.

WRITTEN ANSWERS

Karbala Maidan, Quilon.

* 98. [29] **Shri P. V. Avira Tharakan**: Will the Minister for Home Affairs be pleased to state:

(*a*) the reason for demolishing the wall at the Karbala Maidan, Quilon;

(*b*) is it a fact that the wall belongs to the Government; and

(*c*) if so, why did not the Government prevent it when people of a particular community demolished the wall?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) The wall stood on private property which belongs to the Bishop of Quilon. It is reported to have been dismantled in connection with the opening celebration of the Fatima Mata National College.

(*b*) No.

(*c*) Does not arise.

Police Conference at Vaikam Police Station.

* 99. [30] **Shri P. V. Avira Tharakan**: Will the Minister for Home Affairs be pleased to state:

(*a*) whether the Government are aware of a Police conference at the Vaikam Police Station ; and

(*b*) will the Government be pleased to state the decisions of the conference?

Minister for Home Affairs (**Shri T. M. Varghese**):

(*a*) Yes.

(*b*) Matters concerning the working of the Police Department were discussed and dicisions by way of recommendations were recorded. The exact decisions cannot be divulged in public interest.

സെൻസസ്.

* ൧൦൦. [൩൧] ശ്രീ. കെ. ജെ. താമസ്: താഴെ പറയുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയ്യപ്പൻകോവിൽ, വണ്ടൻമേട് തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തിരുന്നവരുടെ സെൻസസ് എടുക്കുക ഉണ്ടായോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

എന്യൂമറേഷൻ കാലത്ത് അയ്യപ്പൻകോവിലിലും, വണ്ടൻമേടിലും ഉണ്ടായിരുന്ന എല്ലാപേരുടേയും സെൻസസ് എടുത്തിട്ടുണ്ട്.

സംഘടനകൾ.

* ൫൦൫. [൩൭] ശ്രീ. സി. പി. ശ്രീവല്ലഭ മേനോൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ. എസ്സ്. എസ്സ്., വിരുദ്ധമുന്നണി, ജനക്ഷേമസമാജം എന്നീ സംഘടനകളുടെ പൊതുപരിപാടികൾ എന്താണെന്നോ പ്രവർത്തനങ്ങളെന്താണെന്നോ അന്വേഷിച്ചിട്ടുണ്ടോ; എന്താണ്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

പ്രസ്തുത സംഘടനകളുൾപ്പെടെ എല്ലാ സംഘടനകളുടേയും പ്രവർത്തനങ്ങളെപ്പററി ഗവണ്മെൻറ് അന്വേഷണം നടത്തിയിട്ടുണ്ട്. പൊതുതാൽപ്പര്യങ്ങളെ പരിഗണിച്ച് അവയെപ്പററിയുള്ള വിവരങ്ങൾ വെളിപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

അദ്ധ്യാപകരുടെ സ്ഥലംമാററം.

* ൫൦൬. [൩൮] ശ്രീ. സി. പി. ശ്രീവല്ലഭ മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പ്രൈമറിസ്കൂളദ്ധ്യാപകരെ സ്ഥലം മാററുന്നത് എന്തു മാനദണ്ഡമനുസരിച്ചാണ്;

(ബി) അൽപ്പശമ്പളക്കാരായ അദ്ധ്യാപകർ സ്വദേശത്തു നിന്നും അനവധി നാഴികദൂരെ ജോലിചെയ്തു ദുരിതമനുഭവിക്കുന്നുണ്ടെന്നറിയാമോ;

(സി) സ്വദേശത്തോ സ്വദേശത്തിനു സമീപത്തോ അദ്ധ്യാപകരെ മാററുന്ന കാര്യത്തിൽ ഗവണ്മെൻറിൻെറ നിലയെന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സ്കൂളിൻെറ ആവശ്യത്തെ പുരസ്കരിച്ചാണ് അദ്ധ്യാപകന്മാരെ നിയമിക്കുന്നതും സ്ഥലം മാററുന്നതും. അതിനു വിധേയമായി അദ്ധ്യാപകരുടെ വ്യക്തിപരമായ സൌകര്യവും നിവൃത്തിയുള്ളിടത്തോളം പരിഗണിക്കാറുണ്ട്.

(ബി) പല അദ്ധ്യാപകരും സ്വദേശത്തുനിന്ന് അകലെയാണ് ജോലിയിൽ ഇരിക്കുന്നതെന്ന് അറിയാം. മററുതരം ഉദ്യോഗസ്ഥന്മാർക്കില്ലാത്ത പ്രത്യേകം ദുരിതം അവർക്ക് ഉണ്ടെന്ന് അറിവായിട്ടില്ല.

(സി) നിവൃത്തിയുള്ളിടത്തോളം അദ്ധ്യാപകർക്ക് സൌകര്യമുള്ള സ്ഥലത്തു മാററം കൊടുക്കണമെന്നാണ് നയം.

ഉദ്യോഗങ്ങൾ.

* ൫൦൭. [൩൯] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. എസ്സ്.ലേക്കോ ഐ. പി. എസ്സ്.ലേക്കോ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ഉദ്യോ

ഗസ്ഥന്മാരിൽ ആരെങ്കിലും ഐ. ഏ. എസ്സ്–ലോ ഐ. പി. എസ്സ്-ലോ ഉൾപ്പെട്ടിട്ടില്ലാത്ത ഉദ്യോഗങ്ങൾ വഹിക്കുവാൻ നിയുക്തരായിട്ടുണ്ടോ; അവർ ആരെല്ലാം ഏതെല്ലാം ഉദ്യോഗങ്ങളിൽ;

(ബി) ഇവരെ ഇപ്രകാരം മാററിനിർത്താൻ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(ഏ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പാഠ്യപുസ്തകങ്ങൾ.

❋ ൧൦൪. [൩൯] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(ഏ) ൧൯൫൨–൫൩-ലേയ്ക്കുള്ള എത്ര പാഠ്യപുസ്തകങ്ങൾ പ്രൈവററുപ്രസ്സുകളിൽ അടിപ്പിച്ചിട്ടുണ്ട്;

(ബി) പാഠ്യപുസ്തകമച്ചടിക്കൂലിവകയിൽ ഓരോ പ്രസ്സിനും നൽകപ്പെട്ടിട്ടുള്ളതോ നൽകേണ്ടതോ ആയ സംഖ്യകളെത്ര?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(ഏ) ൭൩.

(ബി) വിവരങ്ങളടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

College admission.

❋ 105. [40] **Shri M. K. Mathai:** Will the Chief Minister be pleased to state :

(*a*) what is the total number of students admitted into the Junior Intermediate class in the Maharaja's College, Ernakulam; and

(*b*) is it a fact that college authorities prescribe certain standards for the admission into Junior Intermediate class over and above the necessary qualification?

Chief Minister (**Shri A. J. John**):

(*a*) 394;

(*b*) Admissions are made according to the rules laid down by Government.

† Please See Appendix I.

UNSTARRED QUESTIONS.

Petitions against the Circle Inspector of Police, Nagercoil.

30 [1] **Shri T. S. Ramaswami**: Will the Minister for Home Affairs be pleased to state:

(*a*) whether the Government have received any petitions against the Circle Inspector of Police, Nagercoil, regarding his assault on two young boys in front of the Nagercoil Transport Office in broad day light;

(*b*) what action the Government have taken on this matter;

(*c*) whether the Inspector-General of Police made any enquiry on this matter; and

(*d*) if so, what was the result of that enquiry?

Answer.

(*a*) Yes.

(*b*) The Circle Inspector of Police separated two boys fighting on the public road by using force to prevent further breach of the peace. Considering they were boys the behaviour of the Circle Inspector was reported to be more rude than was necessary. He has been warned.

(*c*) The Inspector-General of Police did not make personal enquiry.

(*d*) Does not arise in view of answer to (c).

Water Cess.

31 [3] **Shri A. Kunjan Nadar**: Will the Minister for Land Revenue be pleased to state:

(*a*) what is the capital expenditure of Pechippara Dam and its channels;

(*b*) when was the Dam completed;

(*c*) what is the total amount collected as water cess from the supply area from the opening of the dam upto the end of 1952;

(*d*) did the Government declare that water cess would be abolished as soon as the Government realised an amount equivalent to the capital outlay; and

(*e*) have the Government any intention of abolishing water cess; if so, when will it be abolished?

Answer.

(*a*) Rs. 81,38,779.
(*b*) In the year 1906.
(*c*) Rs. 67,15,658—8—5.
(*d*) No.
(*e*) No.

Relief Measures.

32 (5) **Shri R. Kesava Pillai**: Will the Chief Minister be pleased to state:

(*a*) the total amount spent for relief measures in the State during the year 1952;

(*b*) the respective amounts spent in each Taluk where such measures have been undertaken; and

(*c*) the names of the Taluks included in the scope of relief?

Answer

(*a*) An amount of Rs. 96,200 was expended in addition to the amount spent from the allotment of Rs. 5 lakhs sanctioned for civil works in Ambalapuzha and Shertallai. The civil works are in progress and the exact amount spent for them can be found out only after the works are completed.

(*b*) & (*c*)

(1)	Ambalapuzha	....Rs. 25,500 + Rs. 5 lakhs
(2)	Shertallai	.. 30,000
(3)	Chirayinkil	.. 7,000
(4)	Quilon	.. 6,900
(5)	Karunagappalli	.. 6,500
(6)	Karthikappalli	.. 4,000
(7)	Vaikam	.. 3,500
(8)	Parur	.. 4,500
(9)	Cochin-Kanayannur	.. 3,000
(10)	Kottayam	.. 300
(11)	Chittur	.. 1,000
(12)	Trichur	.. 1,000
(13)	Cranganur	.. 1,000
(14)	Kalkulam	.. 1,000
(15)	Trivandrum	.. 1,000

First Class Magistrate's Court.

33 [6] **Shri R. Kesava Pillai**: Will the Minister for Home Affairs be pleased to state:

(*a*) whether any representation has been received from the people of Kottarakara Taluk regarding the necessity of establishing a First Class Magistrate's Court at Kottarakara; and

(*b*) the number of cases pending disposal as on 31-1-1953 before the First Class Magistrate's Court, Quilon, which have been filed from the Kottarakara Taluk area?

Answer.

(*a*) No representation has been received from the people of Kottarakara. The Bar Association of Kottarakara has sent a representation.

(*b*) 279 cases.

ബലാൽസംഗക്കേസ്.

൩൪. [൭] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

൧൧൨൮ ഏപ്രിൽ ൨൩-ാം തീയതി കാർത്തികപ്പള്ളിയിൽ ഉണ്ടായ ഒരു ബലാൽസംഗക്കേസ് ഹരിപ്പാട്ടു പോലീസ് എടുത്തിട്ട് പ്രതികളെ അറസ്റ്റു ചെയ്യാതിരിക്കുകയും കേസു ചാർജ്ജു ചെയ്യാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണമെന്താണെന്നു പറയുമോ?

ഉത്തരം.

പ്രസ്തുത ബലാൽസംഗക്കേസ് ഇൻഡ്യൻ ശിക്ഷാനിയമം ൩൭൬, ൧൧൮ എന്നീ വകുപ്പുകളിന്മേലുള്ള കുറ്റങ്ങൾക്ക് ഹരിപ്പാട്ട് സ്റ്റേഷനിൽ ൧൧൨൮-ലെ ൩൫-ാം നമ്പർ ക്രൈമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. അന്വേഷണങ്ങൾ നടത്തിയതിൽ പ്രതികളെല്ലാം ഉടൻ തന്നെ ഒളിവിൽ പോയതായും പിന്നീട് ഈ സംസ്ഥാനം വിട്ടുപോയതായും റിപ്പോർട്ടു കിട്ടീട്ടുണ്ട്. കുറ്റക്കാരെ അറസ്റ്റു ചെയ്യുന്നതിനും ശിക്ഷിക്കുന്നതിനും വേണ്ട നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

കാർഷികാദായ നികുതി.

൩൫. [൧൧] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു വിവിധ താലൂക്കുകളിൽ നിന്നും ഗവണ്മെന്റിലേയ്ക്കു കാർഷികാദായനികുതിയിനത്തിൽ ൧൧൨൬-൨൭, ൧൧൨൭-൨൮ ഈ വർഷത്തിൽ എന്തു തുക വീതം കിട്ടി;

(ബി) ൧൧൨൬-൨൭-ൽ റബ്ബർ, കുരുമുളക്, നെൽക്കൃഷി ഈ ഇനങ്ങളിൽ നിന്ന് ഗവണ്മെന്റിലേയ്ക്ക് നികുതിയിനത്തിൽ കിട്ടിയിട്ടുള്ള തുകയുടെ ഒരു കണക്ക് മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം.

(എ) ൧൱൨൧- ൨൮-ൽ ൯൯, ൬൧, ൧൦൭ ക. ൧൱൨൮-൨൯-ൽ ൨൦, ൯൭, ൨൮൨ ക. (൧൱൨൮ ഡിസംബർ അവസാനം വരെ).

(ബി) ഓരോ ഉൽപ്പന്നങ്ങൾക്ക് കാഷികാമായ നികുതി വെവ്വേറെ കണക്കാക്കിയല്ല പിരിവ് നടത്തുന്നത്.

Cases Pending in the First and Second Class Courts

36 (12) **Shri P. V. Avira Tharakan**: Will the Minister for Home Affairs be pleased to state:

(*a*) the number of cases pending in the First and Second Class Courts for the last three years in the Quilon District; and

(*b*) the number of political workers involved in the above cases?

Answer.

(*a*) 4211 cases.
(*b*) 20 persons.

Anglo-Indians in the Secretariat.

37 [13] **Shri A. A. D. Luiz**: Will the Chief Minister be pleased to state the number of Anglo-Indians now working in the Secretariat at present, their designation and grades of pay?

Answer.

One Stenographer in the scale of Rs. 45-120.

Teaching of Engli h.

38]14] **Shri A. A. D. Luiz**: Will the Minister for Education be pleased to state:

whether the Government has issued orders prohibiting teaching of English in primary and Secondary class and whether institutions could teach English in any class they choose?

Answer.

According to the Course of Studies now followed, English is not taught in primary classes. However, for the benefit of pupils whose Mother tongue is not a regional language and who have to be here for the time being, parallel divisions with English as medium of instruction in primary classes of certain schools (like the Holy Angel's Convent, Trivandrum) have been allowed. In Secondary classes English is Compulsory Second language.

Educational Concessions.

39 (15) **Shri A. A. D. Luiz**: Will the Minister for Education be pleased to state:

whether Muslims and Jews in this State have any educational concessions and the exact nature of such concessions as they are permitted today?

Answer.

Yes. A statement giving the details of the concessions is placed on the table.*

Free or Concessional supply of Timber.

40 (18) **Shri O. C. Ninan**: Will the Minister for Forests be pleased to state:

(*a*) are there applications for free or concessional supply of timber to hospitals pending;

(*b*) how long these applications were pending with the Forest Department; and

(*c*) will the Government be pleased to give the necessary timber for hospitals at an early date.

Answer.

(*a*) Yes.

(*b*) No application is pending with the Forest Department.

(*c*) The timber will be given to the applicants after considering the merits of each application.

കുത്തകപ്പാട്ടം.

൪൧. [൧൯] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ മാടപ്പള്ളി പകുതിയിൽ നിന്നും സർക്കാർ തരിശു സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനു ലഭിക്കാൻ എത്രപേരുടെ അപേക്ഷകൾ കിട്ടി;

(ബി) അവരിൽ ആർക്കെല്ലാം സ്ഥലങ്ങൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സർവ്വേ നമ്പരുകൾ ഏതെല്ലാമാണ്?

ഉത്തരം.

(എ) തരിശുഭൂമിക്ക് അപേക്ഷകൾ കിട്ടിയിട്ടില്ല. എന്നാൽ പുറമ്പോക്കുഭൂമി പാട്ടത്തിനു കിട്ടണമെന്നു കാണിച്ച് നാല് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

---

* Please See Appendix II

(ബി) ടി അപേക്ഷകൾ പരിഗണനയിൽ ഇരിക്കുന്നതേയുള്ളു.

(സി) ൧൧൨൫-ൽ ൪൦, ൧൧൨൬-ൽ ൫൦, ൧൧൨൭-ൽ ൫൦ ആകുന്നു.

ഭൂമിപതിവ്.

൪൨. [൨൦] ശ്രീ. കെ. ജെ. താമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല റിസർവ്വിൽ നിന്നും എത്ര ഏക്കർ സ്ഥലം Game Sanctuary യിൽ പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) അങ്ങനെ ഉദ്ദേശിച്ചിട്ടുള്ള ഭാഗത്തുനിന്നും എത്ര ഏക്കർ സ്ഥലം കുടികൾക്ക് കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചുകൊടുത്തിട്ടുണ്ട്;

(സി) ഈ സ്ഥലം Game Sanctuary യിൽപ്പെടുത്തുമ്പോൾ അവിടെ കൃഷി ചെയ്തുപോരുന്നവർക്ക് വേറെ വനവിഭാഗങ്ങൾ പതിച്ചുകൊടുക്കാമെന്നു ഗവണ്മെൻറിൽനിന്നും വാഗ്ദാനം ചെയ്തിരുന്നോ?

ഉത്തരം.

(എ) മണിമല റിസർവ്വ് എന്ന് ഒരു വനമില്ല. മണിമലറേഞ്ചിലുൾപ്പെട്ട റാന്നി റിസർവ്വിൽ നിന്നും ൯൩ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള സ്ഥലം Game Sanctuary യായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) Game Sanctuary യിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലത്തു നിന്നും ഉദ്ദേശം ൧൨൪൪ ഏക്കർ സ്ഥലം താൽക്കാലിക വ്യവസ്ഥയിൽ കൃഷിക്കായി കൊടുത്തിട്ടുണ്ട്.

(സി) ഇല്ല.

Road to Palavilai Village

43 (21) **Shri R. Ponnappa Nadar**: Will the Minister for Land Revenue be pleased to state:

(*a*) when was the land acquisition proceedings for the opening of an approach road to Palavilai Village from Midalam road in Vilavancode Taluk completed;

(*b*) when was the land handed over to the P. W. D.

(*c*) whether the land tax for the acquired land had been deducted from the Pattah holders; and

(*d*) if not, what action had been taken on it?

Answer.

(*a*) During 1949;

(*b*) On 28-10-1949;

(*c*) No.

(*d*) Urgent instructions have been issued to the Tahsildar, Vilavancode, in the matter by the District Collector, Trivandrum.

Starred Questions Being Unstarred

Shri T. A. Majid: Sir, a point of information.

ഞാൻ അയച്ചിരുന്ന ചോദ്യങ്ങളിൽ ഒരു ചോദ്യം അൺസ്റ്റാർഡ് ആയി ഇടുകയും ആ വിഷയത്തെപ്പററിയുള്ള വേറൊരു
[12 noon] ചോദ്യം സ്റ്റാർഡ് ആയിട്ടു ഇടുകയും ചെയ്തിട്ടുണ്ട്. എന്താണ് ഇതിന്റെ മാനദണ്ഡം എന്ന് അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: The answer to that can be given only after referring to both the questions. If the Member will meet the Speaker in his Chamber, he can get the answer.

Motion on the Address by His Highness the Rajpramukh

Mr. Speaker: We will start the discussion on the address of His Highness the Rajpramukh. I propose to give 15 minutes each to the hon. Members who move their motions, and 5 minutes each to the other hon. Members who take part in the discussion. The Official Member will be given 30 minutes to reply. In view of the importance of the subject, the House will continue to discuss it till 5 o' clock when all the necessary questions will be put.

Shri Cherian J. Kappan: Sir, I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

> "*May it Please Your Highness,*
>
> *We, the Members of the Legislative Assembly, beg leave to thank Your Highness for the Address delivered to this Assembly.*"

സർ, രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടുള്ള ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് രണ്ടുവാക്കു സംസാരിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വരുന്ന ഒരു കൊല്ലക്കാലത്ത് ഗവൺമെന്റ് ഈ രാജ്യത്ത് ചെയ്യുവാൻ പോകുന്ന കാര്യങ്ങളെപ്പററി ഒരു സൂചന നൽകുക എന്നതു മാത്രമേ ഈ പ്രസംഗംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളു. ആ നിലയ്ക്കു വളരെ കാര്യങ്ങൾ ഈ പ്രസംഗത്തിൽ പറഞ്ഞില്ലാ എന്നു പരാതിപ്പെട്ടാൽ അതിൽ അതിശയിക്കാനൊന്നുമില്ല. അങ്ങനെ സമഗ്രമായ ഒരു പ്രതിപാദനം ആ പ്രസംഗത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ല എന്നു മാത്രമായിരിക്കും അപ്രകാരമുള്ള ആക്ഷേപങ്ങൾക്കു മറുപടി. മറെറന്തെങ്കിലും പറയുന്നതിന് മുമ്പായി രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞ ഒരു കാര്യം ആവർത്തിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ. നമ്മുടെ ഗവൺമെന്റിന്റെ സാമ്പത്തികവും

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ.]

ഭരണപരവും മററുമായുള്ള എല്ലാ പ്രവൃത്തനങ്ങളെപ്പററിയും സമഗ്രമായി ചർച്ചചെയ്യുവാനുള്ള ഒരു അവസരം ഈ സഭയ്ക്കു ഉടനടി ലഭിക്കുന്നതാണു്. അങ്ങനെയുള്ള ചർച്ചകളിലെല്ലാം നമ്മുടെ പാരമ്പര്യത്തിനനുയോജ്യമായവിധമുള്ള ഉത്തരവാദിത്വവും, ചുമതലാബോധവും, നിഷ്പക്ഷബുദ്ധിയും എല്ലാ അംഗങ്ങളും പ്രദർശിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു എന്നദ്ദേഹം പറഞ്ഞിട്ടുള്ള സംഗതി ഈ സഭയെ അനുസ്മരിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. അങ്ങനെ നമ്മിൽനിന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വബോധത്തോടും നിഷ്പക്ഷബുദ്ധിയോടുംകൂടി രാജപ്രമുഖന്റെ പ്രസംഗത്തെ നാം സമീപിക്കുന്നപക്ഷം അതിനെപ്പററി വലിയ ആക്ഷേപത്തിനൊന്നും കാര്യമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല.

എന്നാൽ ഏതൊരു ഗവണ്മെന്റിന്റെയും പ്രവൃത്തനങ്ങളെപ്പററിയായാലും ഒരു പ്രതിപക്ഷമുള്ള ഒരു രാജ്യത്തു് വിമർശനം ഉണ്ടാകുക സ്വാഭാവികവും അങ്ങനെ ഉണ്ടാകേണ്ടതു് രാജ്യനന്മയ്ക്കു് ആവശ്യവും ആയനിലയ്ക്കു നിർമ്മാണപരമായ അത്തരം വിമർശനങ്ങളെ സ്വാഗതം ചെയ്യുക തന്നെവേണം. രാജപ്രമുഖന്റെ പ്രസംഗത്തിൽ തിരുമനസ്സുകൊണ്ടു് അവസാനമായി പറഞ്ഞിരിക്കുന്ന ഒരു സംഗതി ആദ്യമായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ സ്വാതന്ത്ര്യസമരത്തിൽപ്പെട്ടു് ഈ രാജ്യത്തെ—തിരുവിതാംകൂർവിഭാഗത്തെ പ്രത്യേകിച്ചും—ജയിലുകളേയും ലാക്കപ്പുകളേയുംപററി അടുത്തറിയുവാൻ ഇടവന്നിട്ടുള്ള ഏതൊരുവനും സഹർഷം സ്വാഗതം ചെയ്യേണ്ട ഒരു പ്രസ്താവനയാണു് ഈ രാജ്യത്തെ ജയിൽഭരണം പരിഷ്കരിക്കുന്നകാര്യം ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നു എന്നുള്ളതു്. ജയിലുകൾ എന്നു പറഞ്ഞിട്ടുള്ളതിൽ, ലാക്കപ്പുകളും ഉൾപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. ഉൾപ്പെടാത്തപക്ഷം ഉൾപ്പെടുത്തണമെന്നു് ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു. സർ, ഈ രാജ്യത്തെ സബ്ജയിലുകളും ലാക്കപ്പുകളും അതു് ലോകത്തിലെ നരകങ്ങളാണെന്നു പറഞ്ഞാൽ അതു് അതിശയോക്തിയല്ലെന്നു് അങ്ങും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പേന്, ക്ലറ, പഴുതാര, എറുമ്പു്, മൂട്ട തുടങ്ങിയ ക്ഷുദ്രജീവികളുടെ വിഹാരരംഗങ്ങളും അനേകം രോഗങ്ങളുടെ കേന്ദ്രസ്ഥാനവും ആയി കഴിഞ്ഞിരുന്ന ഇരുൾ അടഞ്ഞ ഗുഹകളായിരുന്നു അവ. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ജയിൽപുള്ളികളെ കുളിപ്പിക്കണമെന്നുള്ള ചട്ടം ഒരു പ്രാവശ്യംമാത്രമേ കുളിപ്പിക്കാവു എന്നു വ്യാഖ്യാനിച്ച പോലീസുകാരുടെ ഭരണനൈപുണിയുടെ പ്രവൃത്തനരംഗങ്ങളായിരുന്നു അവ. ഇന്നു ഈ സഭയിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മെംബർ ശ്രീമാൻ വിശ്വനാഥൻ അവർകളും ഞാനും ഒരുമിച്ചു് ഈ സഭയുടെ അടുത്തുതന്നെ സ്ഥിതിചെയ്യുന്ന കന്റോൺമെന്റ ലാക്കപ്പിൽ കിടന്നകാര്യം അദ്ദേഹമെങ്കിലും സ്മരിക്കുന്നുണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ജനകീയഭരണം നിലവിൽ വന്നശേഷം അല്പം ചില മാററങ്ങളെല്ലാം വരുത്തീട്ടുണ്ടെങ്കിലും അവ ഇന്നും പൂർണ്ണമായും മനുഷ്യവാസയോഗ്യമായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അവയെ പരിഷ്കരിക്കുവാനുള്ള ഗവണ്മെന്റിന്റെ ശ്രമത്തിനു് ഈ സഭയുടെ എല്ലാ ഭാഗത്തേയും പൂർണ്ണമായ പിൻതുണ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

അടിയന്തരമായി നമ്മുടെ അവഗാഢമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു സംഗതി ഗവണ്മെന്റ് വ്യവസായനയത്തെപ്പററിയുള്ള പ്രസ്താവനയാണ്. ഒരു ചതുരശ്രമൈലിനു ൧൦൫൦ ജനങ്ങൾവരെ നിവസിക്കുന്ന തിരുവിതാംകൂർ-കൊച്ചി പോലെയുള്ള കർഷകപ്രധാനമായ ഒരു രാജ്യത്ത്, ആണ്ടിനാൽ ഒരു ലക്ഷത്തോളം വരുന്ന ജനസംഖ്യവർദ്ധനവുള്ള ഒരു രാജ്യത്ത്, കുറെയൊക്കെ തൊഴിലില്ലായ്മ ഉണ്ടാകുക എന്നുള്ളത് സ്വാഭാവികം മാത്രമാണ്. അതിനുള്ള ഏക പ്രതിവിധി വ്യവസായീകരണം മാത്രവുമാണ്. ഈ വിഷയത്തിൽ നമ്മുടെ ഗവണ്മെന്റിന്റെ നേട്ടങ്ങൾ, നമ്മുടെ സാമ്പത്തികവും മററുമായ കഴിവുകളുടെ പരിമിതിയും, ഈ ഗവണ്മെന്റിനു പ്രവർത്തിക്കുവാൻ കിട്ടിയ കാലത്തിന്റെ ദൈർഘ്യവും കണക്കാക്കിയാൽ, ലോകത്തിലെ മറേറതെങ്കിലും രാജ്യത്തിന്റെ പിന്നിലല്ലെന്നു അഹങ്കാരലേശംകൂടാതെ അഭിമാനിക്കാവുന്നതാണ്. സർ, ആലുവായിൽ ഈയിടെ ആരംഭിച്ച റെയർ എർത്ത് ഫാക്ടറി (Rare Earth Factory) കൊരട്ടിയിൽ ആരംഭിച്ചിട്ടുള്ള ഉണ്ടനൂൽ ഫാക്ടറി തുടങ്ങി അനേകം-തൊഴിലാളികൾക്കു തൊഴിലും രാജ്യത്തിനു സാമ്പത്തികനേട്ടവും വരുത്തുന്ന എത്രയെത്ര വ്യവസായപ്രവർത്തനങ്ങളാണ് സ്വകാര്യവും പൊതുവുമായ രംഗങ്ങളിൽ ജനകീയഭരണം നിലവിൽവന്നശേഷം സമാരംഭിക്കപ്പെട്ടിട്ടുള്ളത് എന്നുള്ളത് കൃതജ്ഞതയോടുകൂടി നാം സ്മരിക്കേണ്ടതാണ്. എന്നാൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ വ്യവസായ പുരോഗതിയ്ക്കു മൂലധനവും തൊഴിലും തമ്മിലുള്ള സഹകരണം അനുപേക്ഷണീയമായ ഒരു ഘടകമാണ്. ഈ അവസരത്തിൽ തൊഴിലില്ലായ്മയെപ്പററി ഏതു സമയവും പരാതിപറയുന്ന ഐക്യമുന്നണിപാർട്ടിയിലെ ഒരു പ്രമുഖ നേതാവായ ശ്രീമാൻ മഞ്ഞായിമാഞ്ജൂരാൻ ഈ വിഷയത്തെപ്പററി ചെയ്തിട്ടുള്ള ഒരു പ്രസ്താവന അനുസ്മരിക്കുന്നത് രസാവഹമായിരിക്കും. തൊഴിലില്ലായ്മയ്ക്കുള്ള ഒരു പ്രധാനകാരണം അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഇപ്രകാരമാണ്. മൂലധനവും തൊഴിലും തമ്മിലുള്ള ബന്ധത്തെപ്പററി അബദ്ധങ്ങൾമാത്രം പഠിച്ചുവച്ചിട്ടുള്ള കമ്മ്യൂണിസ്റ്റുപാർട്ടി ഈ രാജ്യത്തു സംഘടിപ്പിച്ചിട്ടുള്ള പണിമുടക്കുകളുടെ അശാസ്ത്രീയതയിൽനിന്നും, സാമ്രാജ്യത്വത്തിന്റെ അടക്കിപ്പിടുത്തത്തിൽനിന്നും ഉടലെടുത്തിട്ടുള്ളതാണ് ഈ രാജ്യത്തെ തൊഴിലില്ലായ്മ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. എവിടെ നിന്നാണ് ഇതു വായിക്കുന്നത്?

Mr. Speaker: I think the hon. Member is not quoting exactly what Mr. Manhai Majuran has said.

Shri Cherian J. Kappan: I am giving only the substance of what he said. I am not quoting his speech.

ഈ അവസരത്തിൽ ഈ രാജ്യത്തെ തൊഴിലാളി സഹോദരന്മാരോട് ഈ സഭ വഴിയായി ഒരു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയ്ക്കു സഹായിക്കുന്ന ഒരു പ്രധാന ഘടകമായ അവർ രാഷ്ട്രീയ കക്ഷികളുടെ പിണിയാളുകളായിത്തീർന്നു അനാവശ്യമായ പണിമുടക്കുകൾ നടത്തി ഈ രാജ്യത്തെ

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ.]

വ്യവസായങ്ങളെ മന്ദീഭവിപ്പിക്കരുതേ എന്ന് ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. മൂലധനവും തൊഴിലും അഥവാ തൊഴിലാളിയും വ്യവസായിയും തമ്മിൽ അടുത്തകാലത്ത് നിലവിൽ വന്നിട്ടുള്ളതും രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുമായ സഹകരണം തുടർന്നു അനുഭവപ്പെടുന്നപക്ഷം ഈ രാജ്യത്തെ തൊഴിലില്ലായ്മക്കും സാമ്പത്തികവൈഷമ്യങ്ങൾക്കും സാരമായ പരിഹാരം ഉണ്ടാകുമെന്നു ഞാൻ ഉറപ്പുപറയുകയും, വർദ്ധമാനമായി വളർന്നുവരുന്ന ആ സഹകരണത്തിന് ഹാനി വരുത്തുന്ന പ്രവൃത്തനങ്ങളിൽ ഏർപ്പെടുന്നവരെ രാജ്യദ്രോഹികളായി ഒററപ്പെടുത്തുന്നതിൽ ഈ സഭയിലെ എല്ലാ കക്ഷികളും സഹകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

സർ, അടുത്തതായി എനിക്ക് പറയുവാനുള്ളത് കമ്മ്യൂണിററി പ്രാജക്റ്റുകളെപ്പററിയാണ്. കമ്മ്യൂണിററിപ്രാജക്റ്റ എന്നു കേൾക്കുമ്പോൾ ചെങ്കൊടികണ്ട കാളയെപ്പോലെ ബഹളിപിടിക്കുന്ന ഒരു കൂട്ടർ ഈ രാജ്യത്തുണ്ട്. (ചിരി) അമേരിക്കക്കാർ ഈ കാര്യത്തിൽ ചില ധനസഹായങ്ങളും, വിദഗ്ദ്ധോപദേശവും നൽകുന്നുണ്ടെന്നുള്ളതാണ് ഇക്കൂട്ടരുടെ ആക്ഷേപത്തിന്റെ അടിസ്ഥാനം. സർ, അവരിൽ സത്യത്തിന്റെ കണികയുണ്ടെങ്കിൽ അവരോട് ഞാൻ ചോദിക്കുന്നു സോവിയററ റഷ്യയിൽ കമ്മ്യൂണിസ്ററ ഭരണം നിലവിൽവന്നതിനുശേഷം അമേരിക്കയിൽനിന്ന് റഷ്യ എത്രകോടി റൂബിൾസിന്റെ സാമാനങ്ങളാണ് കടം വാങ്ങിയതെന്നു അവർ ഒന്നു പറയാമോ എന്ന്. ഒരു വിദേശശക്തി ഒന്നര നൂററാണ്ടുകാലമായി നടത്തിയ ചൂഷണത്തിന്റെ ഫലമായി, നിരാധാരരായി, പട്ടിണിപാവങ്ങളായി ഭവിച്ച മൂകലക്ഷങ്ങളുടെ ഉന്നമനത്തിനുവേണ്ടി അമേരിക്കയുടെ എന്നല്ല ആരുടെ സഹായം പററിയാൽ എന്താണ് തെററെന്ന് ഞാൻ അവരോടു ചോദിക്കുന്നു. അതുപോകട്ടെ. കമ്മ്യൂണിററി പ്രാജക്റ്റുകളെ സംബന്ധിച്ച് ഒരു നിർദ്ദേശം ഗവണ്മെൻറിനു കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഇതിനകം രണ്ടു കമ്മ്യൂണിററി പ്രാജക്റ്റുകൾ ഇവിടെ ആരംഭിച്ച് പ്രവൃത്തനം തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ ഒരെണ്ണം നീണ്ടകര ആരംഭിക്കുവാൻ തീരുമാനിച്ചതായും അറിയുന്നു. സർ, കമ്മ്യൂണിററിപ്രാജക്റ്റിൽ കൃഷിവികസനത്തിന് പ്രത്യേകം സ്ഥാനം നൽകിയിരിക്കുന്നതായി പ്രസ്താവിച്ചു കേൾക്കുന്നുണ്ട്. അങ്ങനെയെങ്കിൽ എല്ലാവിധ കാർഷികവിഭവങ്ങളും ഉൽപ്പാദിപ്പിക്കുന്നതും, ബ്ലാക്കഗോൾഡ് എന്നറിയപ്പെടുന്നതും ഇൻഡ്യയ്ക്കു അനേകലക്ഷം ഡാളർ നേടിക്കൊടുക്കുന്നതുമായ കുരുമുളകിന്റെ ഉൽപ്പാദനകേന്ദ്രവുമായ മീനച്ചിൽ, തൊടുപുഴ മുതലായ മലനാടൻ പ്രദേശങ്ങൾ കമ്മ്യൂണിററിപ്രാജക്റ്റുകളുടെ പ്രവൃത്തന രംഗങ്ങളാക്കുവാൻ വിട്ടുപോയത് രാജ്യനന്മയിലുള്ള ആകാംക്ഷക്കുറവുകൊണ്ടല്ലേ എന്നു ഞാൻ സംശയിക്കുന്നു. സർ, മീനച്ചിൽ, തൊടുപുഴ ഈ താലൂക്കുകളിൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയാത്ത കാർഷികവിഭവങ്ങൾ ഇൻഡ്യയിൽ പ്രത്യേകിച്ചും, ലോകത്തിൽ പൊതുവേയും ചുരുക്കമെന്നാണ് എനിക്കു തോന്നുന്നത്. കൃഷിയിൽ അതീവ താൽപ്പര്യം പ്രകടിപ്പിക്കുന്നവരും, സോയിൽകൺസർവേഷൻ (Soil Conservation) മുതലായ കാര്യങ്ങളിൽ വമ്പിച്ച പരിചയസമ്പത്തുള്ള

വരും, നവം നവങ്ങളായ കൃഷി സംപ്രദായങ്ങൾ ഗ്രഹിച്ച് നടപ്പിൽ വരുത്തുവാൻ ഉത്സാഹമുള്ളവരുമായ കർഷകരും അവിടെയാണ് ഉള്ളത്. അങ്ങനെയുള്ള സ്ഥലത്ത് നവീനങ്ങളായ കൃഷിസംപ്രദായങ്ങൾ കാണിച്ചുകൊടുക്കുന്ന വികസനകേന്ദ്രങ്ങൾ ഉണ്ടാകുന്നതാണ് രാജ്യശ്രേയസ്സിന് നിദാനമെന്ന് രാജ്യസ്നേഹികളായ ഏവരും സമ്മതിക്കുമെന്നു എനിക്കു ബോദ്ധ്യമുണ്ട്. അതിനാൽ ഇനി ആരംഭിക്കുവാൻ പോകുന്ന കമ്മ്യൂണിററി പ്രാജക്റ്റുകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ പോകുമ്പോഴെങ്കിലും ഈ മീനച്ചിൽ, തൊടുപുഴ മുതലായ സ്ഥലങ്ങളുടെ കാര്യം വിസ്മരിച്ചുകളയരുതെന്ന് ഗവണ്മെൻറിനെ ഞാൻ ശക്തിയായി ഉൽബോധിപ്പിക്കുന്നു.

ഈ രാജ്യത്തു ഒരിഞ്ചു റെയിൽവേ പോലും നീട്ടുന്നതല്ലെന്നുള്ള സർ സി. പി. രാമസ്വാമി അയ്യരുടെ ദുശ്ശാഠ്യത്തിൻെറ ഫലമായി ഗതാഗതവിഷയത്തിൽ ഈ രാജ്യത്തിനുണ്ടായ വൈഷമ്യങ്ങൾ പരിഹരിക്കത്തക്കവണ്ണം എറണാകുളവും കൊല്ലവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ പണി ആരംഭിച്ചിരിക്കുന്നതു വമ്പിച്ച ഒരു നേട്ടമാണെന്നു നിഷ്പക്ഷബുദ്ധികൾ തുറന്നു സമ്മതിക്കും. എന്നാൽ ഈ അവസരത്തിൽ ഒരു സംഗതികൂടി ഗവണ്മെൻറിനെ ഞാൻ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള റെയിൽവേ തുടങ്ങുന്നതു പ്രധാനമായും നമ്മുടെ കാർഷികവിഭവങ്ങൾ സൌകര്യമായി കടത്തിക്കൊണ്ടുപോകുന്നതിനും അവകൾക്കു നല്ല വില കിട്ടുന്നതിനും വേണ്ടിയാണ്. ഇന്നു ആസൂത്രണം ചെയ്തിരിക്കുന്ന രീതിയിൽ മാത്രം റെയിൽവെ പോകുന്ന പക്ഷം നമ്മുടെ കാർഷികോൽപ്പന്നങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമുള്ളിടത്തോളം സൌകര്യം ഉണ്ടാകയില്ലെന്നാണ് എനിക്കു ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്. അതുകൊണ്ടു ഏററുമാനൂർ, മീനച്ചിൽ മുതലായ സ്ഥലങ്ങൾ കടന്ന് പീരുമേടുവരെ എത്തുന്നതിനു ഒരു റെയിൽവെയുംകൂടി തുറക്കുന്നതിനു ആവശ്യമായ നടപടികൾ ഗവണ്മെൻറ സ്വീകരിക്കേണ്ടതു വളരെ ആവശ്യമാണെന്നു ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

ഭക്ഷ്യവിഷയത്തിലും സാരമായ പുരോഗതി രാജ്യത്തുണ്ടായിട്ടുണ്ടെന്നു നിഷ്പക്ഷമതികൾ സമ്മതിക്കുമെന്നു എനിക്കു ബോദ്ധ്യമുണ്ട്. രാജ്യത്തെവിടെയും സ്വതന്ത്രമായി ഭക്ഷ്യധാന്യങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിന് അനുവദിച്ചുകൊണ്ടു ഗവണ്മെൻറിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചശേഷം രാജ്യത്തെവിടെയും നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സുലഭമായി കിട്ടുന്നുണ്ട്. ഇങ്ങനെ ഭക്ഷ്യധാന്യങ്ങൾ സുലഭമായി കിട്ടണമെങ്കിൽ പുറത്തുനിന്നു കിട്ടുന്നതു കഴിച്ച് ബാക്കി നമുക്ക് ആവശ്യമുള്ളതു് ഈ രാജ്യത്തു ഉൽപ്പാദിപ്പിക്കുന്നതാണെന്നു കാണുന്നതിനു പ്രയാസമില്ല. ആ നിലയിൽ നോക്കുമ്പോൾ ജനകീയഗവണ്മെൻറ നിലവിൽ വന്നതിനുശേഷം ഭക്ഷ്യവിഷയത്തിൽ സാരമായി പുരോഗതി ഉണ്ടായിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതു ഏവരും സമ്മതിച്ചേ കഴിയൂ.

സർ, എൻെറ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് ഈ രാജ്യത്തെ പഞ്ചവത്സരപദ്ധതിയെപ്പററി ഒരുവാക്കു പറയാതിരിക്കുന്നതു ഒരു കൃത്യവിലോപമായിരിക്കുമെന്നു ഞാൻ കരുതുന്നു. ഈ രാജ്യം സമാ

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ.]

ധാനമായി പുരോഗമിക്കണമെന്നു ആഗ്രഹിക്കുന്ന ഏവരും ആ പദ്ധതിയെ സ്വാഗതം ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ആ പദ്ധതി ഇവിടെയുള്ള എല്ലാ പാർട്ടിക്കാരുടേയും മുമ്പിൽ വയ്ക്കുകയും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതി സംബന്ധിച്ച് എതിർ പക്ഷങ്ങൾക്ക് കാര്യമായ ആക്ഷേപമില്ലെന്നുള്ളതു് ഒരു വസ്തുതയാണ്. ആ പദ്ധതിയിൽ ഭൂനയം സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ള നിലക്ക് ആ പദ്ധതി നടപ്പിൽ വരുത്തിയിരിക്കുന്ന ഈ രാജ്യത്തു് ഭൂനയം സംബന്ധിച്ച് പ്രത്യേകം ഒരു പ്രഖ്യാപനത്തിന്റെ ആവശ്യമില്ല. ഈ വിഷയം സംബന്ധിച്ച് അടുത്തുതന്നെ ഒരു നിയമമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതിന് മതിയായ കാരണമുണ്ട്. അതിലേക്കുള്ള നടപടികൾ ഗവണ്മെന്റ് എടുത്തു വരുന്നുവെന്നുള്ളതിന് ഉറപ്പുനൽകാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് ഒന്നുകൂടി നന്ദി പ്രദർശിപ്പിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. കാപ്പൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് വളരെ കാര്യപ്രസക്തമായ ഒരു പ്രസംഗമാണ് ഇവിടെ ചെയ്തിട്ടുള്ളതു്. ആ പ്രസംഗം നടന്നുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു ചലച്ചിത്രം കാണുന്നതുപോലെ കഴിഞ്ഞ കാലസംഭവങ്ങൾ എന്റെ മനസ്സിൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. ജന്മംകൊണ്ടു് ഈ രാജ്യത്തെ ഭരണാധിപനായും, മഹാരാജാവായും ജീവിച്ച അദ്ദേഹം ഇന്നു ഈ രാജ്യത്തെ പ്രഥമപൗരനായും ജനാധിപത്യത്തിന്റെ സൂക്ഷിപ്പുകാരനായും പരിവർത്തനം ചെയ്തിരിക്കുന്ന ഒരു വ്യവസ്ഥയാണ് എനിക്കു് കാണാൻ കഴിഞ്ഞതു്. മഹത്തായ ഈ സംഭവവികാസം വെറുപ്പിന്റെയോ, വിദ്വേഷത്തിന്റെയോ, ഭീഷണിയുടെയോ പ്രേരണകൊണ്ടു ഉണ്ടായിട്ടുള്ളതല്ല. മഹത്തായ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് ഇൻഡ്യയിൽ വരുത്തിയ സംഭവപരമ്പരകളുടെയും രാജ്യശ്രേയസിന്റെയും നേരെ ത്യാഗസമ്പൂർണ്ണമായ ഒരു സേവനം നടത്തേണ്ടതു് അവശ്യമാണെന്നുള്ള ഒരു പ്രചോദനമാണ് ഈ സംഭവവിശേഷണത്തിന് കാരണമെന്നു ഞാൻ വിശ്വസിക്കുന്നു. രാജപ്രമുഖൻ തിരുമേനി ഇവിടെ ചെയ്ത പ്രസംഗം ഈ രാജ്യത്തു് അടുത്തവർഷം നടക്കാൻപോകുന്ന ഐശ്വര്യസമ്പൂർണ്ണമായ പ്രവർത്തനത്തിന്റെ ഒരു സംക്ഷിപ്തമായ ഒരു വിവരണം മാത്രമാണ്. പഞ്ചവത്സരപദ്ധതിമൂലവും മററും ഈ നാട്ടിൽ കാൺഗ്രസ്സ് ഗവണ്മെന്റ് സാധിക്കാൻപോകുന്ന വസ്തുതകൾ ഈ നാട്ടിലെ പൗരാവലിക്ക് നല്ലവണ്ണം അറിയാം. അതിനെ ചർവിതചർവണം ചെയ്യേണ്ട ആവശ്യമില്ലെന്ന ധാരണയിൽ അതിനെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ഒരു പ്രസംഗമാണ് അദ്ദേഹം ഇവിടെ നടത്തിയിട്ടുള്ളതു്. എനിക്കു് ഈ അവസരത്തിൽ ഒരു സംഗതിയാണ് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു്. നാം ജീവിക്കുന്ന ഈ രാജ്യത്തു് ൯൨ ലക്ഷത്തോളം ജനങ്ങൾക്കു് അവരവർ അർഹിക്കുന്ന സൗകര്യങ്ങളും സന്ദർഭങ്ങളും നൽകി രാജ്യശ്രേയസ്സും രാജ്യശക്തിയും വളർത്തുകയെന്നുള്ളതാണ് കരണീയമെങ്കിൽ അതിനനിദാനമായ പ്രവർത്തനങ്ങളാണ് ഈ ഗവണ്മെന്റ് അനസ്യൂതം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഈ നാട്ടുകാർക്ക് എല്ലാവർക്കും അറിയാമെന്നുള്ളതാണ്.

സർ, നാമെല്ലാം ൧൧൨൨-ാംമാണ്ടുവരെ ഈ രാജ്യത്തെ മഹാരാജാവിന്റെ പരമാധികാരത്തിൻ കീഴിലുള്ള ഉത്തരവാദഭരണത്തിനാണ് അഭിലഷിച്ചിരുന്നത്. ഇന്ന് അവിടമെല്ലാം നീങ്ങി മഹാരാജാവു തിരുമനസ്സ് എന്നുള്ള പദം രാജപ്രമുഖനായി പരിവർത്തനം ചെയ്യുകയും അവിടത്തെ എല്ലാ ശക്തിയും ജനഹസ്തങ്ങളിൽ വന്നുചേരുകയും ചെയ്തിരിക്കുകയാണ്. രാജപ്രമുഖൻ തിരുമനസ്സിനെപ്പോലെതന്നെ ഈ രാജ്യത്തിലെ ഓരോ പൗരനും രാജ്യപുരോഗതിക്കുവേണ്ട കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതു് ആവശ്യമാണ്. ആ ചുമതല ഓരോരുത്തരിലും നിക്ഷിപ്തമായിട്ടുമുണ്ട്. ആ നിലയിൽ ഗവണ്മെന്റിന്റെ ഹസ്തങ്ങൾ ശക്തിപ്പെടുത്തി ഗവണ്മെന്റ് വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ച് ഭാവി തലമുറകൾക്ക് സൗകര്യമായി തീരത്തക്കവണ്ണം പ്രവർത്തിക്കേണ്ടതു് നമ്മുടെ ഏവരുടെയും കടമയാണ്.

ഞാൻ ഈ രാജ്യത്തെ തീണ്ടാജാതിയിൽപ്പെട്ട ഒരുവനായതുകൊണ്ട് രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെപ്പററി സ്മരിക്കുമ്പോൾ ആ വക കാര്യങ്ങളെപ്പററി സൂചിപ്പിക്കാതെയിരിക്കുന്നതു് ഒരു കർത്തവ്യവിലോപമായി വിചാരിക്കുന്നു. ഈ നാട്ടിലെ ഒരു വിഭാഗം ജനത വളരെക്കാലമായി ക്ലേശങ്ങളും കഷ്ടങ്ങളും അനുഭവിച്ചുവന്നിട്ടുള്ളവരാണ്. അവരെ പട്ടികജാതിക്കാരെന്നു പറയും. കാൺഗ്രസ്സുഗവണ്മെന്റ് വന്നതിനുശേഷം ആ ഗവണ്മെന്റിന്റെ തണലിൽ അവർ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നുള്ളതു് ഒന്നു പരിശോധിച്ചുനോക്കിയാൽ വ്യക്തമായി കാണാൻ കഴിയും. പൗരാവകാശം നിഷേധിച്ചിരുന്ന ഈ രാജ്യത്തു് ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിന്റെ സേവനത്തിന്റെ ഫലമായി ഇപ്പോൾ ഏകദേശം അൻപതിനായിരത്തോളം പട്ടികജാതിക്കുട്ടികൾ ഗവണ്മെന്റിന്റെ സൗജന്യം അനുഭവിച്ചുകൊണ്ട് പ്രൈമറി സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഗവണ്മെന്റിന്റെ സമ്പൂർണ്ണസഹായത്തോടുകൂടി ഇന്നു് പതിനോരായിരത്തോളം പട്ടികജാതി വിദ്യാർത്ഥികൾ ഇംഗ്ലീഷുസ്കൂളുകളിൽ പഠിക്കുന്നുണ്ട്. അതുപോലെതന്നെ പ്രതിവർഷം ആയിരത്തോളം രൂപാവീതം ചെലവുചെയ്ത് ഏകദേശം ൧൦൦൦ ത്തോളം വിദ്യാർത്ഥികളെ കാളേജു വിദ്യാഭ്യാസത്തിനും അയച്ചുവരുന്നുണ്ട്. കഴിഞ്ഞ അഞ്ചു കൊല്ലങ്ങൾക്കുമുമ്പു ഇന്നാട്ടിലെ ഹരിജനവിദ്യാർത്ഥികൾക്ക് ഉണ്ടായിരുന്ന സഹായധനവും ഇപ്പോൾ കിട്ടിവരുന്ന സഹായധനവും തമ്മിൽ തട്ടിച്ചുനോക്കിയാൽ മുമ്പുണ്ടായിരുന്നതിനെക്കാൾ വളരെയധികം സൗജന്യങ്ങൾ ഇപ്പോൾ ലഭിച്ചുവരുന്നുണ്ടെന്നു നന്ദിപൂർവ്വം പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് സമ്പൂർണ്ണമായി എന്നു ഞാൻ വിശ്വസിക്കുന്നില്ല. ഉപര്യുപരി സൗജന്യങ്ങളും സഹായങ്ങളും പട്ടികജാതിക്കാർക്ക് അനുവദിച്ചു കിട്ടുന്നില്ലെങ്കിൽ നിയമമനുശാസിക്കുന്ന എട്ടുകൊല്ലംകൊണ്ട് അനേകായിരം വർഷംകൊണ്ട് അധഃപതനത്തിൽ ആണ്ടുപോയ സമുദായം മററ സമുദായങ്ങളോടൊപ്പം എത്താൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭരണഘടനയിൽ വിവക്ഷിച്ചിരിക്കുന്ന എല്ലാ സംഗതികളും അതർഹിക്കുന്ന കാര്യക്ഷമതയോടുകൂടി ഗവണ്മെന്റ് നിർവഹിച്ചെങ്കിൽ മാത്രമെ ഉദ്ദേശിച്ചിരിക്കുന്ന കാലത്തിനുള്ളിൽ ഈ സമുദായങ്ങൾ അൽപമെങ്കിലും മെച്ചമായ നിലയിൽ പ്രവേശിക്കുകയുള്ളു. അങ്ങനെയൊരു മനഃസ്ഥിതി ഉണ്ടാകണമെന്നു

[ശ്രീ. പി. കെ. രാമചന്ദ്രദാസ്]

എനിക്ക് അപേക്ഷയുണ്ട്. ഈ രാജ്യത്തെ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം രാജപ്രമുഖൻ തിരുമനസ്സ് അവരുടെ ഭാവിതലമുറകൾ എന്നെന്നും സ്മരിക്കത്തക്കവണ്ണം വിപ്ലവാത്മകമായ സംഭവവികാസങ്ങളാണ് ക്ഷേത്രപ്രവേശന വിളംബരംമൂലം പ്രദാനം ചെയ്തിട്ടുള്ളതു്.

മഹാകവി കുമാരനാശാൻ പറഞ്ഞതുപോലെ പട്ടിയ്ക്കും, പൂച്ചയ്ക്കും, പ്രവേശിക്കുവാൻ സൗകര്യമുണ്ടായിരുന്ന ചന്തസ്ഥലങ്ങളിലും ഇവിടത്തെ പട്ടികജാതിക്കാർക്കു പ്രവേശനമില്ലായിരുന്നു. റോഡുകളിലും സ്കൂളുകളിലും അമ്പലങ്ങളിലും ഇവിടത്തെ ഒരു വിഭാഗം പൗരന്മാർക്കും പട്ടികജാതിക്കാർക്കും സ്വാതന്ത്ര്യമില്ലായിരുന്നു. അങ്ങനെയുള്ള ആളുകൾക്ക് സ്കൂളുകളിൽ പ്രവേശിക്കുവാനും അമ്പലത്തിൽ പ്രവേശിച്ച് ഈശ്വരാരാധന നടത്തുവാനും ഉള്ള സ്വാതന്ത്ര്യവും സൗകര്യവും അനുവദിച്ചതു ഏററവും മഹത്തും വിപ്ലവാത്മകവും ആയ ഒരു പരിവർത്തനമാണെന്നുള്ളതിനു തർക്കമില്ല. അതു് നിസ്സാരമാണെന്നു തള്ളിക്കളയാവുന്നതുമല്ല. മറെറാരു കാര്യം പരിപൂർണ്ണമായ ജനാധിപത്യഭരണസമ്പ്രദായം ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്. ഈ രണ്ടു കാര്യങ്ങളും നടപ്പിൽ വരുത്തിയതു ഏതൊരു പ്രചോദനത്തിൽ നിന്നുണ്ടായതാണെന്നാലോചിക്കുമ്പോൾ ആണ് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ പ്രവർത്തനമാഹാത്മ്യവും സേവനത്തിന്റെ ഔൽകൃഷ്ട്യവും വെളിവാകുന്നതു്. ഇവിടത്തെ ഉൽപ്പതിഷ്ണുക്കൾ എന്നും പരിഷ്കർത്താക്കൾ എന്നും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്ററുകാർപോലും മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ ഉത്തരവാദിത്വഭരണമാണ് ആവശ്യപ്പെട്ടുകൊണ്ടിരുന്നതു്. എന്നാൽ ഇപ്പോഴാകട്ടെ, രാജ്യം നമ്മുടേതു, രാജ്യം ഭരിക്കുന്നതു നാം, ഭരിപ്പിക്കുന്നതു നാം എന്ന നില നമുക്കു വന്നിരിക്കുന്നു. ഈ നില നമുക്കു ലഭിച്ചതിൽ ഏതൊരു ഭാരതീയനും അഭിമാനം കൊള്ളുമെന്നാണെന്റെ വിശ്വാസം. മഹാത്മാഗാന്ധിയുടെ ത്യാഗസംപൂർണ്ണമായ സേവനത്തിന്റെ ഫലമായി, വൈരാഗ്യമനോഭാവം അശേഷം ഇല്ലാതെ സത്യത്തിന്റെയും, ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും, സൗഹാർദ്ദത്തിന്റെയും പേരിൽ നമുക്കു കാഴ്ചവച്ചിരിക്കുന്ന ഏററവും വലിയ ഒരനുഗ്രഹമാണ് ഈ സ്വാതന്ത്ര്യസമ്പാദനം. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ അനവധികാലത്തെ ശ്രമംകൊണ്ടാണ് നമുക്കതു് കൈവന്നിരിക്കുന്നതു്.

അടുത്ത ൫ കൊല്ലക്കാലത്തേയ്ക്കു് ഗവണ്മെന്റു ചെയ്യാൻപോകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമൊക്കെയാണെന്നു രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഈ നാട്ടിലെ അനേകായിരം ജനങ്ങൾ ദുരിതത്തിലും കഷ്ടതയിലും കിടന്നു സങ്കടം അനുഭവിക്കുന്നുണ്ടെന്നു ഗവണ്മെന്റു മനസ്സിലാക്കുകയും തന്നിവാരണാർത്ഥം വേണ്ട നടപടികൾ നടത്തുവാൻ ൫ കൊല്ലത്തെ ഒരു കാര്യപരിപാടി ഗവണ്മെന്റു ആസൂത്രണം ചെയ്യുകയും കുറെ പ്രാരംഭനടപടികൾ ഇപ്പോൾതന്നെ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ൫ വർഷകാലംകൊണ്ടു് ഗവണ്മെന്റിന്റെ ഈദൃശ ചെയ്തികൾ പരിപൂർണ്ണവിജയത്തിൽ എത്തുമെന്നു നമുക്കു വിശ്വസിക്കാം. അതിനുള്ള വിജയപൂർണ്ണമായ അനുഭവസത്യങ്ങൾ നാം കണ്ടു തുടങ്ങിയിരിക്കുന്നു. കാൺഗ്രസ്സ് ഗവണ്മെന്റിന്റെ ഇതുവരെയുള്ള നേട്ടങ്ങൾ ഈ

അവസരത്തിൽ ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നതോടുകൂടി അസമത്വ സമുദായങ്ങൾക്ക അടിയന്തിരമായി നീങ്ങിക്കിട്ടേണ്ട അവശതകളുടെ നിവാരണത്തിനായി ഗവണ്മെൻറിൻെറ സത്വരശ്രദ്ധ പതിയണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

ശ്രീ. ടി. വി. തോമസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിനു താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Add at the end the words:

"but regret that His Highness' Goverment have taken, no effective steps to arrest the all round deterioration in the economic condition and the living standards of the people, to protect the interests of the workers, peasants and other common people and generally to promote the interests of the State."

സർ, കഴിഞ്ഞ പ്രാവശ്യം ഈ സെഷൻെറ ആരംഭത്തിൽ ഈ സഭയിൽ രാജപ്രമുഖൻ ചെയ്ത പ്രസംഗം, അതിനുശേഷം അതിനെ വിശദീകരിക്കുന്നതിനു ഉദ്ദേശിച്ചുകൊണ്ടും ഈ ഗവണ ചെയ്ത പ്രസംഗത്തെ പരാമർശിച്ചും ശ്രീ. ചെറിയാൻ കാപ്പൻ ചെയ്ത പ്രസംഗം, ഇതെല്ലാം ഞാൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആകെ കൂടി എന്നിൽ ഉണ്ടാക്കിയിരിക്കുന്ന വികാരം, സർ, ക്ഷമിക്കണം, വെറും നിരാശമാത്രമാണ്. ഞങ്ങൾ ഗവണ്മെൻറ ചെയ്തികളെപ്പററി വിമർശിക്കുമ്പോൾ നിരാശയും ബിററർനസ്സും ഒക്കെ ഉണ്ടാകുന്നതു സ്വാഭാവികം മാത്രമാണ്. കാരണം, ഈ നാടിനും നാട്ടുകാർക്കും ഒരു നല്ലകാലം പ്രതീക്ഷിച്ചിരുന്ന ഞങ്ങൾക്ക് അതില്ലെന്നു കാണുമ്പോൾ നിരാശയും, അവശ്യമെന്നുകണ്ടാൽ ബിററർനസ്സും ഉണ്ടാകും. അതു പ്രകടിപ്പിക്കുന്ന സന്ദർഭത്തിൽ, ചെങ്കൊടി കണ്ടു വിരളുന്ന കാളകളെപ്പോലെ, അമർഷം പ്രകടിപ്പിക്കുന്നതു ശരിയല്ല. പ്രതിപക്ഷത്തുനിന്നും വിമർശനം ഉണ്ടാകുമ്പോൾ, കാൺഗ്രസ്സ് അധികാരത്തിലിരിക്കുന്ന പാർട്ടി, വിരളുന്നതു സ്വാഭാവികമാണ്. ജനകീയ താൽപ്പര്യങ്ങൾ മനസ്സിലാക്കി ജനക്ഷേമത്തിനുപകരിക്കുന്ന പരിപാടികളാകട്ടെ, പ്രവൃത്തനങ്ങളാകട്ടെ ഇല്ലാത്ത അധികാരകക്ഷികൾക്ക് ഈ മാതിരി വിമർശനങ്ങൾ കേൾക്കുമ്പോൾ അമർഷം ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല.

സർ, വെറും കൗതുകത്തിനുവേണ്ടി, ഞാനിന്നലെ, രാജപ്രമുഖൻ ഇവിടെ കഴിഞ്ഞ പ്രാവശ്യം ചെയ്ത പ്രസംഗം വായിക്കുകയുണ്ടായി. ഈ രണ്ടു പ്രസംഗങ്ങളും ഒന്നു താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ വളരെ രസാവഹമായ ഒരു കാര്യം വെളിപ്പെടുന്നതാണ്. കഴിഞ്ഞ പ്രാവശ്യത്തിലെ പ്രസംഗത്തിൽ എന്തെങ്കിലും വ്യത്യസ്തമായ വസ്തുത അതിൽ ചേർത്തിട്ടുണ്ടോ എന്നു അന്വേഷിച്ചു നോക്കേണ്ടതാണ്. വാക്കിനു വാക്ക് അതിൽ ഇല്ലായിരിക്കാം. എന്നാൽ സാരാംശത്തിൽ കഴിഞ്ഞ പ്രാവശ്യം രാജപ്രമുഖൻ ഇവിടെ ചെയ്ത പ്രഖ്യാപനങ്ങൾ എല്ലാം ആവർത്തിച്ചു വീണ്ടും ചെയ്തിരിക്കുകയാണ്. ഒരു പക്ഷെ, ഒരു ചടങ്ങെന്ന നിലയിൽ രാജപ്രമുഖൻ ഈ കൃത്യം നിർവഹിക്കുകയായിരുന്നോ, അതോ, കഴിഞ്ഞ പ്രാവശ്യം രാജപ്രമുഖൻ ചെയ്ത പ്രഖ്യാപന

[ശ്രീ. ടി. വി. തോമസ്.]

ങ്ങൾ യാതൊന്നും നിറവേററിട്ടില്ലാത്തതുകൊണ്ട് വീണ്ടും അതേ പ്രഖ്യാപനങ്ങൾ ആവർത്തിക്കുകയായിരുന്നോ, ഏതാണെന്നു നിശ്ചയമില്ല. ഒരു പക്ഷെ, കാൺഗ്രസ് ഗവൺമെൻറിൻെറ പേരിൽ രാജപ്രമുഖൻ ഒരു താക്കീതു തന്നെ നൽകുക ആവാം ഈ പ്രസംഗംകൊണ്ടു ചെയ്തിരിക്കുന്നതു്. കഴിഞ്ഞ പ്രാവശ്യം ചെയ്ത പ്രസംഗംതന്നെ ഇത്തവണയും ആവർത്തിച്ചിരിക്കുന്ന സ്ഥിതിക്കു തീർച്ചയായും കഴിഞ്ഞ പ്രാവശ്യം ചെയ്ത നയപ്രഖ്യാപനം നടപ്പിൽ വരുത്താത്തതിൽ കാൺഗ്രസ് ഗവൺമെൻറിനോട് രാജപ്രമുഖൻ ചെയ്ത ഒരു താക്കീതോ, അല്ലാത്തപക്ഷം ഗവൺമെൻറിൻെറ പേരിൽ കൊണ്ടുവന്ന ഒരു അവിശ്വാസപ്രമേയമോ, ആണെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നതു്.

സർ, രാജപ്രമുഖൻ ചെയ്ത പ്രസംഗം, വരുന്ന വർഷം ഈ കാൺഗ്രസ്സ് ഗവൺമെൻറു ചെയ്യാൻ പോകുന്ന കാര്യങ്ങളെപ്പററി ഉള്ള ഒരു സൂചനയായി കണക്കാക്കിയാൽ മാത്രം മതി എന്നും ആ സ്ഥിതിക്ക് വളരെ അധികം കാര്യങ്ങൾ അതിൽനിന്നും വിട്ടുപോകാനിടയുണ്ടെന്നും അതുകൊണ്ട് വിമർശനങ്ങൾ നടക്കുന്ന സന്ദർഭത്തിൽ ഇതെല്ലാം പരിഗണിക്കണമെന്നും ശ്രീ. ചെറിയാൻ കാപ്പൻ നിർദ്ദേശിക്കുകയുണ്ടായി. രാജപ്രമുഖൻ ചെയ്ത പ്രസംഗം, അടുത്ത ആണ്ടിൽ കാൺഗ്രസ്സ് സർക്കാർ ചെയ്യാൻ പോകുന്ന കാര്യങ്ങളെപ്പററിയുള്ള സൂചനയായി കണക്കാക്കുന്നതിനു പകരം അവർ ചെയ്യാൻ ഇടയില്ലെന്നുള്ള കാര്യങ്ങളെപ്പററിയുള്ള സൂചനയാക്കി കണക്കാക്കുന്നതായിരിക്കും നല്ലതെന്നാണെൻെറ അഭിപ്രായം. രാജപ്രമുഖൻ ചെയ്യുന്ന ഒരു പ്രസംഗത്തിൽ നാട്ടുകാരേയും നാടിനേയും ദുരിതത്തിലേക്കു കൊണ്ടുവന്നിരിക്കുന്ന അടിയന്തിരപ്രശ്നങ്ങളെ സംബന്ധിച്ച് അധികാരത്തിലിരിക്കുന്ന സർക്കാർ എന്തുചെയ്യുമെന്നു വ്യക്തമായ ഭാഷയിൽ യാതൊരു സൂചനയും തരുന്നില്ലെങ്കിൽ ആ പ്രസംഗംകൊണ്ട് പിന്നെ എന്താണു ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഇന്നു നാട്ടിനെയും നാട്ടുകാരേയും ദുരിതത്തിലേക്ക് കൊണ്ടുവന്നിരിക്കുന്ന അടിയന്തിരമായ പ്രശ്നങ്ങൾ എന്തെല്ലാമാണ്? തൊഴിലും, ഭക്ഷണവും, കാർഷികരംഗത്തിലുള്ള പരിഷ്കരണവും; ഇവ മൂന്നും ആണെന്നാണ് ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം. അതെപ്പററി യാതൊരു തർക്കത്തിനും അവകാശമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

നാട്ടിലെ തൊഴിലിൻെറ സ്ഥിതിയെപ്പററി അനുഭവത്തിൽനിന്നു ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ ഈ സഭ മുമ്പാകെ അവതരിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുകയാണ്. തൊഴിലില്ലായ്മ ഇരമ്പികയറിക്കൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മയെപ്പററിയും വ്യവസായത്തിൻെറ അധഃപതനത്തെ സംബന്ധിച്ചും സഖാവ് മത്തായിമാഞ്ഞൂരാൻ കേന്ദ്രസഭയിൽചെയ്ത പ്രസ്താവനയെ സൂചിപ്പിച്ചുകൊണ്ട് ശ്രീ. ചെറിയാൻ കാപ്പൻ സംസാരിക്കുകയുണ്ടായി. സർ, ഏററവും പരിതാപകരമായ ഒരു വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രശ്നങ്ങളെ അതേപടി നേരിട്ട് അതിനു പരിഹാരം കാണുവാൻ തയാറാകാതെ വാക്കുകളുടെ കസർത്തുകൊണ്ട് വാദപ്രതിവാദത്തിൽ ജയിക്കുവാൻ ശ്രമിക്കുന്നതു ശരിയല്ലെന്നു മനസ്സിലാക്കേണ്ടതാണ്. സഖാവ് മത്തായി മാഞ്ഞൂരാൻ ചെയ്ത പ്രസംഗം എടുത്തുവച്ച് തൊഴി

ലില്ലായ്മയ്ക്കും തൊഴിൽ സ്തംഭനത്തിനും വ്യവസായ അധഃപതനത്തിനും ഉള്ള കാരണങ്ങൾ ഇതിൽ കാണുന്നുണ്ടെന്നു പറഞ്ഞിട്ടു് പ്രശ്നത്തിൽ നിന്നു ഒഴിയാൻ ശ്രമിക്കുന്നതു് പരിതാപകരമാണു്. തൊഴിലില്ലായ്മ വന്നതു് സ്ട്രൈക്കുമൂലമാണെന്നു് പറയുന്ന ആളുകളോടു് തൊഴിൽപരമായ കാര്യങ്ങളെപ്പററിയും വ്യവസായപരമായ കാര്യങ്ങളെപ്പററിയും ഉള്ള ബാലപാഠംപോലും അറിഞ്ഞുകൂടാ എന്നു പറയുവാനേ നിവൃത്തിയുള്ളു. സർ, കമ്മ്യൂണിസ്റ്റുകാർ സംഘടിപ്പിച്ച യൂണിയനിൽ സംഘടിച്ചിട്ടുള്ള തൊഴിലാളികൾ അനാവശ്യമായ വാദങ്ങൾ ഉന്നയിച്ചു് സ്ട്രൈക്കു നടത്തുന്നതുകൊണ്ടാണു് വ്യവസായം അധഃപതിക്കുന്നതെന്നു പറയുന്നവരോടു് വീണ്ടും എനിക്കു ചോദിക്കുവാനുള്ളതു് ആലപ്പുഴ കയർ വ്യവസായം ഇത്രമേൽ അധഃപതിച്ചതു് അവിടെ എത്ര സ്ട്രൈക്കു നടത്തിയതുകൊണ്ടാണെന്നാണു്. എന്റെ ഈ ചോദ്യത്തിനു് ധൈര്യമുണ്ടെങ്കിൽ ഗവണ്മെന്റു് മറുപടി പറയട്ടെ. കഴിഞ്ഞ നാലോ അഞ്ചോ വർഷത്തെ ചരിത്രം അവർ പഠിക്കേണ്ടതാണു്. അതിനുശേഷം ആലപ്പുഴയിലും ചേർത്തലയിലും നടന്ന സ്ട്രൈക്കുകളുടെ ഫലമായിട്ടാണോ കയർവ്യവസായത്തിനു് ഈ അധഃപതനം ഉണ്ടായതെന്നു അവർ പറയട്ടെ. അവിടെ ഇൻഡ്യയ്ക്കു് മാതൃക എന്നവണ്ണം ഒരു ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററിയുണ്ടു്. മുതലാളിയും തൊഴിലാളിയും തമ്മിൽ എന്തെങ്കിലും തർക്കമുണ്ടായാൽ അതു രമ്യമായ രീതിയിൽ പറഞ്ഞു ഒതുക്കുന്നതിനുവേണ്ടി ഇരുകൂട്ടരുടെയും പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിററിയാണു് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി. ഇങ്ങനെ ഒരു കമ്മിററി ഇൻഡ്യയിൽ ആദ്യമായി ഉണ്ടാക്കിയിട്ടുള്ളതു് ഇവിടെയാണു് എന്നു് കേന്ദ്രത്തിലെ തൊഴിൽവകുപ്പുമന്ത്രി പാടി പുകഴ്ത്തിയിട്ടുണ്ടു്. അങ്ങനെയുള്ള ഒരു പ്രസ്ഥാനം വേണ്ടവണ്ണം പ്രയോജനപ്പെടുത്തിക്കൊണ്ടു് തൊഴിൽ തർക്കങ്ങൾ തീർത്തുകൊണ്ടുവരുന്ന ആലപ്പുഴയിലും ചേർത്തലയിലും വ്യവസായ അധഃപതനം ഉണ്ടാകുന്നതു സ്ട്രൈക്കുകൊണ്ടല്ല. മൌലികമായ കാരണങ്ങൾ അതിനുണ്ടു്. അവ എന്തെല്ലാമാണെന്നു ആലോചിക്കേണ്ടതാണു്. അതിനെക്കുറിച്ചു് പഠിക്കേണ്ടതാണു്. രാജ്യം ഭരിക്കുന്നതിനു് ആത്മാർത്ഥതയുണ്ടെന്നും കഴിവുണ്ടെന്നും കാണിച്ചുകൊടുക്കണമെങ്കിൽ അതേക്കുറിച്ചാലോചിച്ചു് മൌലികമായ കാരണങ്ങൾ കണ്ടുപിടിച്ചു് വേണ്ട പരിഹാരമാർഗ്ഗം നടപ്പിൽ വരുത്തുവാനുള്ള തന്റേടം ഉണ്ടാകണം. അല്ലാതെ വാക്കുകൾകൊണ്ടു് കസർത്തുകൾ നടത്തുവാനും വാഗ്വാദത്തിൽ ജയിക്കുവാനും ഉള്ള കൌതുകം കാണിച്ചാൽ പോരാ, വിമർശനങ്ങൾ ഉണ്ടാകുമ്പോൾ കാവു തീണ്ടലാണെന്നു പറഞ്ഞു് ഞെളിഞ്ഞിരുന്നതുകൊണ്ടു മായില്ല.

കയർവ്യവസായത്തിന്റെ അധഃപതനത്തെപ്പററി രാജപ്രമുഖൻ ചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്, ഏററവും ആപൽഘട്ടം നേരിട്ടുകൊണ്ടിരിക്കുന്നു എന്നു്. കഴിഞ്ഞ ആണ്ടിലും ഇതുതന്നെ പറയുകയുണ്ടായി. അതിനുശേഷം ഈ വ്യവസായത്തിന്റെ രക്ഷയ്ക്കുവേണ്ടി എന്തു നടപടികളാണു് സർക്കാർ ഇതുവരെ എടുത്തിട്ടുള്ളതെന്നറിയുവാൻ കൌതുകമുണ്ടു്. കയർവ്യവസായത്തിനു് രണ്ടു രംഗമുണ്ടു്. ഒന്നാമതു് കയർപിരിച്ചു് ശരിയാക്കി എടുക്കുക. രണ്ടാമതു്, അതു് തടുക്കായും പായായും മററും ഉണ്ടാക്കുന്ന മാനുഫാക്ച്ചറിംഗ് പ്രോസസ്. അതിൽ മാനുഫാക്ച്ച

[ശ്രീ. ടി. വി. താമസ്സ്]

റിംഗ് പ്രോസസിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കാണ് ഏററവും കൂടുതൽ തൊഴിലില്ലായ്മ വന്നിരിക്കുന്നതു്.

ആ രംഗത്തെപ്പററി അതായതു് തൊഴിലില്ലായ്മയുടെ മൂർദ്ധന്യാവസ്ഥയിലെത്തിയ ആ രംഗത്തെപ്പററി ഓർക്കുവാൻകൂടി നിവൃത്തിയില്ലായിരുന്നു. ആ അവസരത്തിൽ കയർവ്യവസായാധഃപതനത്തെപ്പററി ആലോചന നടത്തുന്നതിനു കൂടിയ ഒരു സമ്മേളനത്തിൽ—അങ്ങനെ ഒരു സമ്മേളനം നടന്നോ എന്നുതന്നെ സംശയം—ആ സമ്മേളനത്തിൽ ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രതിനിധികളെ, അതേപ്പററി പരിചയമുള്ളവരെ കൂടിയുണ്ടായിരിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ അതു ഈ ഗവണ്മെൻറ് കേട്ടില്ലാ എന്നുള്ള ദുഃഖകരമായ കാര്യം ഞാനീസഭയെ അറിയിച്ചുകൊള്ളുന്നു. കയർവ്യവസായം പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടി ചില പദ്ധതികൾ ഇൻഡ്യാഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു് ഈ കാൺഗ്രസ്സ് ഗവണ്മെൻറ് മിണ്ടാതിരിക്കുകയാണ്. ഇത്രയും അടിയന്തിരസ്വഭാവമുള്ളതും ആത്മാർത്ഥമായിട്ടുള്ളതുമായ ആവശ്യത്തെപ്പററി അവർ എന്തു പരിഹാരമുണ്ടാക്കിയെന്നു പറയുന്നില്ല. അതുസംബന്ധിച്ചും എന്തോ ചില പ്രസ്താവനകൾ അവർ പുറപ്പെടുവിക്കുകമാത്രമാണു ചെയ്തിട്ടുള്ളതു്. കയർവ്യവസായം പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടി മാനുഫാക്ച്ചറിംഗ് പ്രോസസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൽപ്പാദിപ്പിക്കുന്നതായ സാധനങ്ങൾ വിൽക്കുന്നതിനും വിപണികൾ കണ്ടുപിടിക്കുന്നതിനും അവർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നു. എന്തു അന്വേഷണമാണ് അവർ നടത്തിയിട്ടുള്ളതു്? അവർ കേന്ദ്രഗവണ്മെൻറിനോട് വിദേശവിപണികൾ കണ്ടുപിടിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു് അടങ്ങിയിരിക്കുകയാണു ചെയ്യുന്നതു്. ഈ സംഗതിയിൽ അവർക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുള്ള കഴിവുണ്ട്? അതായതു നമ്മുടെ സാധനങ്ങൾക്ക് വിദേശവിപണികളിൽ കാംപററീഷൻ ഉണ്ടോ; അതിനു സബ്സ്റ്റിററ്യൂട്ട് ഉണ്ടാകുന്നുണ്ടോയെന്നുള്ള കാര്യങ്ങൾ അന്വേഷിക്കുന്നില്ല. ഇവിടത്തെ കയർ കയറായിട്ടുതന്നെ വിദേശങ്ങളിൽ കയററി അയച്ച് അവിടെ പിന്നീടു നെയ്ത്തു നടത്തുകയാണോ? അങ്ങനെയാണെങ്കിൽ കയർ കയറായി കയററി അയയ്ക്കുന്നതിനെതിരായി വേണ്ട പ്രവർത്തനങ്ങൾ നടത്തണം. അതിലേക്കു വേണ്ട നടപടികൾ ഈ ഗവണ്മെൻറ ചെയ്യേണ്ടതാണ്. അങ്ങനെ ഈ വ്യവസായാധഃപതനത്തിന് ഒരു പരിഹാരം കാണണം. അല്ലാതെ കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തി വിദേശവിപണി കണ്ടുപിടിയ്ക്കാൻ ശ്രമിച്ചു എന്നു പറഞ്ഞുകൊണ്ടിരുന്നാൽ കയർവ്യവസായ അധഃപതനത്തിന് പരിഹാരമുണ്ടാകുന്നതല്ല. കയർവ്യവസായം എന്നുപറഞ്ഞാൽ ഈ നാട്ടിലെ ഒരു വളരെ വമ്പിച്ച ഭൂരിപക്ഷം ആശ്രയിച്ചുപോരുന്ന ഒരു വ്യവസായമാണ്. അതിന്റെ അധഃപതനമെന്നു പറഞ്ഞാൽ നമ്മുടെ നാട്ടിന്റെ അധഃപതനമാണ്. ഇന്നു ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മിക്ക വ്യവസായശാലകളും പൂട്ടിയിട്ടിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ എന്താണെന്നു അന്വേഷിക്കുന്നതിന് ഈ കാൺഗ്രസ്സ് ഗവണ്മെൻറ് തയാറില്ല.

ഇനി നമ്മുടെ വ്യവസായങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതേക്കുറിച്ചു രാജപ്രമുഖൻെറ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറിനുവേണ്ടി നമ്മുടെ സംസ്ഥാനത്തു് സ്വകാര്യ ഉടമകളെ സ്വാഗതം ചെയ്യുന്നുവെന്നാണു്. ഇവിടെയുള്ള വ്യവസായങ്ങൾതന്നെ അധഃപതിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെ സ്വകാര്യ ഉടമകൾ എങ്ങനെ മുന്നോട്ടുവരുമെന്നു നാമാലോചിക്കേണ്ടതാണു്. ഈ നാട്ടിൽ ഇരമ്പി കയറുന്ന തൊഴിൽ ഇല്ലായ്മയെ നേരിടുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ളതു ജനങ്ങൾക്കു് തൊഴിൽ കൊടുക്കുകയെന്നുള്ളതാണു്. തൊഴിൽ കൊടുക്കുകയെന്നുള്ളതു ഒരു സൎക്കാരിൻെറ പ്രധാനമായ കടമയാണു്. ആ സ്ഥിതിക്കു് ഇന്നത്തെ കാൺഗ്രസ്സ് സൎക്കാരിനു തൊഴിൽ വൎദ്ധിപ്പിക്കാൻ കഴിവില്ലെങ്കിൽ അവൎക്കു ഇവിടെയിരിക്കാൻ അവകാശമില്ലെന്നാണു ഞങ്ങൾ പറയുന്നതു്. അവർ അതു അംഗീകരിക്കണം. സർ, എനിക്കു ഈ കാൺഗ്രസ്സ് ഗവണ്മെൻറിനോടു പറയാനുള്ളതു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി സ്വകാര്യ ഉടമകളെ ഇങ്ങോട്ടു സ്വാഗതം ചെയ്യുന്നു എന്നു പറയുന്ന നിങ്ങൾക്കു ഇവിടെയിരിക്കാൻ അവകാശമില്ല. നിങ്ങൾ ഇറങ്ങിപ്പോയി നിങ്ങളുടെ നാട്ടുകാൎക്കു രക്ഷ നേടണമെന്നാണു്. രാജപ്രമുഖൻെറ പ്രസംഗത്തിൽ സ്വകാര്യ ഉടമകളെ സ്വാഗതം ചെയ്തിരിക്കുന്നുവെന്നാണു് പറഞ്ഞിരിക്കുന്നതു്. സ്വകാര്യ ഉടമകളെ സ്വാഗതം ചെയ്താൽ അവൎക്കു ഇവിടെ എന്തു പ്രോത്സാഹനമാണു് കൊടുക്കുന്നതു് എന്നുള്ള കാര്യങ്ങളെപ്പററി ഗവണ്മെൻറു ക്രിയാത്മകമായി ഒരു പ്രഖ്യാപനം നടത്തുന്നതു ഇന്നത്തെ കാൺഗ്രസ്സ് സൎക്കാരിൻെറ ചുമതലയല്ലേ? ഗവണ്മെൻറിനു കാമ്പററിഷൻ പരിപൂൎണ്ണമായി നേരിടാൻ സാദ്ധ്യമല്ലെങ്കിൽ ആ സ്ഥാനത്തു മററു വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെൻറിൻെറ കടമയല്ലേ? ആ കടമ നിർവഹിക്കേണ്ട ഗവണ്മെൻറു് ആ ചുമതലയിൽനിന്നും ഒഴിഞ്ഞുമാറുകയാണു ചെയ്തിരിക്കുന്നതു്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, അവരുടെ അടിയന്തിരപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം എന്തൊരു മൎദ്ദനപരവും നിരാശാജനകവുമായ നിലയാണു് ഇന്നു ഈ കാൺഗ്രസ്സ് സൎക്കാർ എടുത്തിരിക്കുന്നതു്.

സർ, പുത്തുമലസംഭവത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അതു പോലെ ഇപ്പോൾ അന്തിക്കാട്ടു ഒരു സംഭവമുണ്ടായി. ഇന്നു കാൺഗ്രസ്സു പാർട്ടിയിൽപെട്ടവർ സ്ഥാനത്തും അസ്ഥാനത്തും ഉൽഘോഷിക്കുന്നുണ്ടു്. പുരോഗമനപരമായ ഒരു ഭരണഘടന നടപ്പിലാക്കിയിട്ടുണ്ടെന്നു്. ഇതു മററുള്ളവൎക്കും കഴിവുള്ളതുതന്നെയാണു്. ഇന്നും പുരോഗമനമെന്നു പറയുന്ന ഈ ഭരണഘടന ചില വൎഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ മൗലികാവകാശം അനുവദിച്ചിട്ടുള്ളതല്ലാതെ, അതിൽപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നു അവരുടെ മൗലികാവകാശം സുരക്ഷിതമല്ലാതെയാണിരിക്കുന്നതു്. അന്തിക്കാട്ടുനടന്ന സംഭവം നോക്കുകയാണെങ്കിൽ അവൎക്കു കൂലിയെ സംബന്ധിച്ചുള്ള അവരുടെ ഡിമാൻറിനെ വച്ചുകൊണ്ടു് പണിമുടക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ കാൺഗ്രസ്സ് സൎക്കാർ അതിനു പകരമായി കരിങ്കാലികളെക്കൊണ്ടു ആ ജോലി ചെയ്യിച്ചുവന്നു. അതു മാത്രമല്ല ഇന്നീ കാൺഗ്രസ്സ് സൎക്കാർ ചെയ്യുന്നതു പണിമുടക്കിയവരെ ഭയപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും ജോലി ചെയ്യിച്ചുവരികയാണു്. ഇന്നു അവിടെ ഫോഴ്സ്ഡ് ലേബർ ചെയ്യിച്ചു

[ശ്രീ. ടി. വി താമസ്സ്]

വരികയാണു്. ഇതു ഒരു നാട്ടിലും ഒരു കാലത്തും ചെയ്യിക്കുന്നതല്ല. അവർ പണിമുടക്കിയതിനു പരിഹാരമുണ്ടാക്കുന്നതിനായി തൊഴിലാളി പ്രതിനിധികളും ഗവണ്മെൻറു പ്രതിനിധികളുമായി ആലോചിച്ചതിൽ അഞ്ചുരൂപ കൂലി നിശ്ചയിക്കയുണ്ടായി. അതിനു മുതലാളിമാർ വിസമ്മതിച്ചതുമൂലം മൂന്നരരൂപായെങ്കിലും കിട്ടണമെന്നും അല്ലെങ്കിൽ ജോലി ചെയ്യുകയില്ല എന്നും പറഞ്ഞതിനു അവരെ അടിച്ചു തെങ്ങിൽകയററി ജോലിചെയ്യിക്കയുണ്ടായി. ഇതു ഫോഴ്സ്ഡ് ലേബർ ആകുന്നില്ലേ? കൂലി കൂടുതൽ കിട്ടണമെന്നു പറഞ്ഞു. അതുമല്ല അഞ്ചുരൂപ എന്നാദ്യം പറഞ്ഞതു് പിന്നീടു മൂന്നരരൂപയെങ്കിലും കിട്ടണമെന്നു പറഞ്ഞു് പണി ചെയ്യാതിരുന്ന തൊഴിലാളികളെ എക്സൈസുകാരും പോലീസുകാരും കൂടി അടിച്ചു പണിചെയ്യിക്കുകയുണ്ടായി. ഇതു ഫോഴ്സ്ഡ് ലേബർ അല്ലേ. ഇന്നു തൊഴിലാളികളുടെ സ്ഥിതി നന്നാക്കുന്ന ഒരു നയമാണു് ഇന്നത്തെ സർക്കാർ സ്വീകരിച്ചിരിക്കുന്നതു് എന്നു പറഞ്ഞ സ്നേഹിതന്മാർ ഇതുകൂടി മനസ്സിലാക്കണമെന്നേ എനിക്കു പറയാനുള്ളൂ. ഇങ്ങനെ ഒരു മർദ്ദനപരമായ നയം അവരോടെടുക്കുന്നതിനു അവരുടെ ഭാഗത്തുനിന്നും ഒന്നും ഉണ്ടായിട്ടില്ല. ഈ പരിതഃസ്ഥിതികളാണു് അന്തിക്കാട്ടും, പച്ചമലയും, ഇരിഞ്ഞാലക്കുടയും ഉണ്ടായിട്ടുള്ളതു്. ഈ ഒരു നയം ഈ തൊഴിലാളികളോടെടുക്കുന്നതു ഈ കാൺഗ്രസ്സ് സർക്കാർ എന്നഭിമാനിക്കുന്നവർക്കു തീർച്ചയായും ഭൂഷണമല്ല. ഇന്നു് ഒരു കിരാതഭരണമാണിവിടെ നടക്കുന്നതു്. അതിനുദാഹരണമാണു് അന്തിക്കാട്ടു നടന്ന സംഭവം. ഇതു പോലെയുള്ള അനവധി കാര്യങ്ങൾ ഈ സഭയിൽ അറിയിക്കുവാനുണ്ടു്. ഇതാണോ പുരോഗമനമെന്നു പറയുന്നതു്. ഇതാണോ തൊഴിലാളികളുടെ അഭിവൃദ്ധി എന്നാണു എനിക്കു ചോദിക്കുവാനുള്ളതു്.

അതുപോലെതന്നെ ഭക്ഷ്യപ്രശ്നത്തെപ്പററിയും പറയുകയാണെങ്കിൽ ഇവിടെ വളരെ പുരോഗതിയുണ്ടായിട്ടുണ്ടെന്നു പറയുകയുണ്ടായി. ഇവിടെ അക്കാര്യത്തിലും യാതൊരു അഭിവൃദ്ധിയുമുണ്ടായിട്ടില്ല എന്നാണെനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഭക്ഷ്യപ്രശ്നത്തിനൊരു പരിഹാരമുണ്ടാകണമെങ്കിൽ ഇന്നത്തെ ഭൂ ഉടമസമ്പ്രദായത്തിൽ ഒരു സമൂലപരിവർത്തനമാവശ്യമാണു്. അതായതു് ഭൂമി കൃഷിചെയ്യുന്നവനു സ്വന്തമായ ഭൂമി ലഭിക്കണം. അവർക്കു ഭൂമി ഇന്നു സ്വന്തമായി കിട്ടുന്നില്ല. അതിനാവശ്യമായ കാർഷികപരിഷ്ക്കരണങ്ങൾ നടത്തിയില്ലെങ്കിൽ ഇവിടത്തെ ഭക്ഷ്യപ്രശ്നത്തിനും നാട്ടിലെ മററു പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നതല്ല. കാർഷികപരിഷ്ക്കരണങ്ങളെ സംബന്ധിച്ചു് പ്ലാനിംഗ്കമ്മീഷൻ റിപ്പോർട്ടിൽ കാണുന്നതിങ്ങനെയാണു്. അതായതു കാർഷീകപരിഷ്ക്കരണങ്ങൾ പ്രദേശപരമായി നടത്തണമെന്നാണു്. ഈ ഭൂ ഉടമയുടെ പരിധി നിർണ്ണയിക്കുന്ന കാര്യത്തിൽ ഈ പഞ്ചവത്സരപദ്ധതിയൽ പറഞ്ഞിരിക്കുന്ന ഫ്യൂച്ചർ അക്വസിസിഷനെ സംബന്ധിച്ചുമാത്രമാണു്. അതായതു ഭാവിയിൽ സംഭരിക്കുന്ന ഭൂമിയെപ്പററി മാത്രമേ പരിധി നിർണ്ണയിക്കാവു എന്നാണു്. അതുകൊണ്ടു് ഈ ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാകാൻ പോകുന്നില്ലെന്നാണെനിക്കു പറയാനുള്ളതു്.

സർ, ഞാൻ സമയം അധികരിച്ചിട്ടുണ്ടു്. പത്തുമിനിട്ടുകൊണ്ടോ പതിനഞ്ചുമിനിട്ടുകൊണ്ടോ ഈ കാര്യങ്ങൾ എല്ലാം പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. ചുരുക്കിപ്പറയുകയാണെങ്കിൽ ഇന്നു് ഇവിടെ ഒരു നിസ്സ

ഹായതയുടേയും നിരാശയുടേയും തെളിവാണ് നാം കാണുന്നതു്. ഇവിടെ പോലീസ് ഭരണമാണ് നടക്കുന്നതെന്നു ഞങ്ങൾ പരാതിപ്പെട്ടിരുന്നു. എന്നാൽ ഇന്നു അതു മാത്രമല്ല ഗുണ്ടാഭരണം കൂടിയാണ് നടക്കുന്നതു്. ഇന്നു യാതൊരുത്തനും സുരക്ഷിതത്വമില്ല. ജീവനോ, ധനത്തിനോ സുരക്ഷിതത്വമില്ല.

ആലപ്പുഴയിൽ അടുത്തകാലത്തു ഇരുപതിനായിരം പേർ ഉത്സവത്തിൽ പങ്കുകൊണ്ടിരിക്കവേ അരമണിക്കൂർ നേരത്തെ ഗുണ്ടാകളുടെ പ്രവർത്തനഫലമായി അവിടം ശ്മശാനം പോലെയായിത്തീർന്നു. അവിടെ ഏതാനും ഗുണ്ടാകളുടെ പ്രവർത്തനംമൂലമാണ് അപ്രകാരം സംഭവിക്കാനിടയായതു്. അതേക്കുറിച്ചു് ആളുകൾ പരാതിപ്പെടുകയുണ്ടായി. എന്നാൽ അതിനു യാതൊരു ഫലവുമുണ്ടായില്ല. അതിനു കാരണക്കാരനായ ഇൻസ്പെക്ടർ ഇന്നും അവിടെ ഭരിക്കുകയാണ്. അതു് ഒരു ക്രിസ്ത്യാനി ഇൻസ്പെക്ടരാണ്. അവിടെ ആരോ ഏതോ ക്രിസ്ത്യൻ ഗുണ്ടാകളുടെ അക്രമംമൂലമാണ് അങ്ങിനെ ഒരു പരിതഃസ്ഥിതിയുണ്ടായതു്. അവരുടെ പ്രവർത്തനംമൂലം ഇരുപതിനായിരംപേർ അവിടെനിന്നും ഓടി ഒളിക്കുകയാണുണ്ടായതു്. അതിനിടയാക്കിയ ഇൻസ്പെക്ടർ അവിടെ ജോലി നോക്കിക്കൊണ്ടിരിക്കുന്നു. അവിടത്തെ ഇൻസ്പെക്ടർ ക്രിസ്ത്യാനി, സർക്കിൾ ഇൻസ്പെക്ടർ ക്രിസ്ത്യാനി, എ. എസ്. പി. ക്രിസ്ത്യാനി, വകുപ്പുമന്ത്രി ക്രിസ്ത്യാനി, മുഖ്യമന്ത്രി ക്രിസ്ത്യാനി, ഈ നിലയ്ക്കു് ഹിന്ദുക്കൾ പരാതിപ്പെട്ടാൽ ഫലമുണ്ടാകുമോ എന്നുള്ള ഒരു സംശയം അവിടത്തെ ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടാകാൻ കാരണമാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലീഡർ ആഫ് ദി ആപ്പോസിഷൻ ഒരു ക്രിസ്ത്യാനി.

ശ്രീ. ടി. വി. താമസ്: ലീഡർ ആഫ് ദി ആപ്പോസിഷനും ഒരു ക്രിസ്ത്യാനി തന്നെയാണ്. എന്നാൽ ക്രിസ്ത്യാനിയായ ലീഡർ ആഫ് ദി ആപ്പോസിഷനു് അതിലേക്കു വേണ്ടതു ചെയ്യുന്നതിനുള്ള സൗകര്യമോ ഐകകാര്യകർത്തൃത്വമോ, അതിനുള്ള സ്ഥാനമോ ഇന്നു കൊടുക്കുന്നില്ല. ഇന്നു ജനായത്തത്തെപ്പറ്റി പറയുന്നു എന്നു മാത്രമേയുള്ളൂ. ജനായത്ത സിദ്ധാന്തത്തെപ്പറ്റി പറയുന്നവർ തന്നെ ഇതു മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഞാൻ ഇതുപോലെ ഒരു പോലീസ്കേസിനെ സംബന്ധിച്ചു് അന്വേഷിക്കണമെന്നു പറഞ്ഞാൽ അതിനു ലീഡർ ആഫ് ദി ആപ്പോസിഷനു കൊടുക്കേണ്ട പരിഗണനയോടുകൂടി അന്വേഷിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. മാത്രമല്ല അതർഹിക്കുന്ന ഗൗരവത്തോടുകൂടി അതിനെ ഗൗനിക്കേണ്ടതല്ലേ. ഇവിടത്തെ ലീഡർ ആഫ് ദി ആപ്പോസിഷൻ എന്ന ബോധത്തോടുകൂടി ഒരു പോലീസ് ഇൻസ്പെക്ടറെപ്പറ്റി പരാതി പറയുകയാണെങ്കിൽ ആ പരാതിയെപ്പറ്റി പരിഗണിക്കുമോ? ഇന്നു് അതംഗീകരിക്കാത്ത ഗവണ്മെൻറാണ് ജനായത്തത്തെപ്പറ്റി പറയുന്നതു്. അതു കേൾക്കുമ്പോൾ ചിരിയാണുണ്ടാകുന്നതു്. ഇന്നു അത്രയ്ക്കു നിസ്സഹായതയും നിരാശയുമാണ് നാട്ടിലുള്ളതു്. ഒരു സ്ഥലത്തു് ഒരു തൊഴിലാളിയെ ഗുണ്ടാകൾ കുത്തി മുറിപ്പെടുത്തുകയുണ്ടായി. എന്നാൽ കാൺഗ്രസ്സുകാർ വിചാരിച്ചാൽ കുത്തുകേസു് ഇല്ലാതാക്കാം. സാധാരണ

[ശ്രീ. ടി. വി. താമസ്സ്]

യായി ഈ മാതിരി സംഭവങ്ങൾ കുറെ കഴിയുമ്പോൾ മറഞ്ഞുപോകുകയും ചെയ്യും. ഇങ്ങനെയുള്ള സംഭവങ്ങൾ ഇല്ലാതാക്കാൻ ഗവണ്മെൻറിനു കഴിവുണ്ടോ സന്നദ്ധതയുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

ഇതു കൂടാതെ കർബലാ മൈതാനത്തെ സംഭവത്തെപ്പററിയും എനിക്കു പറയാനുണ്ടു്. അതു ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലാണ്. അതേക്കുറിച്ചു ഞാൻ തൽക്കാലം പറയുന്നില്ല.

സർ, ഇങ്ങനെ ഒരു നീണ്ട പട്ടിക സഭയുടെ മുമ്പിൽ വെയ്ക്കാൻ ഞാൻ തയ്യാറാണ്. ഈ പരിതഃസ്ഥിതികൾ ഈ സഭയിലുള്ളവർ മനസ്സിലാക്കേണ്ടതാണ്. ഞങ്ങളുടെ വിമർശനങ്ങൾ ആത്മാർത്ഥതയോടുകൂടിയുള്ളതാണ്. ഇതു വെറും കാവ്യരീതിയിലുള്ള പ്രസംഗമാണെന്നു കണക്കാക്കരുതു്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ സഭയുടെ അംഗീകരണത്തിനു വയ്ക്കുകയും അതു ഈ സഭ അംഗീകരിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

Member Sworn.

[2 p. m.] **Shri J. Raghavan Pillai** (*Karunagapalli*) took the oath andsigned the rolls.

Motion on the Address by His Highness the Rajpramukh (*Contd.*)

Shri T. S. Ramaswami: Sir, I beg to move the following amendment:

Add at the end the words: "but regret that the Council of Ministers are indulging in activities calculated to demoralise public life and undermine democracy and have failed to take note of and devise means to consider the growing unemployment and acute economic distress prevailing in the country."

முதன்முதலில் நான் ஒரு விஷயத்தை தெரிவிக்க விரும்புகிறேன். குரோத மனப்பான்மையுடன் அல்ல. பல்வேறு கட்சிகளுள்பட்ட அங்கத்தினர்களாகிய நாம் இந்த சபையில் மக்களின் பிரதிநிதிகளாக வந்திருப்பது ஜனநாயகத்தின் அடிப்படைகளை சரியானபடி கட்டி அமைத்து ஜனநாயகத்தை தழைத்தோங்கச் செய்வதற்காக. ஜனநாயக முறைகளில் எவ்வித பங்கமும் வராதபடி கண்ணும் கருத்துமாக பார்க்க வேண்டுவது கட்சிவேறுபாடின்றி நம் எல்லோருடைய கடமையாகும்.

இன்று நாம் என்ன நிலையில் இருக்கிறோம்? நமது திரு-கொச்சி சமஸ்தானத்தில் ஜனநாயகம் மிகவும் அபாய நிலையில் இருக்கிறது. ஐக்கிய முன்னணிக் கட்சித் தலைவர் கூறினார்—எதிர்கட்சித் தலைவர்களுக்குள்ள மரியாதைகள் காண்பிக்கப்படவில்லை என்று. நான் கூறுகிறேன் எதிர்கட்சி அங்கத்தினர்களும் அவர்கள் பிரதிநிதித்துவம் வகிக்கும் தொகுதிகளும் அடக்குமுறைகளுக்கு ஆளாக்கப்படுகின்றன என்று. உலக ஜனநாயக வாதிகளில் முதன்மையானவர்களுள் ஒருவரான இந்திய பிரதமரின் கட்சியின் ஒரு பகுதியினரிடம் திரு-கொச்சி அரசாங்கம் ஒப்படைக்கப்பட்டிருந்தும் இத்தகைய முறையில் ஜனநாயக முறைகள் அபாய நிலைமையில் இருப்பது மிகவும் வருந்தத்தக்கது. நமது ராஜ்யம் ஜனநாயகம் மூச்சுத்திணறி திக்குமுக்காடிக் கொண்டிருக்கிறது. ஆட்சி பீடத்தில் இருக்கும் மந்திரிகள்

எதிர்கட்சியினரை அடக்குவதற்காக, எந்த முறையையும் கையாள தயாராக இருக்கிறார்கள். தங்கள் கட்சியினருக்கு சலுகைகள், எதிர் கட்சியினர் மீது அடக்குமுறைகள், அவர்களை அனுப்பிய தொகுதிகளிடம் பாரபக்ஷம், தேர்தலில் அதிகாரிகள் குறுக்கீடு, நீதிநிர்வாகத்தில் அரசாங்கம் தலையீடு, இவைகளே இன்று நடைபெறுகின்றன.

சென்ற நான்கு வருடங்களாக நாம் அதைத்தான் பார்த்து வருகிறோம். சர், ஐந்து வருஷத்திற்கு முன் நடந்த தேர்தலில் தென்-திருவிதாங்கூர் தமிழ்நாட்டுக் காங்கிரஸை தேர்ந்தெடுத்த காரணத்திற்காக, தென் திருவிதாங்கூரில் ஒரு தொழிற்சாலையைக் கூட அரசாங்கம் தொடங்கவில்லை. லட்சக்கணக்கான ரூபாயை வட திருவிதாங்கூரிலே முடக்கிய அரசாங்கம் ஒரு பைசா கூட தென் திருவிதாங்கூரிலே செலவழிக்கவில்லை. தமிழ்நாடு காங்கிரஸ்காரர்கள் அரசாங்கக் கட்சியைச் சேர்ந்தபிறகு அவர்களும் அதே கொள்கையையே கையாளுகிறார்கள். மராமத்து கொள்கை, தொழிலாளிக் கொள்கை, தொழிற்சாலைகளை அமைக்கும் கொள்கை, உணவுக்கொள்கை எல்லாவற்றிலும் பாரபட்சத்தையே நாம் காண்கிறோம்.

Shri A. Chidambaranatha Nadar : Let me ask one question of the Member.

Shri T. S. Ramaswami : I have barely fifteen minutes given to me and I cannot yield.

ஸர், சர்க்கார் கட்சியினரின் ஒன்றிரண்டு காரியங்களை நான் நேரடியாக பார்த்திருக்கிறேன். உதாரணமாக, எதிர்கட்சியினரையும், அவர்கள் தொகுதியினரையும் அடக்குமுறைக்கு இலாக்காக்குகிறார்கள். சென்ற தேர்தலில் எதிர்கட்சிக்கு போட்டியாக நின்றவர்களையும் அவர்களுடன் சென்றவர்களையும் தொலைத்துவிட வேண்டுமென்ற வஞ்சம் தீர்க்கும் முறையில் நடந்து கொண்டிருக்கிறார்கள் என்று சொல்வேன். இது ஜனநாயக தத்துவத்திற்கு ஏற்றதல்ல. பாஸிஸ்ட், நாசிசம் மனப்பான்மை வளர்ந்துகொண்டு வருகிறது என்றுதான் சொல்வேன். எவ்வளவோ லக்ஷம் ரூபாயை இந்த அரசாங்கம் தொழிற்சாலைகளில் இட்டும், அவைகளுக்கு கடன் கொடுத்தும் இருக்கிறார்கள். இன்னும் அந்த தொழிற்சாலைகளுக்கு எவ்வளவோ சௌகரியங்கள் செய்து கொடுத்தும், செய்து கொண்டும் இருக்கிறார்கள். போன கூட்டத்தில் கூட இந்த அரசாங்கம் 74 லட்சம் ரூபாய் கடனாக, தொழிற்சாலைகளுக்கு ஒதுக்கப்பட்டது. ஆனால் ஒரு பைசா கூட தென் திருவிதாங்கூரில் கொடுக்கவில்லை. இப்போது தோவாளை, அகஸ்தீஸ்வரம் தாலூகாக்களில், நமது தமிழ்நாடு காங்கிரஸ் அசெம்பிளி அங்கத்தினர்கள் அங்கு சென்று என்ன நடக்கிறது என்று பார்த்துக் கொண்டு தான் இருக்கிறார்கள். ஸர், அங்கே பதினாயிரக்கணக்கான ஏக்கர்கள் தண்ணீர் இல்லாமல் கரிந்து போகும் தருவாயில் இருக்கிறது; இந்த சமயத்தில், கரிந்தே போயிருக்கும் என்று சொன்னால், இல்லை 200 ஏக்கர் தான் கரிந்து போய் இருக்கிறது என்று அந்த மெம்பர்கள் சொல்லுகிறார்கள். 20,000 ஏக்கர் கரிந்து போகாமல் இருப்பதற்கு இந்த ஜனநாயக அரசாங்கமோ அல்லது தமிழ் நாட்டிலிருந்து வந்திருக்கும் அங்கத்தினர்களோ என்ன சௌகரியம்செய்து கொடுத்திருக்கிறார்கள் என்பதைப் பார்க்கப் போனால் ஒன்றுமில்லை என்று மிக வருத்தத்துடன் சொல்லிக் கொள்கிறேன். இதுபோல தான் தென் திருவிதாங்கூரில் உள்ள விவசாயம், கைத்தொழில் முதலியவைகளுக்கு யாதொரு சௌகரியமும் இந்த ஜனநாயக சர்க்கார் செய்து கொடுப்பதில்லை என்பதையும் பார்த்துவருகிறோம். பதினாயிரக்கணக்கான ஏக்கர் நிலம் கரிந்து கொண்டிருக்கிறது; நிவாரணம் வேண்டுமென்று சொன்னால் மந்திரியும், நீர்ப்பாசன பெரிய உத்தியோகஸ்தர்களும் கரிவில்லை, நிவாரணம் வேண்டாம் என்று சொல்கிறார்கள். இவர்களைப் போன்ற பொறுப்பானவர்கள் மந்திரியாக இருந்து உண்மையை மறைத்து சொல்லக் கூடாது. அவர் ஒரு மந்திரி. அவர் தாம் சொல்வதை ஆலோசித்து சொல்ல வேண்டும். ஏதாவது பத்திரிகைக்கு அறிக்கை கொடுக்கும் போது உண்மையை கொடுக்கவேண்டும். ஸர், எங்கள் பிரதேசத்தில் இருக்கக்கூடிய மந்திரி, எங்கள் நாட்டு மந்திரி, அவ

[ஸ்ரீ. டி. எஸ். ராமஸ்வாமி]

ரைக் கண்டால் அங்குள்ள மக்கள் சந்தோஷப்பட வேண்டும். ஆனல் அவரை நினைத்து அங்குள்ள மக்கள் சிம்ம சொப்பனம் காண்கிருர்கள்.

ஸ்ரீ பிரம்மானந்தஸ்வாமி என்பவர் தேர்தலில் தமக்கு எதிராக நின்ருர் என்ற காரணத்திற்காக அவரை தமது இடத்திலிருந்து விரட்டவேண்டுமென்ற எண்ணத்துடன் காலனேசேஷன் என்ற போர்வையில் போட்டுக்கொண்டு அவருடைய சகோதரருடைய, அவருடைய போளிங் ஏஜென்டினுடைய தென்னந் தோப்புகளை எடுக்க நமது மந்திரி துணிந்தார். தேர்தலில் தமக்கு போட்டியாக நின்றவருடைய உயிருக்கும் பொருளுக்கும் ஆபத்து என்ருல் இதுவா ஜனநாயகம்? தம்மை எதிர்த்தவர்களின் கால்கள் போய்விடும் என்ருல் இதுவா ஜனநாயகத்தின் தத்துவம்? பரமானந்த ஸ்வாமியின் தோப்பும் நிலமும் மாத்திரமல்ல; அவரை பின்பற்றியவர்கள், அவரது உறவினர்கள் இவர்களது தோப்புகளும் இந்த காலனேசேஷன் ஸ்கீமினுல் பாதிக்க வேண்டுமா? எதற்காக இவர்களின் தோப்புகளை எடுக்க வேண்டும்? காலனேசேஷன் ஆபீஸர் இருக்கிருர். அவர் வந்து பார்க்க வேண்டும். அவர் வேண்டுவன செய்ய வேண்டும். ஏன் இந்த நிலங்களை இவர் எடுக்க வேண்டும்? மாத்திரமல்ல, இந்த தோப்புகளைப் பற்றி 24 மணிக்கூறில் ரிப்போர்ட்டு கேட்டார்கள். எல்லா மந்திரிகளிடமும் சொன்னேம். ஒன்றும் நடக்கவில்லை. இறுதியில் பிரதம மந்திரி ஸ்ரீ ஜான் அவர்களின் நீதியுணர்ச்சியினுல் மட்டும் தான் ஸ்ரீ பிரம்மானந்த ஸ்வாமியின் உறவினர்களின் தோப்புகள் காப்பாற்றப்பட்டன. ஆயிரக்கணக்கான ஏக்கர் நஞ்சை நிலங்கள் தண்ணிர் இல்லாமல் பாழாய்ப்போகின்றன என்று ஏழை மக்கள் சொல்லும்போது, நீங்கள் எங்களை எதிர்த்து சோஷிலிஸ்டுக்கு வோட்டு செய்தீர்களல்லவா என்று எங்கள் தமிழ்நாட்டு மந்திரி பதில் கூறுகிருர். எனது மதிப்புக்குரிய நண்பர் சங்கர் ஒரு கூட்டத்தில் ஏதோ பேசியதாக அவரது காலை ஒடிக்கவேண்டுமென்று தமிழ்நாட்டு காங்கிரஸ் மந்திரி பொறுப்பான பெரியவர்களிடம் நேரில் கூறியிருக்கிருர். அவர்கள் உடனே கண்டித்தும் இருக்கிருர்கள். நண்பர்களே, இதுவா ஜனநாயகம்? காலை முறிப்பேன் என்பதும் தம்மை எதிர்த்து போட்டியிட்டவரின் நிலங்களை அகாரணமாக எடுப்பேன் என்று சொல்வது ஜனநாயகத்தின் அடிப்படை தத்துவமா? அப்படியானுல் இந்த நாட்டில் எப்படி ஜனநாயகம் நடக்கும் என்று பாருங்கள். இந்த நிலைமையில் யாரையும் என்ன வேண்டுமானுலும் சொல்லலாம், செய்யலாம்.

நாகர்கோவிலில் எங்கள் கட்சியிலிருந்து தேர்தலுக்கு நாங்கள் ஒருவரையும் நிறுத்தவில்லை. நான் பாரபட்சமில்லாமல் தேர்தலை கவனித்துக் கொண்டிருந்தவர்களுள் ஒருவன். அரசாங்க அதிகாரிகள், அந்தரங்க காரியதரிசி எல்லோரும் தேர்தலில் வேலை செய்தார்கள். அவர்கள் காங்கிரஸ்ஸுக்காக வேலை செய்தார்கள். அந்தரங்க காரியதரிசி, தேர்தலுக்கு நின்ற ஒரு நபரை அவர் அதிலிருந்து விலகும்படி சொன்னுர்கள். ஒரு எக்ஸைஸ் இன்ஸ்பெக்டரின் சொந்தக்காரர் தேர்தலுக்கு நின்ருர். அந்த எக்ஸைஸ் இன்ஸ்பெக்டரிடம் சொல்லி அந்த ஆளை தேர்தலினின்று விலகும்படி சொன்னுர்கள். இவை எல்லாம் எனக்கு நன்ருய்த் தெரியும். இவைகள் போல் ஆயிரம் உதாரணங்கள் வேண்டுமானுலும் கூறலாம். வருந்தத்தக்க விஷயங்கள் அநேகம் நடந்திருக்கின்றன. தொழிலாளிகள், விவசாயிகள் பட்டினியாய் கிடக்கிருர்கள் என்ருல் அவர்களின் பட்டினியைப் போக்க நாம் பாடுபட வேண்டும். ஸர், ஸ்ரீ. ஸி. கேசவன் அவர்கள் முதல் மந்திரியாய் இருக்கும்பொழுது ஒரு முக்கூட்டு ஒப்பந்தம் நடந்தது. அதில் சில தீர்மானங்கள் செய்யப்பட்டன. ஆனல் அந்த தீர்மானங்களுக்கு நேர் விரோதமாக சம்பளம் கொடுக்காமல் தொழிலாளர்களை பிரித்து விட்டுக்கொண்டிருக்கிருர்கள் முதலாளிகள். இன்னும் போலீஸார் ஏழை தொழிலாளர் பேரில் அகாரணமாக கேசுகள் எடுத்து ஹிம்சிக்கிருர்கள். இந்த நிலைமையிலிருந்தால் ஜனநாயகம் தழைக்குமா? இதெல்லாம் கம்யூனிஸ்ட் சோஷியலிஸ்டு பிரச்னை யல்ல. தொழிலாளிகள் ஜீவபிரச்னை. இதிலும் கூட கட்சிமனேபாவத்துடனே அநீதிகள் இழைக்கப்படுகின்றன. ஜனநாயகத்தின் அடிப்படை Rule of law, எல்லாவற்றையும் விட நீதியும் நியாயமும் உயர்ந்தது என்னும் தத்துவம். ஆனல், இந்த தத்துவம் காற்றிலே பறக்க விடப்படுகிறது. காங்கிரஸ்காரருக்கு ஓர் நியாயம், மற்றவர்

களுக்கு ஓர் நியாயம் நிலவுகிறது. நான் என்ன குற்றமும் செய்துவிட்டு காங்கிரஸில் சேர்ந்து விட்டால் என் மீதுள்ள கேஸுகள் போய்விடும் என்ற நிலைமைதான் இப்பொழுது நிலவுகிறது. இரண்டு வருடங்களுக்கு முன்னால் ஒரு கேஸ் நடந்தது. ஒரு வீட்டுக்குள் புகுந்து புருஷனும் மனைவியும் இருக்கும்போது புருஷனை அடித்ததாக. போலீஸும் கேஸ் ரிஜிஸ்டர் செய்தார்கள். அந்த கேஸை இதுவரை வாய்தாவில் வைத்திருந்தார்கள். தமிழ்நாடு காங்கிரஸ் தங்களுடன் இருக்கவேண்டுமென்ற காரணத்திற்காக ஒரு உயர்தர அதிகாரியிடமிருந்து Refer the case as noncognisable என்று இங்கிருந்து ஆர்டர் போயிற்று. இந்த நிலைமையில் எங்களது உயிருக்கும் உடைமைக்கும் எப்படி பாதுகாப்பு கிடைக்கும்?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : തെളിവുകൊടുക്കാമോ ?

ஸ்ரீ. டி. எஸ். ராமஸ்வாமி : நான் தெளிவு கொடுக்கிறேன். தோவாளை ஒரு சோஷலிஸ்டை தேர்ந்தெடுத்ததற்காக அவர்களுக்கு தண்ணீர் இல்லை. ஸர், இதனால் தோவாளை அகஸ்தீஸ்வரம் மாத்திரமல்ல பாதிக்கப்படுகிறது தண்ணீர் இல்லாமல் கரிவு ஏற்பட்டால் லட்சக்கணக்கான பறை நெல் குறைந்து நாட்டின் உணவு பிரச்னை பாதிக்கப்படும். போன வருஷம் மழை இல்லாமல் கரிவு ஏற்பட்டது. ஆனால் இந்த வருஷம் பயிர் பூராவையும் கரிந்துபோகக்கூடிய நிலைமையில் இந்த ஜனநாயக அரசாங்கம் வைத்துவிட்டார்கள் என்று சொல்வேன். இந்த மாதிரியானால் இந்த நாட்டில் ஜனநாயகம் எப்படி தழைக்கும்? இவைகளை எல்லாம் நான் மனம் நொந்து சொல்கிறேன். எந்தவிதமான விரோதத்துடனோ குரோதத்துடனோ இவைகளை நான் சொல்லவில்லை. ஜனநாயகத்தை எல்லா கட்சிகளும் சேர்ந்து கட்டியமைக்க பாடுபடவேண்டும் என்ற ஒரே நன்னோக்கத்தோடு தான் இவற்றைக் கூறுகிறேன். நல்ல காலம் வருகிறது என்று நிதிமந்திரியவர்கள் பரிகாசமாக குறிப்பிட்டார்கள். தனி நபர்களுக்கு நல்ல காலம் வேண்டுமென்று எங்கள் தலைவர் நினைத்திருந்தால் அவர்கள் இன்று பிரதமராக இருந்திருப்பார். இந்நாட்டு மக்கள் அனைவருக்கும் நல்ல காலம் வரவேண்டுமென்று எல்லோரும் பாடுபடுவோம் என்று கூறிக்கொண்டு, ஜனநாயகத்தைக் கட்டியமைக்க பரஸ்பரம் நல்லெண்ணத்துடன் எல்லோரையும் ஒத்துழைக்கும்படி வேண்டிக்கொண்டு முடித்துக் கொள்கிறேன்.

Shri A. Kunjan Nadar : Sir, my amendment is as follows : Add at the end the words :

> "but regret that no mention is made about the appalling poverty and misery of the ryots of South Travancore caused by the consecutive failure of paddy crops and fall in price of jaggery and the consequent pestilence of cholera and small-pox. Also, this House regrets that the Government are pursuing a policy of deliberate discrimination against South Travancore as is evident from the fact that this area is completely neglected in the agricultural, industrial and other development schemes under the Five Year Plan and that no mention is made of the demand of the Tamilian National Minority."

തെക്കൻതിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ള കൃഷിക്കരിവിനെപ്പറ്റി കഴിഞ്ഞ അസംബ്ലിയിൽ വളരെയധികം ഇവിടെ സംസാരിക്കുകയുണ്ടായി. അതിലേക്ക് ചില പരിഹാരങ്ങൾ ചെയ്യാമെന്നും അതിനുള്ള നടപടികൾ ഉടനെ കൈക്കൊള്ളാമെന്നും ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. മന്ത്രി അവർകൾ ഇവിടെ ഉറപ്പു നൽകിയിട്ടുണ്ട്. പറഞ്ഞ വാക്ക്

[ശ്രീ. എ. കുഞ്ഞൻ നാടാർ]

പാലിക്കുന്ന ഒരാളാണ് അദ്ദേഹമെന്ന് ഏതാണ്ട് ൯൦ കൊല്ലത്തെ പഴക്കംകൊണ്ട് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഒരു തെക്കൻതിരുവിതാംകൂറുകാരനുംകൂടി ആയ അദ്ദേഹം തെക്കൻതിരുവിതാംകൂറിലെ കൃഷിക്കാരുടെ പേരിൽ അനുതാപമുള്ള ഒരാളായിരിക്കുമെന്നുതന്നെ വിശ്വസിച്ചിരുന്നു. പക്ഷെ, അതിനുള്ള നടപടികൾ യാതൊന്നുംതന്നെ ഇതുവരെ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നില്ല.

ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളമുള്ള ജലസേചനപദ്ധതികൾ നടപ്പിൽ വരുത്തിയിട്ട് നാലഞ്ചുകൊല്ലമായി. അതുപോലെയുള്ള ജോലികൾ തെക്കൻ തിരുവിതാംകൂറിലും ആരംഭിക്കാതിരിക്കുന്നത് ഒരു സാഹസമാണെന്നു പറയാതെ നിവൃത്തിയില്ല. പേച്ചിപ്പാറ അണയിൽനിന്നും വെള്ളം പമ്പുചെയ്യുന്ന കാര്യത്തിൽ ഊർജ്ജിതമായി ജോലികൾ നടത്തുന്നതിന് വളരെയധികം പണം അനുവദിച്ചെങ്കിലും അതിന്റെ ശരിയായ ഫലം ഇതുവരെ ഉണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അത്യാവശ്യമുള്ള അവസരത്തിൽ വെള്ളം കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റുകാരും പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റുകാരും തമ്മിലുള്ള മത്സരമാണ് അതിനു കാരണം. ഈ രണ്ടു ഡിപ്പാർട്ടുമെന്റും സഹകരിച്ച് ആ ജോലികൾ നടത്തിയിരുന്നുവെങ്കിൽ ഈവക കുഴപ്പങ്ങൾ ഉണ്ടാകാതെ വെള്ളം ആവശ്യത്തിന് കൊടുക്കുവാൻ സാധിക്കുന്നതാണ്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: എന്നാണ് ഈ മാത്സര്യം ഉണ്ടായതായിപ്പറയുന്നത്?

<u>ശ്രീ. എ. കുഞ്ഞൻനാടാർ</u>: കൃത്യമായി പറയുവാൻ ഇപ്പോൾ സാധിക്കുകയില്ല. പമ്പു ഉറപ്പിക്കാൻ വേണ്ടിയുള്ള മൂന്ന് ആഴ്ചയും അതുണ്ടായിരുന്നു. പേച്ചിപ്പാറഅണയിലെ വെള്ളം ഉപയോഗിച്ച് അനവധി ഏക്കർ സ്ഥലങ്ങളാണ് കൃഷിചെയ്തുകൊണ്ടിരിക്കുന്നത്.

കുറിവിനു കാരണം മഴയില്ലായ്മ മാത്രമാണെന്നു പറഞ്ഞാൽ അതു സമ്മതിച്ചുകൊടുക്കുവാൻ ഞാൻ തയാറില്ല. നാഞ്ചിനാട്ടിൽ കൃഷിക്കു പേച്ചിപ്പാറഅണയിൽനിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. പേച്ചിപ്പാറയെ ആശ്രയിക്കുന്നത് ൩൮,൦൦൦ ഏക്കർ സ്ഥലമാണ്. നെയ്യാറ്റിൻകരയിലാണെങ്കിൽ ഏതാണ്ട് ൧൨,൨൩൦ ഏക്കർ സ്ഥലത്ത് കുളത്തിൽനിന്ന് ജലസേചനം നടത്തിവരുന്നുണ്ട്. വിളവങ്കോട്ട് ഏതാണ്ട് ൧൦,൦൦൦ ഏക്കർ സ്ഥലത്ത് കുളത്തിൽനിന്നുള്ള വെള്ളംകൊണ്ട് കൃഷി നടത്തിവരുന്നുണ്ട്. നെയ്യാറ്റിൻകരയിൽ ൯൦-ൽപരം കുളങ്ങളുണ്ട്, വിളവങ്കോട്ടുതാലൂക്കിൽ ൬൦൦-ൽ ചില്വാനം ഇറിഗേഷൻ ടാങ്കുകൾ ഉണ്ട്. ഈ കുളങ്ങൾ ഇപ്പോൾ ഹഡ്ബാൾഗ്രൗണ്ടുകളായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഈ കുളങ്ങളെല്ലാം ഇന്ന് ഉപയോഗശൂന്യമായി തീർന്നിരിക്കുകയാണ്. ഈ കുളങ്ങളെല്ലാം നല്ലനിലയിൽ സൂക്ഷിച്ചിരുന്നെങ്കിൽ തെക്കൻതിരുവിതാംകൂറിൽ ഒരു കാലത്തും വെള്ളത്തിന് ക്ഷാമം ഉണ്ടാകയില്ല എന്നുള്ളത് എനിക്ക് ഉറപ്പു പറയുവാൻ സാധിക്കും. അതുപോലെതന്നെ നെയ്യാറ്റിൻകരയിലെയും കുളങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു ചിറ്റമ്മനയമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്

എന്നു പറയുമ്പോൾ അതു് കാര്യകാരണസഹിതം തെളിയിക്കുവാൻ ഞാൻ തയ്യാറാണു്. ൧൧൨൨-ൽ ഇതുപോലെ തുടർച്ചയായി തെക്കൻ തിരുവിതാംകൂറിൽ കരിവു് ഏർപ്പെടുകയുണ്ടായി. അന്നു് അവിടത്തെ കൃഷിക്കാർക്കു് കൃഷിക്കു സൗകര്യം ചെയ്തുകൊടുക്കുവാൻ വേണ്ട റിലീഫ് നടപടികൾക്കുവേണ്ടി അന്നത്തെ മഹാരാജാവു് ഒരു ജോലി അവിടെ ആരംഭിച്ചു. അതു് ഏ. വി. എം. കനാൽ വെട്ടുന്ന ജോലിയാണു്. അതു് ൧൧൨൨ തുലാം ൧൦-ാംതീയതി ആയിരുന്നു. അന്നു് മഹാരാജാവായിരുന്ന ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു് സ്വന്തം കൈകൊണ്ടു് മൂന്നു കുട്ട മണ്ണു വെട്ടുകയും അന്നു ദിവാൻജിയായിരുന്ന സർ ടി. മാധവരായർ സ്വന്തം തലയിൽ ആ മണ്ണുചുമന്നുമാണു് ആ ജോലി ഉൽഘാടനംചെയ്തതു്. അന്നത്തെ ഭരണാധികാരികൾക്കു് തെക്കൻതിരുവിതാംകൂറിലെ കൃഷിക്കാരെപ്പററി അത്രത്തോളം താല്പര്യമുണ്ടായിരുന്നു. ഈ ആണ്ടിൽ ഉദ്ദേശം ൨൭,൦൦൦ ഏക്കറോളം സ്ഥലം നാഞ്ചിനാട്ടും വിളവംകോട്ടു്താലൂക്കിലും കരിഞ്ഞിട്ടുണ്ടു്. ഒരു മണിനെല്ലുപോലും കിട്ടാത്ത വിധത്തിൽ കരിഞ്ഞു. കഴിഞ്ഞ പൂവും ഇത്രയും ഏക്കർ കരിയുകയുണ്ടായി. ഒട്ടാകെയുള്ള നിലങ്ങളെ അത്രയും ബാധിക്കുന്ന തരത്തിലുള്ള കരിവാണു് ഈ വർഷവും കഴിഞ്ഞ വർഷവും അവിടെ ഉണ്ടായതു്. മററു നിലങ്ങളിൽ കാൽ ഭാഗവും പകുതിയും മുക്കാൽ ഭാഗവും കരിഞ്ഞുപോയി. അവിടെ വലിയ കൃഷിക്കാർ അല്ല ഉള്ളതു്. വലിയ സ്വത്തുടമസ്ഥന്മാർ അവിടെ ഉണ്ടായിരിക്കാം. പക്ഷെ അവർ നിലം നേരിട്ടു കൃഷി ചെയ്യുന്നില്ല. ഈ നിലങ്ങളെല്ലാം ഒന്നും അരയും ഏക്കർ വീതം പാട്ടത്തിനും വാരത്തിനും വാങ്ങി കൃഷി ചെയ്യുന്നതു് അവിടത്തെ സാധാരണക്കാരായ കൃഷിക്കാരാണു്. ഒരേക്കർ കൃഷിക്കു് ൨൦൦ രൂപയോളം ചെലവുണ്ടു്. സാധുക്കളായ കർഷകർ ഈ സ്ഥലത്തു് കൃഷി ചെയ്യുന്നതു് കൃഷി ആരംഭിക്കുന്ന സമയത്തു് അവരുടെ ആഭരണങ്ങളും മററും പണയം വച്ചാണു്. അതു് അവിടെയുള്ള ബാങ്കുകളിൽ കൃഷിയിറക്കുന്ന കാലങ്ങളിൽ പണയംവയ്ക്കുന്ന ആഭരണങ്ങളുടെ കണക്കും അല്ലാത്ത കാലങ്ങളിൽ പണയംവയ്ക്കുന്നതിൻെറ കണക്കും നോക്കിയാൽ അറിയാവുന്നതാണു്. എന്നാൽ അവിടെ ലാറിയിൽ എന്തെങ്കിലും സൗജന്യം ഏർപ്പെടുത്തുകയോ ഫെയർപ്രൈസ് ഡിപ്പോകൾ സ്ഥാപിക്കുകയോ ഒന്നും ചെയ്തിട്ടില്ലെന്നു ഗവണ്മെൻറുഭാഗത്തുനിന്നുതന്നെ സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണു്. ഈ തരം കരിവു് ആവർത്തിക്കാതിരിക്കണമെങ്കിൽ തെക്കൻ തിരുവിതാംകൂറിൽ ജലസേചനം നടത്തിക്കൊണ്ടിരുന്നതായ കുളങ്ങൾ എല്ലാം കഴിച്ചു ശരിയാക്കുകയും ചാനൽ ശരിയാക്കുകയും ചെയ്യണം. പേച്ചിപ്പാറഅണയിലുള്ള വെള്ളം തുറന്നുവിട്ടാലും നിലങ്ങളിൽ ചെന്നുചേരാൻ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. അതിനുള്ള കാരണം ചാനലുകൾ മണ്ണുവീണും മററും ഉപയോഗശൂന്യമായിപ്പോയതാണു്.

കരുപ്പട്ടിഉൽപ്പാദനം അവിടെ അനവധി ആയിരം കുടുംബങ്ങൾ ഉപജീവിക്കുന്ന ഒരു തൊഴിലാണു്. കരുപ്പുകട്ടിക്കു് റാത്തലിനു് ൩ അണ ആയിരുന്നതു് ഇപ്പോൾ ൪ അണയും നൽ അണയുമായിട്ട് കുറഞ്ഞിരിക്കുന്നു. കരുപ്പുകട്ടിക്കു ആവശ്യമായ വിറകു് കിട്ടുന്നില്ല. അവർക്കു് കുറെ വിറകു് കൊടുക്കണമെന്നു പറഞ്ഞാൽ അതു് ശ്രമിക്കുവാൻ ഈ രാജ്യത്തു് ആളില്ല. എഫ്. ഐ. റി. കമ്പനിക്കു് വിറകു വേണമെന്നു

[ശ്രീ. എ. കുഞ്ഞൻനാടാർ]

ആവശ്യപ്പെട്ടപ്പോൾ ൧൯൨ ചതുരശ്രമൈൽ കാട് അവർക്ക് വില കൂടാതെ വിട്ടുകൊടുത്തു. എന്നാൽ പാവപ്പെട്ട പനകയററത്തൊഴിലാളിക്ക് വിറക് കൊടുക്കണമെന്നു പറഞ്ഞാൽ അതിനു ഗവണ്മെന്റ് തയ്യാറില്ല. ഈ കുറവുമൂലം അനേകംപേർക്ക് വിഷമങ്ങളും ദാരിദ്ര്യവും പിടിപെട്ടതോടുകൂടി കാളറായും വിഷൂചികയും അവിടെ പടർന്നു പിടിച്ചിട്ടുണ്ട്. കാളറാ പിടിപെട്ടതായിട്ടുള്ള വളരെ കേസുകൾ അവിടെ ഇതിനകം ഉണ്ടായിട്ടുണ്ട്. എനിക്ക് മുൻകൂട്ടി ഗവണ്മെന്റിനെ ഒന്ന് അറിയിക്കുവാനുള്ളത് തെക്കൻതിരുവിതാംകൂറിൽ [൯൰] കൊല്ലത്തിലൊരിക്കൽ കാളറാ, വിഷൂചിക മുതലായ പകർച്ചവ്യാധികൾ വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ഗവണ്മെന്റ വേണ്ട മുൻകരുതൽ നടപടികൾ കൈക്കൊള്ളണം. അവിടത്തെ വിഷമങ്ങളും ദാരിദ്ര്യവും നീക്കിയാലല്ലാതെ അതു വളരെ എളുപ്പത്തിൽ തടയുവാൻ സാധിക്കുന്നതല്ല. അതിനുവേണ്ടി ഗവണ്മെന്റ് മുൻകൂട്ടി കരുതൽനടപടികൾ എടുക്കേണ്ടതാണ്. ഗവണ്മെന്റിന്റെ വ്യവസായനയം നോക്കിയാലും തെക്കൻ തിരുവിതാംകൂറിനെ പാടെ അവഗണിച്ചിരിക്കുകയാണ്. കസ്തൂർബായ് ലാൽബായ് റിപ്പോർട്ട് അനുസരിച്ച് ൨൧ കമ്പനികൾ ഗവണ്മെന്റ് ഷെയർ എടുത്തും കടം കൊടുത്തും സഹായിക്കുന്നതായി ഇവിടെ ഉണ്ട്. ൧ കോടി ൩൨ ലക്ഷത്തിൽ ചില്വാനം രൂപ ഈ കമ്പനികളിൽ മുടക്കിയിട്ടുള്ളതായി കഴിഞ്ഞ അസംബ്ലിയിൽ തന്ന മറുപടിയിൽ കാണുന്നുണ്ട്. ഇതിൽ തെക്കൻതിരുവിതാംകൂറിൽ ഒരു പൈസയെങ്കിലും ചെലവായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു? അതുപോലെതന്നെ ഇവിടെ അനവധി ഹൈഡ്രോ ഇലക്ട്രിക് സ്കീമുകളുണ്ട്. ആ പദ്ധതികളെല്ലാം വടക്കൻതിരുവിതാംകൂറിന്റെ ആവശ്യത്തിനാണ്. കൊച്ചിയിലോ വടക്കൻ തിരുവിതാംകൂറിലോ ഒന്നും ചെയ്യേണ്ടാ എന്നു ഞാൻ പറയുന്നില്ല. തെക്കൻതിരുവിതാംകൂറിലും അതുപോലെ ചെയ്യണമെന്നുമാത്രമാണ് ഞാൻ പറയുന്നത്. ഇന്നു ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രിസിററിയിൽ ൯൧ ശതമാനവും വടക്കൻതിരുവിതാംകൂറിലെ വൻപിച്ച വ്യവസായസ്ഥാപനങ്ങൾക്കാണ് കൊടുക്കുന്നത്. യൂണിററിന് ൯ പൈ. അനുസരിച്ച് വ്യവസായസ്ഥാപനങ്ങൾക്ക് ഇലക്ട്രിസിററി ഗവണ്മെന്റ് നൽകുകയാണ്. ൧൯.൧ ശതമാനം വടക്കുള്ള അഗ്രിക്കൾച്ചർ പമ്പിംഗിന് ഗവണ്മെന്റ നൽകുന്നു. അഗ്രിക്കൾച്ചർ പമ്പിംഗ് മുഴുവൻ വടക്കൻതിരുവിതാംകൂറിലാണ് നടക്കുന്നത്. തെക്കൻതിരുവിതാംകൂറിൽ പമ്പു വേണമെന്നു പറഞ്ഞാൽ അതു അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ ചെന്നു ചോദിക്കണമെന്നു പറയും. അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ ചെന്നു ചോദിക്കുമ്പോൾ അതു വേറൊരു ഡിപ്പാർട്ടുമെന്റിൽ ചെന്നു ചോദിക്കുവാൻ പറയും. ഇങ്ങനെ ആറേഴ് ഡിപ്പാർട്ടുമെന്റിൽ പോയി ചോദിച്ചാലും തെക്കൻതിരുവിതാംകൂറിലെ ആവശ്യത്തിനു പമ്പു കിട്ടുകയില്ല. അഥവാ പമ്പു കിട്ടണമെങ്കിൽ ഇരുനൂറോ, മുന്നൂറോ രൂപയ്ക്കുള്ള ജാമ്യം കെട്ടിവയ്ക്കണം. ഇങ്ങനെയുള്ള വിഷമങ്ങൾ അനുഭവിച്ചാണ് ഞങ്ങൾ തെക്കൻതിരുവിതാംകൂറിൽ കഴിഞ്ഞുകൂടുന്നത്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഹൈഡ്രോ ഇലക്ട്രിക് സ്കീമിനുള്ള സൗകര്യം തെക്കൻതിരുവിതാംകൂറിലുണ്ടോ?

ശ്രീ. എം. കുഞ്ഞൻ നാടാർ: ഈ കരമനയാററിൽത്തന്നെ ഹൈഡ്രോ ഇലക്ട്രിക്ക് സ്കീം നടപ്പിൽ വരുത്താമെന്നു ശ്രീ. വെങ്കിടകൃഷ്ണൻ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്. അതുപോലെ മററു പലപദ്ധതികളും തെക്കൻതിരുവിതാംകൂറിൽ തുടങ്ങുന്നതിനായിട്ടുണ്ടു്. എ. പി. എം. കനാൽ വളരെ ചുരുങ്ങിയ ചെലവിൽ പൂർത്തിയാക്കാം. അവിടെ പത്തു മൈൽ ദൂരം തേങ്ങാപട്ടണംവരെയുള്ള ചാനൽ ഇന്നും ഉപയോഗയോഗ്യമായി കിടക്കുകയാണ്. മററു സ്ഥലങ്ങൾ വളരെ ചുരുങ്ങിയ ചെലവിൽ പൂർത്തിയാക്കാം. ഇങ്ങനെയുള്ള പദ്ധതികൾ പലതും തെക്കൻതിരുവിതാംകൂറിലുണ്ടായിട്ടും ഈ ഗവണ്മെൻറ് അതു ഗൗനിക്കുവാൻ തയാറില്ല.

അതുപോലെതന്നെ പഞ്ചവത്സരപദ്ധതിയിൽ ൨൩ കോടി ൫൦ ലക്ഷം രൂപ മേജർ ഇറിഗേഷനുവേണ്ടി നീക്കിവച്ചിട്ടുണ്ടു്. ആ സംഖ്യയിൽനിന്നും അല്പമായ സംഖ്യ നെയ്യാറണയ്ക്കു ചെലവാക്കുന്നതൊഴികെ ഒരു പൈസപോലും തെക്കു ചെലവാക്കുന്നില്ല. ജനങ്ങൾക്കു ഉപകാരമുണ്ടാകത്തക്കവിധത്തിലല്ല നെയ്യാറണ കെട്ടുന്നതു്. ജനങ്ങൾക്കു ഉപകാരമായവിധത്തിലല്ലാ അവിടത്തെ ജോലികൾക്കു സംഖ്യ ചെലവാക്കുന്നതും. റൈററ്ബാങ്ക്ചാനൽ ശരിയായ ഇൻവെസ്റ്റിഗേഷൻ കൂടാതെ വെട്ടുന്നതുനിമിത്തം വെള്ളം ഏററവും ആവശ്യമായ കാഞ്ഞിരംകുളം, ചാണി, കിടാരക്കുഴി തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം ലഭിക്കുന്നതല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: അതിന്റെ വക്ക് നിറുത്തിവയ്ക്കണമെന്നാണോ മെംബർ പറയുന്നതു്?

ശ്രീ. എ. കുഞ്ഞൻ നാടാർ: അതു് നിറുത്തിവയ്ക്കണമെന്നല്ല. ചെയ്യുന്ന ജോലി ശരിയായി ചെയ്യണമെന്നാണ് പറയുന്നതു്. പഞ്ചവത്സരപദ്ധതിയിൽ ൨ കോടി ൨൦ ലക്ഷം രൂപാ വ്യവസായത്തിനു നീക്കിവച്ചിട്ടുണ്ടെങ്കിലും ഒരു ഒററ വ്യവസായവും തെക്കൻതിരുവിതാംകൂറിൽ തുടങ്ങുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടില്ല. അവിടെ ഉണ്ടായിരുന്ന പഞ്ചസാരകമ്പനിയും ഡിസ്റ്റിലറിയും വടക്കൻതിരുവിതാംകൂറിലേയ്ക്കു കൊണ്ടുപോയി. തുറമുഖത്തിനു ൨ കോടിയിലധികം രൂപ ചെലവാക്കാൻ പോവുകയാണ്. തെക്കൻതിരുവിതാംകൂറിൽ കുളച്ചൽ എന്ന സ്ഥലത്തും ലീപുരം, വിഴിഞ്ഞം എന്ന സ്ഥലങ്ങളിലും പ്രകൃതിസിദ്ധമായ ഹാർബർ ഉണ്ടു്. വിഴിഞ്ഞം ഹാർബർ വികസിപ്പിക്കുന്നതിനെ സംബന്ധിച്ചു് സർ സി. പി.-യ്ക്കു ആഗ്രഹം ഉണ്ടായിരുന്നു. അതിനുവേണ്ടി വളരെ പണം ചെലവാക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അങ്ങനെയുള്ള യാതൊരു വകകളും ഈ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. തെക്കൻതിരുവിതാംകൂറിനെ എല്ലാ കാര്യത്തിലും അവഗണിക്കുന്ന ഈ ഗവണ്മെൻറിന്റെ നയവും പരിപാടിയും ദയവായി ഒന്നു മാററണം എന്നു ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Shri T. A. Majeed: Sir, I move:

Add at the end the words:

"but regret that no reference is made in the Address of the long felt demand of the people for a progressive land reform, and that due to the wrong policy pursued by the Government, agriculture, commerce and industry, especially coir industry, have thoroughly failed in the State, thereby causing great distress and dissatisfaction among the people."

സർ, തികച്ചും അവ്യക്തമായ ചില സൂചനകൾ മാത്രമേ രാജപ്രമുഖന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ളു എന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അതിപ്രധാനമായ പല പ്രശ്നങ്ങളെപ്പററിയും ഇന്നു ജനങ്ങൾ പരാമർശിക്കുമ്പോൾ ആ പ്രശ്നങ്ങളെ അകററിനിറുത്തി കൊണ്ട്, ഒഴിവാക്കികൊണ്ട്, വെറും അപ്രധാനമായ കാര്യങ്ങൾമാത്രമാണ് രാജപ്രമുഖൻ പരാമർശിച്ചിട്ടുള്ളത്. ഉദാഹരണമായി ഭൂനയത്തെ സംബന്ധിച്ചുള്ള മുറവിളി വളരെക്കാലം മുമ്പുമുതൽക്ക് ഇവിടെ തുടങ്ങിയതാണ്. പൊതു തിരഞ്ഞെടുപ്പിൽ കാൺഗ്രസ് പാർട്ടി ഇലക്ഷൻപ്രചരണത്തിന് അവരുടെ തുറുപ്പുചീട്ടായി പ്രയോഗിച്ചതുതന്നെ ഭൂനയപ്രശ്നമാണ്. കാൺഗ്രസ് പാർട്ടിയിലെ ഓരോ മെംബറും പൊതു തെരഞ്ഞെടുപ്പു സമയത്ത് ഭൂനയത്തെപ്പററി ഉച്ചൈസ്തരം പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അസംബ്ലി കൂടുന്ന സന്ദർഭങ്ങളിൽ കാൺഗ്രസ് പാർലിമെൻററി പാർട്ടി ഭൂനയത്തെപ്പററി ചർച്ചചെയ്യുന്നതല്ലാതെ അസംബ്ലിയുടെ മുമ്പിൽ അതിനെക്കുറിച്ച് ഒരു ബിൽ ഇനിയും കൊണ്ടുവന്നിട്ടില്ല. ഇന്ന് ഈ രാജ്യത്ത് അത്യാവശ്യമായിരിക്കുന്ന ഭൂനയപരിഷ്കരണത്തെ സംബന്ധിച്ച് ഒരു ബിൽ അടുത്തുതന്നെ ഇവിടെ കൊണ്ടുവരുമായിരുന്നുവെങ്കിൽ രാജപ്രമുഖൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുമായിരുന്നു. സർ, പുതിയ ഒരു ഭൂനയം വരുമെന്നപ്രതീക്ഷയിൽ കഴിയുന്ന കർഷകർ ഇന്നത്തെ ഭൂനയംമൂലം വളരെയേറെ ചൂഷണത്തിനു വിധേയരായിരിക്കുകയാണ്. ചിറയിൻകീഴ് താലൂക്കിൽ നാവായിക്കുളം, കിളിമാനൂർ എന്നീ സ്ഥലങ്ങളിലുള്ള കർഷകർ ദേവന്മാരുടേയും തമ്പുരാക്കന്മാരുടേയും ചൂഷണത്തിന് വിധേയരാകുന്നുണ്ട്. അവിടത്തെ കർഷകർ ഭീമമായ നികുതിയും മിച്ചവാരവും കൊടുക്കുവാൻ സാധ്യമാകാതെ വിഷമിക്കുകയാണ്. ഒരുദിവസംമുമ്പ് ഭൂനയം പരിഷ്കരിക്കുകയാണെങ്കിൽ അത്രയും അവർക്ക് മോചനംകിട്ടും. ഈ സമ്മേളനം അവർക്ക് ആശ്വാസം നൽകുവാൻ പോകുന്നില്ലെന്നാണ് കാണുന്നത്.

ഇതേവരെ കഴിഞ്ഞതുപോലെ ഗ്രാമപ്രദേശത്തിലെ കർഷകർ ഇന്നും വെറും മഴയെമാത്രം ആശ്രയിച്ച് ജീവിക്കുകയാണ്. ഇക്കൊല്ലമാകട്ടെ മഴയും ഗവണ്മെൻറുംകൂടി കർഷകർക്ക് എതിരായി ഒരു വിരുദ്ധമുന്നണി സൃഷ്ടിച്ചിരിക്കുകയാണ്. മൈനർ ഇറിഗേഷൻ ഇനത്തിൽ യാതൊരു വർക്കും ഇക്കൊല്ലം ചിറയിൻകീഴ് താലൂക്കിൽ വിശേഷിച്ചു ചെയ്തിട്ടില്ല. അതിന്റെ ഫലമായിട്ട് അവിടത്തെ കൃഷിക്കാർക്ക് വിളവ് ഒട്ടുംതന്നെ എടുക്കുവാൻ നിവൃത്തിയില്ലാതെ അവരുടെ വയലുകൾ ശൂന്യമായികിടക്കുകയാണ്. അതിന് ഒരു പരിഹാരം കണ്ടുപിടിക്കുവാൻ ഈ ഗവണ്മെൻറ ശ്രമിച്ചിട്ടില്ലെന്നുള്ളത് നിരാശാജനകമായ ഒരു യാഥാർത്ഥ്യം മാത്രമാണ്.

അതുപോലെതന്നെ ഇടത്തരം വ്യാപാരികൾ നിലവിലുള്ള ചില നിയമങ്ങൾമൂലം അനുഭവിക്കുന്ന ദുരിതങ്ങൾ ഗവണ്മെൻറിനെ ധരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സെയിൽസ് ടാക്സ് അധാർമ്മികമാണോ ധാർമ്മികമാണോ എന്ന ചർച്ചയ്ക്കു ഞാൻ മുതിരുന്നില്ല. പക്ഷെ ഇന്ന് ഈ നികുതിപിരിക്കാൻ കൈക്കൊണ്ടിരിക്കുന്ന സംപ്രദായം തികച്ചും അധാർമ്മികവും അനാശാസ്യവുമാണ്.

വെറും ൩൦ രൂപമുടക്കുള്ള മുറക്കാൻ കടക്കാർക്കുപോലും ൫൦൦ രൂപയ്ക്കു നോട്ടീസു അയയ്ക്കുന്ന പതിവു ഇവിടെയുണ്ട്. അവരാണെങ്കിൽ നികുതികൊടുക്കാൻ നിവൃത്തിയില്ലാതെ ഗവണ്മെൻറ ജപ്തിചെയ്തു എടുത്തുകൊള്ളട്ടെയെന്നു വയ്ക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെ യാതൊരു നീതിബോധവുമില്ലാതെയാണു ഈ ഗവണ്മെൻറിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ സെയിൽസ്ടാക്സ് ഈടാക്കുവാൻ മുതിരുന്നതു്. അതേയവസരത്തിൽ വലിയതരം മുതലാളിമാർ ഉദ്യോഗസ്ഥന്മാരെ പ്രീണിപ്പിച്ചു ടാക്സിൽനിന്നും ഒഴിഞ്ഞുമാറുന്നതും നാം കണ്ടുവരുന്നു.

കയർ വ്യവസായത്തിൻെറ തകർച്ച ഇനിയും രൂക്ഷമായിരിക്കുന്നതേയുള്ളു. ഈ സെഷനിൽത്തന്നെ കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ചില രാജ്യങ്ങളിൽ മാർക്കററ ഉണ്ടായിയെന്നും ഉണ്ടാകാൻപോകുന്നുവെന്നുമെല്ലാം. പക്ഷെ, കയർ ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ അശേഷം മാററം ഇന്നോളം കാണാൻ കഴിയുന്നില്ല. അനുദിനം കയർവ്യവസായം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നാണെങ്കിൽ കയർ ഉണ്ടാക്കുന്ന തൊഴിലാളികൾക്കു തൊഴിൽ കിട്ടുന്നില്ല. കയറിൻെറ സ്തംഭനം എന്നപേരിൽ അവർക്കു ന്യായമായ കൂലി മുതലാളിമാർ കൊടുക്കുന്ന പതിവുമില്ല. കയററുതൊഴിലാളികൾക്ക് ഒരു ദിവസം എട്ടണയിൽക്കൂടുതൽ കൂലി കൊടുക്കാൻ കയററുമുതലാളികൾ തയാറാകുന്നില്ല. അവർ പറയുന്നതു കയറിനു മാർക്കററില്ലെന്നാണ്. അതേയവസരത്തിൽ ഗവണ്മെൻറ പറയുന്നു മാർക്കററ ഉണ്ടെന്നു്. ഏതായാലും ഇത്തരം കടലാസുപദ്ധതികൾകൊണ്ടു ഇതിനു പരിഹാരമുണ്ടാകാൻപോകുന്നില്ല. പത്തുലക്ഷം ആളുകൾക്കു തൊഴിൽ കൊടുക്കുന്ന കടമയിൽനിന്നും ഗവണ്മെൻറ ഒഴിഞ്ഞുമാറുകയാണു ചെയ്തിരിക്കുന്നതു്. അക്കാര്യം ഇൻഡ്യാഗവണ്മെൻറിൻെറ ചുമലിൽ സമർപ്പിച്ചു ഗവണ്മെൻറ മാറിനിൽക്കുന്നതു ശരിയല്ല. തൊഴിലില്ലാത്തവർ വെളിയിൽ എവിടെയെങ്കിലും പോയി ജീവിക്കാമെന്നു വച്ചാൽ അതിനും ഈ ഗവണ്മെൻറ സമ്മതിക്കുന്നില്ല. പാസ്പോർട്ടിനെ സംബന്ധിച്ചു ചോദിക്കുമ്പോൾ അതു ഇൻഡ്യാഗവണ്മെൻറിൻെറ കാര്യമാണെന്നു പറഞ്ഞു മന്ത്രി ഒഴിയുകയാണു ചെയ്യുന്നതു്. ആയിരക്കണക്കിനുള്ള ആളുകളാണു മാസംതോറും ഈ സംസ്ഥാനത്തുനിന്നും മലയാമുതലായ സ്ഥലങ്ങളിൽ പൊയ്ക്കൊണ്ടിരിക്കുന്നതു്. അവർ ഇവിടെനിന്നും വെളിയിൽപോകുന്നതിനു എന്തെന്തു ദുരിതങ്ങളാണു അനുഭവിക്കുന്നതെന്നു ഈ ഗവണ്മെൻറിനു അറിഞ്ഞുകൂടായിരിക്കും. ഇവിടെനിന്നും മലയായിൽപോകുന്നതിനു ഒരാൾക്കു പാസ്പോർട്ടുകിട്ടണമെങ്കിൽ മലയായിലുള്ള ഒരാൾ ഒരു സ്റ്റാറ്റ്യൂട്ടറി ഡിക്ലറേഷൻ അയയ്ക്കുക പതിവുണ്ടു്. അതൊന്നുമാത്രംമതി പാസ്പോർട്ടു കൊടുക്കാൻ. പക്ഷെ, രണ്ടായിരം രൂപയുടെ ആൾജാമ്യം കൊടുക്കണംമെന്നാണ് ഇവിടെ വച്ചിരി

[ശ്രീ. ററി. എ. മജീദ്]

ക്കുന്ന നിയമം. അങ്ങനെകൊടുക്കുന്ന പാർവത്യകാരും പോലീസും സർട്ടിഫൈ ചെയ്താൽ ഒരു അഞ്ചാറുമാസം കഴിയുമ്പോൾ പാസ്പോർട്ടു കിട്ടിയെന്നുവരും. ഇതെല്ലാം കഴിഞ്ഞാൽ പിന്നെ മദ്രാസിലുള്ള ഇമ്മിഗ്രേഷൻ ആഫീസിൽനിന്നും ഒരു സർട്ടിഫിക്കററുകൂടി കിട്ടേണ്ടതുണ്ട്. ഒരു മൂന്നുതവണയെങ്കിലും മദ്രാസിൽപോയാലേ അവിടെനിന്നും സർട്ടിഫിക്കററു കിട്ടുകയുള്ളു. പാസ്പോർട്ടിന്റെ കാര്യം പറയുമ്പോൾ നാം ഇതെല്ലാം ചിന്തിക്കേണ്ടതാണ്. ഈയവസരത്തിൽ ഇമിഗ്രേഷൻ ആഫീസിലുണ്ടാകുന്ന ദൌഷ്ട്യങ്ങളെക്കുറിച്ചു ഒരു കാര്യം ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. ഈയിടെ വർക്കലെനിന്നും സദാനന്ദൻ എന്നൊരാൾ നോ അബ്ജക്ഷൻ സർട്ടിഫിക്കററിനുവേണ്ടി മദ്രാസിലുള്ള ഇമ്മിഗ്രേഷൻ ആഫീസിൽ പോയപ്പോൾ ആയാളുടെ പെരുമാററത്തിൽ എന്തോ ചില്ലറ വൈകല്യമുണ്ടായി എന്ന ആരോപണം പറഞ്ഞു അയാളെ അവിടെയുള്ള ഉദ്യോഗസ്ഥന്മാർ വാതലടച്ചു അകത്തിട്ടു അടിച്ചുകൊല്ലുകയാണു ചെയ്തതു്. അതെപ്പററി മദ്രാസിൽനിന്നും ഒരു കത്തു മുഖ്യമന്ത്രിക്കു അയച്ചിരുന്നു. എനിക്കും അതുസംബന്ധിച്ചു ഒരു കത്തുകിട്ടി. ഞാൻ അതു ഐ. ജി. ക്കു അയയ്ക്കുകയും മദ്രാസിൽ വേണ്ട അന്വേഷണത്തിനു എഴുതിട്ടുണ്ടെന്നുപറഞ്ഞു ഐ. ജി. യിൽനിന്നു എനിക്കൊരു മറുപടി കിട്ടുകയും ചെയ്തു. എന്നാൽ ഈ ഗവണ്മെന്റു അതേപ്പററി അന്വേഷിച്ചോ? മദ്രാസിൽവെച്ചു അടിച്ചുകൊന്നതിനു വർക്കലെപോലീസു സ്റ്റേഷനിലാണു അന്വേഷണം നടത്തിയതെന്നു് എനിക്കറിയുവാൻ കഴിഞ്ഞു. അതാണു ഇന്നത്തെ ഗവണ്മെന്റിന്റെ രീതി. ഇവിടെ തൊഴിലില്ലാത്ത ജനങ്ങൾക്കു് അന്യസ്ഥലങ്ങളിൽ പോകുന്നതിലേയ്ക്കുള്ള അനുവാദമെങ്കിലും കൊടുക്കേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ഈ കാര്യം ഇൻഡ്യാഗവണ്മെന്റിൽ ഉന്നയിച്ചു വേണ്ട പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണു ഞാൻ പ്രതീക്ഷിക്കുന്നതു്. ആയിരക്കണക്കിനു ആളുകൾ പട്ടിണി കിടന്നു ദുരിതമനുഭവിക്കുമ്പോൾ അതിൽനിന്നു ഒഴിഞ്ഞുമാറുന്നനയം ഈ ഗവണ്മെന്റ് ഉപേക്ഷിച്ചു നമ്മുടെ ആളുകളുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിനു ഗവണ്മെന്റും മന്ത്രിമാരും വേണ്ടതുചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഈയവസരത്തിൽ ഒരു കാര്യംകൂടി പറയണമെന്നു ഞാനാഗ്രഹിക്കുന്നു. കോൺഗ്രസ്സ് സെക്രട്ടറിമാരിൽ ഒരാളുടെ വാക്കുകൾ ഉദ്ധരിച്ചു് പറയുകയാണെങ്കിൽ കോൺഗ്രസ്സ്ഗവണ്മെന്റിന്റെ നിഘണ്ടുവിൽ നീതിയെന്ന വാക്കിനു അർത്ഥം സ്വജനപക്ഷപാതമെന്നാണ്. ഈയിടെ കൊല്ലത്തുനടന്ന ഒരു സംഭവത്തെപ്പററി പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊല്ലത്തുള്ള കർബാലമൈതാനത്തു ഈയിടെ ഒരു കയ്യേററം നടന്നു. ആ മൈതാനമാണെങ്കിൽ വളരെക്കാലമായി മുസ്ലീങ്ങൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ശ്രീ. ടി. കെ. നാരായണപിള്ള പ്രധാനമന്ത്രിയായിരുന്നപ്പോൾ വളരെക്കാലമായി മുസ്ലീങ്ങൾ കൈവശം വച്ചിരിക്കുന്നതായ ആ മൈതാനം അവർക്ക് വിട്ടുകൊടുക്കുമെന്നു അദ്ദേഹം പറയുകയുണ്ടായി. അതിനുശേഷം മുഖ്യമന്ത്രിയായിവന്ന ശ്രീ. സി. കേശവനും അപ്രകാരംതന്നെ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴുള്ള മുഖ്യമന്ത്രിയുടെ കാലത്ത് ഒരു കയ്യേററശ്രമം അവിടെ നടന്നതായിട്ടാണു നാം അറിയുന്നതു്. ആ

കയ്യേററം ഒരു നീചമായ സംഭവമാണെന്നു് എല്ലാ സമുദായക്കാരും രാഷ്ട്രീയകക്ഷികളും കാൺഗ്രസ്സുപാർട്ടിയിലുള്ളവർപോലും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥമാണു്. അതുസംബന്ധിച്ചു ഒരു കേസ്സു് രജിസ്റ്റർ ചെയ്തിട്ടുള്ളതായി പത്രങ്ങളിൽ വായിക്കാൻ കഴിഞ്ഞു. എന്നാൽ ഇതുവരെ ആ കേസ്സു് ചാർജ്ജു ചെയ്തിട്ടില്ലെന്നാണു് എൻെറ അറിവു്. അതിനു മുഖ്യമന്ത്രിക്കു കഴിവില്ലായിരിക്കാം. അങ്ങനെയുള്ള ഒരു പ്രതിയാണു അവിടെയുള്ളതു്. ഇവിടെ നീതിയെന്നു പറയുന്നതു സ്വജനപക്ഷപാതമാണെന്നു ഈ സംഭവം തെളിയിക്കുന്നു. അങ്ങനെയല്ലെന്നു തെളിയിക്കാൻ മുഖ്യമന്ത്രിയോടു് ആവശ്യപ്പെടുകയാണു ചെയ്യുന്നതു്. അദ്ദേഹത്തിൽനിന്നും മുഖ്യമായ കാര്യങ്ങളിലെങ്കിലും നീതിപ്രതീക്ഷിക്കാമെന്നു വിശ്വസിക്കത്തക്കവിധം നടപടികൾ ഉണ്ടാകേണ്ടതാണു്.

Shri K. J. Thomas: Sir, I move the following amendment:

Add at the end of the motion:

"but regret that there has been no reference to the distress of the middle classes caused by the fall in prices of and the inadequate marketing facilities for commercial crops."

സർ, നമ്മുടെ രാജ്യത്തെ ജനവിഭാഗത്തെ സാമ്പത്തികമായി മൂന്നായി തരംതിരിക്കാമെന്നു തോന്നുന്നു. അതായതു്, അപ്പർക്ലാസ്സു്, മിഡിൽ ക്ലാസ്സു്, ലോവർക്ലാസ്സു് എന്നിങ്ങനെ. അപ്പർക്ലാസ്സിലുള്ള ജനതയുടെ, പണക്കാരുടെയും വലിയ ഭൂവുടമകളുടെയും, താൽപ്പര്യങ്ങൾ കാൺഗ്രസ്സിൻെറയും കാൺഗ്രസ്സു് സർക്കാരിൻെറയും ഹസ്തങ്ങളിൽ സുരക്ഷിതമാണു്. ലോവർ ക്ലാസ്സിലുള്ള തൊഴിലാളികളുടെയും തൊഴിലില്ലാത്തവരുടെയും കാര്യങ്ങൾക്കുവേണ്ടി വാദിക്കാനും അവകാശങ്ങൾ കുറച്ചെങ്കിലും സമ്പാദിച്ചുകൊടുക്കാനും, ഇവിടെ ഇടതുപക്ഷകക്ഷികളുണ്ടു്. എന്നാൽ ഈ രണ്ടു കൂട്ടരുടെയും മദ്ധ്യത്തിൽനിൽക്കുന്ന മിഡിൽ ക്ലാസ്സുകാരുടെ നിലയാണു് ഏററവും പരിതാപകരമായിട്ടുള്ളതു്. മററു രണ്ടു കക്ഷികളെയും അപേക്ഷിച്ചു എണ്ണത്തിലും വണ്ണത്തിലും കൂടുതലുള്ളതു ഈ ഇടത്തരക്കാരാണെങ്കിലും അവരുടെ ദയനീയമായ അവസ്ഥയ്ക്കു പരിഹാരം കാണുന്നതിനുവേണ്ടി ആരും സ്വരം ഉയർത്തിക്കാണുന്നില്ല. എന്നാൽ ഈ മിഡിൽ ക്ലാസാണു് ദേശീയസമരത്തിൽ മുന്നണിയിൽ നിന്നതെന്നും ജനായത്തഭരണം ഇവിടെ സമ്പാദിച്ചുകൊടുക്കാൻ ശ്രമിച്ചിട്ടുള്ളതെന്നും നാം സ്മരിക്കേണ്ടതുണ്ടു്. വാസ്തവത്തിൽ ഇന്നു മന്ത്രിക്കസേരകളിൽ ഇരിക്കുന്നവരിൽ ബഹുഭൂരിപക്ഷംപേരും ഈ മിഡിൽ ക്ലാസിൽപ്പെട്ടവരാണെന്നാണു ഞാൻ വിശ്വസിക്കുന്നതു്. എന്നാൽ അവർ ഉൾപ്പെടുന്ന വർഗ്ഗത്തിൻെറ അവകാശങ്ങൾക്കുവേണ്ടി വാദിക്കാനോ, അവരുടെ അവശതകളെ പരിഹരിക്കാനോ, ഈ മന്ത്രിമാർ ഒന്നും ചെയ്തുകാണുന്നില്ല. അവർക്കു ലഭിച്ചിട്ടുള്ള മന്ത്രിക്കസേരകൾ വീണുപോകാതെയിരിക്കുന്നതിനു വേണ്ടി മേൽച്ചേരിയിലുള്ളവരുടെ അവകാശങ്ങളെ സാധിച്ചുകൊടുത്തു അവരെ പ്രീണിപ്പിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണു് ഇവിടെ കാണുന്നതു്. അതവരുടെ കാര്യമായതുകൊണ്ടു അതിനെപ്പററി ഞാനിപ്പോൾ ഒന്നും കൂടുതലായി പറയുന്നില്ല.

[ശ്രീ. കെ. ജെ. തോമസ്സ്]

കാർഷികവിഭവങ്ങളുടെയും, വ്യാവസായികവിഭവങ്ങളുടെയും എല്ലാം വില വളരെ ഇടിഞ്ഞിരിക്കുകയാണ്, ഇഞ്ചി, കുരുമുളക്, റബ്ബർ, തേയില, പുൽത്തൈലം, കശുഅണ്ടി എന്നിങ്ങനെ പ്രധാനപ്പെട്ട എല്ലാ ഉൽപ്പന്നങ്ങളുടെയും വില ഇന്നു ഇടിഞ്ഞിരിക്കുകയാണ്. ഇതിനു പല സാമ്പത്തികകാരണങ്ങളുമുണ്ടായിരിക്കാം. കാർഷികോൽപ്പന്നങ്ങൾക്കു വിലകൂടുകയും കുറയുകയും ചെയ്യുമെന്നുള്ളതു സഹജമാണ്. എന്നാൽ ഗവണ്മെൻറിന് ഈ അവസരങ്ങളിൽ ഒരു കടമയുണ്ട്. ആ കടമ അവർ നിർവഹിക്കുന്നില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. പാശ്ചാത്യ രാജ്യങ്ങളിൽ, വിശേഷിച്ചും ബ്രിട്ടണിൽ, ഇങ്ങനെയുള്ള അവസരങ്ങളിൽ അവർ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ എങ്ങനെയാണു സംരക്ഷിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാൻ മാത്രം ഞാൻ ഈയവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ അടുത്തകാലത്തു ബാംബെയിൽവച്ചു ബ്രിട്ടണിൽ ഒരു മന്ത്രിയായിരുന്ന അന്യൂറിൻ ബെവാൻ ചെയ്തു ഒരു പ്രസ്താവനയാണ് എനിക്കു ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളതു്. ഇങ്ങനെ വിലകുറവുണ്ടാകുന്ന അവസരങ്ങളിൽ ഗവണ്മെൻറിൽനിന്നും സബ്സിഡികൊടുത്തു കൃഷിക്കാരുടെ അവശതകൾക്കു പരിഹാരമുണ്ടാക്കുകയും ഉൽപ്പന്നങ്ങൾക്കു വിലകൂടിവരുമ്പോൾ അവരിൽനിന്നും കൂടുതൽ നികുതി ഈടാക്കി ഗവണ്മെൻറിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുകയും ചെയ്യുന്നുണ്ടെന്നാണ് അദ്ദേഹം പ്രസ്താവിച്ചതു്. ഇതുപോലെയുള്ള ഒരേർപ്പാടു ഇവിടെയും സ്വീകരിച്ചു് കൃഷിക്കാരുടെ ഇന്നത്തെ അവശതകൾക്കു് ഒരു പരിഹാരമുണ്ടാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. നികുതിഭാരംകൊണ്ടു വലയുന്ന ഇവിടത്തെ കർഷകർക്കു ഇന്നു ഉൽപ്പന്നങ്ങൾക്കുള്ള യഥാർത്ഥ വിലപോലും കിട്ടുന്നില്ലെന്നുള്ളതാണു എനിക്കു ചൂണ്ടിക്കാണിക്കാനുള്ള മറെറാരു വസ്തുത. ഇതിനും പലകാരണങ്ങളുണ്ട്. മാർക്കററിംഗ് സൗകര്യമില്ലായ്മയും ഇടത്തട്ടുകാരുടെ കൊള്ളലാഭമെടുക്കലുമാണു ഇങ്ങനെ വരുന്നതിനു കാരണമാകുന്നതു്. ഇതിനെല്ലാം പരിഹാരം കാണേണ്ടതു ഈ ഗവണ്മെൻറുതന്നെയാണ്. എൻെറ അനുഭവജ്ഞാനത്തിൽനിന്നു തന്നെ റബ്ബർ വ്യവസായത്തെപ്പററി എനിക്കു പറയാൻ കഴിയും. റബ്ബർ കൃഷിയെന്നു പറയുമ്പോൾ അതു വലിയ മുതലാളിമാരുടെമാത്രം ഒരു കൃഷിയാണെന്നു പലരും ധരിച്ചിട്ടുണ്ടെന്നു സംശയിക്കാൻ കാരണമുണ്ട്. എന്നാൽ വാസ്തവത്തിൽ റബ്ബർകൃഷി കൂടുതലും ഇടത്തരക്കാരാണ് നടത്തുന്നതെന്നു അറിയിക്കാൻ ഞാൻ ഈയവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. ഏതാണ്ട് ൨൦൦-ൽ ശിഷ്ടം പേർ മാത്രമെ ൧൦൦ ഏക്കറിൽ കൂടുതൽ റബ്ബർ തോട്ടമുള്ളവരുള്ളു. ഇൻഡ്യയിലുള്ള റബ്ബർ കൃഷിയിൽ ൯൫ ശതമാനത്തോളവും ഈ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്താണു നടക്കുന്നതു എന്നുള്ളതു നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഇപ്പോൾ റബ്ബറിൻെറ വില നിയന്ത്രിച്ചിട്ടുണ്ട്. ൧൦൦ റാത്തലിനു ൧൩൮ രൂപയാണു ഗവണ്മെൻറ നിശ്ചയിച്ചിട്ടുള്ള വില. ഏതാനംമാസങ്ങൾക്കുമുമ്പ് ൧൨൮ രൂപയായിരുന്നു വില. ആ ൧൨൮ രൂപ ആയിരുന്നപ്പോൾ ഒരു കൃഷിക്കാരനു കിട്ടിക്കൊണ്ടിരുന്ന തുക ൧൨൫ രൂപയോളം ആയിരുന്നു. ൧൦ രൂപ കൂട്ടിയപ്പോൾ അതു കൃഷിക്കാർക്കു കിട്ടാതെയാണു വന്നിരിക്കുന്നതു്. ൧൦൦ രൂപയ്ക്കു വിററുകൊണ്ടിരുന്ന ഒട്ടുപാലിന് ൭൫ രൂപ മാത്രമെ വിലകൂട്ടലിനുശേഷം കിട്ടുന്നുള്ളു. ഗവണ്മെൻറ് റബ്ബറിൻെറ വില നിയന്ത്രിച്ചിരിക്കുന്നു

ആ നിയന്ത്രിതവില ഉൽപ്പാദകർക്ക് വാങ്ങിക്കൊടുക്കേണ്ട ധാർമ്മികമായ ചുമതല ഗവണ്മെന്റിനില്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്. ആ ചുമതല നിർവഹിക്കുന്നതിനു ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

3. P. M.]

ഇൻഡ്യാഗവണ്മെന്റിൽ നിന്നും പുതിയതായി ഒരു റബ്ബർ ആക്റ്റ് കൊണ്ടുവരാൻ പോകുന്നതായി ഞാൻ വായിക്കുകയുണ്ടായി. അതിൽ നൂറു റാത്തലിന് ഇന്ന് വ്യ അണ മാത്രമുള്ള എക്സൈസ് നികുതി ആറേകാൽ രൂപ വരെ വർദ്ധിപ്പിക്കാൻ വ്യവസ്ഥയുണ്ടെന്നാണ് ഞാൻ അറിയുന്നത്. ഈ കാര്യങ്ങളെല്ലാം ഇവിടത്തെ മന്ത്രിമാർ മനസ്സിലാക്കി വേണ്ടത്ര ചെയ്യണമെന്ന് ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

മററു കാർഷികവിഭവങ്ങളുടെ അധഃപതനക്കാര്യത്തിൽ ഗവണ്മെന്റിനു ചെയ്യാവുന്ന ചില പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സഹകരണാടിസ്ഥാനത്തിൽ പൂളിംഗ് സൊസൈററിയും മാർക്കററിംഗ് സൊസൈററിയും ഉണ്ടാക്കി കാർഷിക ഉൽപ്പന്നങ്ങൾ ശരിയായ വിലയ്ക്ക് വിൽക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇന്നു ഇതിനു തടസ്സമായി നിൽക്കുന്നത് മൂലധനം ഇല്ല എന്നുള്ളതാണ്. അതിലേയ്ക്ക് ഗവണ്മെന്റ് സബ്സിഡിയായിട്ടും വേണ്ടിവന്നാൽ വായ്പയായിട്ടും ധനസഹായം ചെയ്യണം. അതിന് ശരിയായ മാനേജുമെൻറ് ഏർപ്പെടുത്തണം. സഹകരണാടിസ്ഥാനത്തിൽ പൂളിംഗ് സൊസൈററിയും മാർക്കററിംഗ് സൊസൈററിയും ഓരോ വിഭവങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉണ്ടാക്കണം. കാർഷിക വിഭവങ്ങൾക്കു അതുവഴി വിപണികൾ കണ്ടുപിടിച്ച് ശരിയായ വിലയ്ക്ക് വിൽക്കാൻ സഹായിച്ചാൽ കർഷകരുടെ വൈഷമ്യങ്ങൾ കുറച്ചൊക്കെ പരിഹരിക്കാമെന്നാണ് എനിക്കു പറയാനുള്ളത്.

Mr. Speaker : Mr. Abdul Khader has sent in an amendment. The last part cannot be allowed to be discussed. If he is agreeable he may move the amendment excluding the last part.

Shri M. M. Abdul Khader : I am certainly willing. I am moving the amendment: Add at the end:

"but regret that the Address contains absolutely no mention of any policy or programme—

(a) to solve the colossal problem of mounting unemployment of the people ;

(b) to save the middle class from total bankruptcy ;

(c) to secure Central aid and financial allocations on the basis of the population and the needs of the people ;

(d) to mete out justice and fair treatment to the minorities."

The most important problem that is facing us today is the problem of phenomenal unemployment. Friends on this side have laid emphasis on the total failure of the coir industry. Not only is there unemployment in this particular industry but there is widespread un-

[Shri. M. M. Addul Khader]

employment throughout the State. There is the question of the middle class, of the educated unemployed. Mention has been made of the starting of a few factories here and there. As regards the Jumna Thread Factory at Korati, I may bring to your notice that applicants should produce character certificates from Catholic Priests or Police Inspectors. You can realise how difficult it is for large sections of people to produce certificates from such persons. The House is no doubt aware that it is quite impossible for a section of the people to get a certificate from the priests. So also is the case with Police Inspectors. I can bring to the notice of the Labour Minister himself how a person who was actually entertained has been sent out as he could not produce a character certificate from the Police Inspector, Alwaye. If I understand rightly, he has sent a representation to the hon. Minister. This is the state of affairs that exist in our State. These are the difficulties in obtaining jobs. These are intolerable and unconscionable state of things.

There is the big problem of unemployment and under-employment among the agricultural classes because of the falling prices of the agricultural products, especially coir products. Numerous seasonal labourers have been thrown out of work during this year and during last year. Of course, the Government is loath to find foreign markets beyond the dollar area. The Chief Minister may be afraid that exports beyond the doller area would import communism into this land. We can bargain for our terms inside the dollar area itself. Everybody in this House must be aware of the great percentage of American imports to India. The Americans are finding a market in our State for the bulk of their export trade. We have to export nine crores of rupees worth of coir products. Why not our Government prevail upon the Government of India to see that proper terms are got for exports of our coir products into the dollar area itself? There is the very recent example of the Ceylon-Chinese Agreement. Ceylon is exporting its pepper and coir products to China.

Mr. Speaker : The Centre is controlling these exports and imports.

Shri M. M. Abdul Khader : This is to be controlled by the Central Government. But it is our intense concern that our exports should find suitable markets. It is due to the incompetence of our Ministers that they fail to prevail on the Central Government to obtain good terms and to find such markets. That is the very reason for the acute unemployment in the coir industry.

There can be no dispute that pressure on land is the major problem in this State. Why should people look to land alone ? Simply

because they have no other avenues of employment. Industrialisation of the country is the only solution. What is the amount that we get for the industrial development of the State ? Ours is a narrow coastal country with small rivers. It is very difficult to plan big irrigation and hydro-electric projects. It is due to the negligence of the Council of Ministers in formulating proper plans suited to the needs of this State and to impress the same to be incorporated in the five year plan by the Central Government that we are deprived of any real benefits under the Five Year Plan. In three years already we have spent nearly 13 crores of rupees one half of the total in working out this Plan. We do not appear to have got any grant from the Centre during these three years. After spending 13 crores of rupees, what is it that we have got ? The Chief Minister will refer me to the Peechi Project. But it was there even before the Congress Government came into power.

Shri Panampilli Govinda Menon : When was it started?

Shri M. M. Abdul Khader : Before the Congress Government came into power.

Shri Panampilli Govinda Menon : No. Absolutely wrong.

Shri M. M. Abdul Khader : Then I stand corrected. But that does not alter my point.

Anyhow it was started before the dateline set for the commencement of the Five Year Plan, that is, somewhere near July 1951. So also is the Peringal Scheme. These schemes would have been continued and completed even if they had not been included in this Five Year Plan. That is the reality. By including these schemes in the Plan we have been deprived of the benefits of some other useful projects. These schemes which are already under way are merely projected into the Plan.

Another significant point in regard to this Five Year Plan is the wages policy. I may refer to page 120, Social Security. There, it is expressly laid down : " An increase in wages at this juncture may injure the country's economic stability by raising the costs of production. The volume of employment may also be affected adversely. wage inerease should there for be avoided except to remove anomalies or where the existing rates are abnormally low or if increased productivity can be obtained from renewal or modernisation of plant, or to restore the pre-war real wage. "

Then again, regarding bonus, almost the same thing is stated. Is this not an open invitation to the industrialists and capitalists to

[Shri M. M. Abdul Khader]

deny the demand for better working conditions by the labourers? Is it not a robust assurance to them that this Government would lend them its iron hand in crushing and putting down every demand for better living conditions on the part of the labour?

There is also the question of justice to the minorities. Mr. Majeed has referred to that. There is the Kerbala incident. Everywhere the Muslims have been very shabbily treated. Everything is being done on a communal basis. Minority claims are always overlooked even in regard to promotions.

Shri A. J. John : May I know certain instances?

Shri M. M. Abdul Khader : There is an instance in the High Court. There are other instances also. The case of the Director of Village Panchayats is another instance. There are many instances that give room for Muslims for complaint. Let not this Government be in a fools' paradise thinking that out of religious fervour and out of fear of Communism the Muslim community would rally round this Government. Even though that part of my amendment relating to the linguistic State of Kerala has not been allowed to be moved, I have to make a submission as it is a matter which concerns us tremendously.

Shri A. A. D. Luiz : Sir, it is a matter of great pleasure to thank His Highness the Raj Pramukh for the warm welcome and the opportunity afforded to examine the financial and administrative activities of the Government of His Highness the Raj Pramukh.

It is my primary duty to thank His Highness the Raj Pramukh and His Highness' Government on behalf of the Anglo-Indian community in this State for the substantial assurances incorporated in His Highness' speech. We assure the Government of His Highness our continued loyalty and every possible action on our part to promote peace and prosperity in this country. Our efforts shall be stronger to achieve that end. We shall dedicate our actions to create great successes in this country. I am sure our efforts shall be easier when they are directed for promoting the great cause of developing the country.

Sir, the Anglo-Indian community has contributed a considerable amount of man-power for the armed forces in India in the past years and I feel it is my duty to associate with the good sense and willingness of the community for the noble causes and also in union with them to associate with the kind sentiments expressed by His Highness the Raj Pramukh at the demise of Shri N. Gopalaswami Aiyengar. He was a great man and I hope the enthusiasm and high administrative capacity he displayed shall be a great lesson for his successors.

It is indeed a great pleasure to note that ther e is a mention about the Five Year Plan. For a vast country like India, we need a plan of this description to bring into effective success the economic transformation which is much needed and the sooner it is adopted the better it is for our country. The citizens of this country do fully realise that the resources of the State have not been exploited. I trust, with the incorporation and proper working of the Five Year Plan, our State will become prosperous in every field of activity. The citizens will fully realise that they should put in a little more work on their part to make the Five Year Plan a great successs.

The financial condition of the State was not very satisfactory after handing up to the Centre the chief revenue resources of this State. However, the Centre have been very generous in their assistance to make up the revenue gap. It is also a pleasure to note that the Finance Commission has recommended a grant-in-aid to this State under Article 275 (1) of the Constitution to compensate deficiencies. A small State like ours may present a deficit budget but with the help of such a grant-in-aid, a balance can be maintained. There is every positiveness that in case of need, the Centre will come to the rescue. It is the duty of every citizen to assist the Government with his contributions. There might even be possibilities when to make up a deficit in the budget, additional taxation may be resorted to. When the citizen of the country realises that the State is in the high way of progress he will put forth all his might to make it a greater success.

Sir, a chief factor to be noted in the finance of our State is that it has lost considerable revenue by no sales-tax on interstate trade. Revenues from excise have also gone down. The State has enhanced the salaries of teachers. They have embarked on a million ventures which require financial assistance. Therefore I appeal to the citizens to render the State every possible assistance and to go ahead with such progressive and constructive work.

Food has been our very great need. It is a very delicate matter because even now the State is in a deficit condition as regards food. It is to be appreciated that a large acreage has been brought under cultivation and even now efforts are going on to bring more and more acreage under cultivation so that scarcity in the State could be minimised to the maximum extent possible. There should be a high sense of duty in every citizen to assist the State in the Grow More Food scheme, as food is our fundamental need.

It is indeed happy to note that industry and industrial labour is making rapid progress. I am sure the industrial labour in the State

[Shri A. A. D. Luiz]

described to be intelligent in secure will secure to the entire India à bright industrial victory. The leader of the Opposition made certain remarks about the industrial tribunal and coir works. I would like to brnig to his kind attention the horrible international financial situation and financial stringency in this stage at large. However, I fully hope the leader of the Opposition will play a great part and advise the labour that is producing the goods to keep up the standard of specifications so that no complaint comes from foreign markets. I feel the leader of the Opposition and his school of thought who attempts to have more contact with the industrial labour here will proclaim this idea. Here is a fine opportunity for you to contribute much for the prosperity of the country. Do our part well.

With regard to the land policy, I am happy to state that there is a beautiful Bill in the anvil, which is going to give the tiller of the soil a much better position than what he occupies today and the same will also eliminate the absentee landlord. Land legislation is indeed a very difficult matter and as such it has to be carefully analysed. If that subject is roughly handled, it will bring about disrespect not only for land and its holder ,but also for the Government. There is a host of people waiting for land in this State and if distribution is made of all the land available, only a small fraction could be secured for each individual which may tempt him either to disrespect the offer or even neglect the land and ultimately that act will reflect on the Government. I feel sure that land legislation which is on its way, will maximise the production of food.

There is another point on which the Government of the State is to be congratulated. Not long ago, there was a political gloom, so to say, in the country, but it was not allowed to raise its head on account of the stringent measures adopted by Government. The Government of the State should continue its genuine propaganda. I mean democratic propaganda, and should convince the citizens of the State that revolution against recognized form of Government, revolution against private property and revolution against the very fundamentals of freedom cannot be appreciated and such an attitude cannot be the basis on which a progressive nation can be formed. This is a matter on which the Government is to be congratulated by every citizen of the State. By use of gentle democratic propaganda alone can the totalitarian schools of thought be defeated in their plans of working for the destruction of humanity. Success in the recent Municipal elections is an illustration of good propaganda by the Government. I hope that this policy will continue in the forthcoming Panchayat elections as well, since it is all the more good for the Government. The democratic ideas of the country should be

stabilised in this manner. The totalitarian school of thought will preach that there is more distress and dissatisfaction among the people of the land at this period and they will also try to convince the masses that such dissatisfaction has been wrought by starvation and misery and so on, as purely caused by the Government of to-day. I am sure that with the clear knowledge of what is going on abroad, it will be possible for the Government to prevent people from going on to the wrong path. It is a matter for congratulation that the democratic Government is doing its best for promoting prosperity in the country. It is a fact that the Government has discovered the existence of some discontent among the people as a result of the knowledge of what is prevailing in the rest of the world. By the introduction of more and more knowledge democratic ideas should be developed in the country. By means of propaganda the citizens at large should be put into a mood to do more and better work which will contribute to the progress of this country.

ശ്രീ. വാറുണ്ണി പുളിക്കൽ: സർ, ഇക്കൊല്ലത്തിൽ നമ്മുടെ രാജപ്രമുഖൻ തിരുമേനി അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉന്നയിച്ചിരുന്ന കാര്യങ്ങളെ സംബന്ധിച്ച് പല പല ഭേദഗതികൾ എതിർപക്ഷത്തു നിന്നു കൊണ്ടുവരികയുണ്ടായി. ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് അവർ നടത്തിയ പ്രസംഗങ്ങളിൽ ചിലതു് ഞാൻ അവഗാഢം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രധാനമായി എതിർപക്ഷനേതാവിന്റെ പ്രസംഗം തന്നെയാണ് എന്റെ ശ്രദ്ധയിൽ പെട്ടതു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, കഴിഞ്ഞ വർഷം നന്ദി പ്രകടിപ്പിക്കുന്നതിനെതിരായി അദ്ദേഹം ഉന്നയിപ്പിച്ച എതിർപ്പിൽ കണ്ട ഓജസ്സ് കണ്ടില്ലെന്നു മാത്രമല്ല നിരാശ, നിരാശ എന്ന പദം പല സന്ദർഭങ്ങളിലും അദ്ദേഹം പ്രയോഗിക്കുകയും ചെയ്തു. ഏതോ നിരാശയുടെ നിഴൽ അദ്ദേഹത്തിനു തട്ടിയിട്ടുണ്ടായിരിക്കണം. അതിനുള്ള കാരണം എന്താണെന്നു ആലോചിച്ചതിൽ എനിക്കു തോന്നിയതു് നമ്മുടെ കോൺഗ്രസ്സ് ഗവണ്മെന്റ് ഇന്നലെവരെ ചെയ്തിട്ടുള്ള ജനക്ഷേമപരമായ പ്രവർത്തനങ്ങളും വരുന്ന വർഷത്തേയ്ക്കു നൽകീട്ടുള്ള ഉറപ്പും ആയിരിക്കണമെന്നാണ്. ഇവ രണ്ടും എതിർ പക്ഷത്തേയ്ക്കു് വലിയ നിരാശ കൊടുത്തിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

ജനക്ഷേമപരമായ പല കാര്യങ്ങളും ചെയ്തുവെന്നും ഇനിയും പല കാര്യങ്ങളും ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്നും രാജപ്രമുഖൻ തിരുമനസ്സിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചുകാണുന്നു. എന്നിട്ടും യാതൊരു നന്മയും പൊതുജനങ്ങൾക്കുവേണ്ടി ഗവണ്മെന്റ് ചെയ്തിട്ടില്ലയെന്ന ആരോപണം ചെലുത്തി മുതലെടുക്കാൻ തുടങ്ങുന്നതു് ഈ ഘട്ടത്തിൽ എത്രത്തോളം സുസാദ്ധ്യമായിരിക്കുമെന്നുള്ളതു് എതിർപക്ഷക്കാർ ചിന്തിക്കേണ്ടതാണ്. പൊതുജനങ്ങളിൽ നമ്മുടെ ഗവണ്മെന്റ് ദൈനംദിനം വിശ്വാസം ആർജ്ജിച്ചുവരുന്നതുകൊണ്ടും എതിർപക്ഷത്തിന്റെ സൂത്രങ്ങൾ ഇനി ചെലവാകാൻ പോകുന്നില്ല എന്നു മനസ്സിലാക്കിയതുകൊണ്ടും ഗവണ്മെന്റിന്റെ വിലയേറിയതും ഉപകാരപ്രദവുമായ ഭരണരീതികൊണ്ടും

[ശ്രീ. വാറുണ്ണി പുളിക്കൽ]

ആയിരിക്കാം എതിർപക്ഷത്തിനു ഇത്രത്തോളം നൈരാശ്യമുണ്ടായതു്. എതിർപക്ഷകക്ഷികൾ രാജ്യത്തു് കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി തൊഴിലാളിയേയും മുതലാളിയേയും തമ്മിൽ അടുപ്പിക്കാതെ പലസ്ഥലത്തും കലഹം കൂട്ടി തെക്കൻതിരുവിതാംകൂർ മുതൽ വടക്കൻ തിരുവിതാംകൂർ വരെയും അവിടെ നിന്നും കൊച്ചിയിലെയ്ക്കും ഇളക്കിവിടുകയുണ്ടായി. പല തൊഴിൽ തർക്കങ്ങളും ഉണ്ടാക്കി പല സ്ട്രൈക്കുകളും നടത്തി എതിർപക്ഷക്കാർ വിജയം വരിച്ചു എന്നു വിചാരിച്ചിട്ടുണ്ടായിരിക്കാം. യഥാർത്ഥത്തിൽ അവരുടെ ഈ വിജയങ്ങൾ പരാജയമാണെന്നു അവർ അറിയുന്നില്ല. അങ്ങിനെ തൊഴിലാളി തർക്കങ്ങൾ തുടങ്ങി പല തൊഴിലാളി തർക്കങ്ങളും ഒരു സ്ട്രൈക്കിൽ അവസാനിപ്പിക്കത്തക്ക സകല പരിതഃസ്ഥിതികളും ഇവർ ഉണ്ടാക്കി. നമ്മുടെ ഗവണ്മെൻറ് അവയെ സുധീരമായി എതിർത്തു പോരാടുകയാണു ചെയ്തതു്. പല നയതന്ത്രങ്ങളും പ്രയോഗിച്ചു ഈ സ്ട്രൈക്കുകളെ നാമാവശേഷമാക്കി രാജ്യത്തു സ്വൈരത ഉണ്ടാക്കിയതിനു നാം ഗവണ്മെൻറിനോടു എപ്പോഴും കൃതജ്ഞതയുള്ളവരായിരിക്കണം. മാത്രമല്ല, തൊഴിലാളികളേയും മുതലാളികളേയും തമ്മിൽ കൂടുതൽ അടുപ്പിക്കുകയും ഇരുവർക്കും ഗവണ്മെൻറിനോടു വിശ്വാസവും സ്നേഹവും ഉണ്ടാകത്തക്ക ഒരന്തരീക്ഷം സൃഷ്ടിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ഗവണ്മെൻറിന്റെ ചെയ്തികൾ ഓരോന്നായി എടുത്തു അവസരം കിട്ടുമ്പോഴെല്ലാം അവയെപ്പററി നിശിതമായ വിമർശനങ്ങളും മററും നടത്തി അപലപിക്കുന്നതു നിരാശയല്ലെങ്കിൽ വിദ്വേഷത്തിന്റെ ഫലമായിട്ടാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. രാജപ്രമുഖൻ തിരുമനസ്സിലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതുപോലെ വ്യാവസായികപുരോഗമനത്തിനുവേണ്ടി പലതരം വ്യവസായസ്ഥാപനങ്ങൾ ഉൽഘാടനം ചെയ്കയും തൊഴിലില്ലായ്മയെ പരിഹരിക്കാൻവേണ്ടി അത്തരം വ്യവസായങ്ങൾക്കു അർഹിക്കുന്ന പ്രോത്സാഹനങ്ങൾ നൽകി പരിപോഷിപ്പിക്കാൻ തയാറായി ഇരിക്കുന്ന ഗവണ്മെൻറിനെ യാതൊരു കാരണവും കാണാതെ കുററപ്പെടുത്തുകയുമാണു് ചെയ്യുന്നതു്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി മറെറാരു മാർഗ്ഗമായ കമ്മ്യൂണിററി പ്രോജക്ററ് അതിവിപുലമായ തോതിൽ സമാരംഭിച്ചിരിക്കുകയാണു്.. അതുപോലെ തന്നെ ആലപ്പുഴ-ചേർത്തല തോടുവെട്ടിന്റെ കാര്യത്തിലും ഗവണ്മെൻറിന്റെ അവഗാഢമായ ശ്രദ്ധപതിഞ്ഞിരിക്കുകയാണു്. ഏതെല്ലാം വിധത്തിൽ ഗവണ്മെൻറിനെക്കൊണ്ടു് കഴിവുണ്ടോ ആ വിധത്തിലെല്ലാം രാജ്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെൻറാണു് നമ്മുടെ ഗവണ്മെൻറ്. കുററംപറയാൻ വളരെ എളുപ്പമാണു്. പക്ഷെ പ്രവർത്തിക്കാൻ മാത്രമെ പ്രയാസമുള്ളു. രാഷ്ട്രീയമായിട്ടും സാമൂഹ്യമായിട്ടും ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവണ്മെൻറിനു ചെറിയ ചെറിയ കുററങ്ങളും കുറവുകളും വന്നുപോയാൽതന്നെയും പൊതുവെ രാജ്യനന്മയ്ക്കു് ഉതകത്തക്ക പല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നു സമാധാനിച്ചുകൊണ്ടു് മററാക്ഷേപങ്ങളെ ഒക്കെയും വിസ്മരിക്കേണ്ടതാണു്.

അതുകൊണ്ടു് എനിക്കവസാനമായി പറയാനുള്ളതു് നിലവിലിരിക്കുന്ന ഗവണ്മെൻറിനെ പലവിധത്തിലും നാം ഒത്തൊരുമിച്ചു് സഹായിച്ചു ഭരണത്തെ മുന്നോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരായിരിക്കേണ്ടതാണു് എന്നുള്ളതാണു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സർ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു എന്റെ സ്നേഹിതൻ ശ്രീമാൻ കാപ്പൻ അവതരിപ്പിച്ചിട്ടുള്ള കൃതജ്ഞതാപ്രമേയത്തെ അനുകൂലിക്കാൻ എനിക്കു സന്തോഷമുണ്ടു്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉണ്ടായ സാഹചര്യവും ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായ സാഹചര്യവും തമ്മിൽ നോക്കുകയാണെങ്കിൽ അന്നിവിടെ ഇല്ലായിരുന്ന പല മാന്യ സ്നേഹിതന്മാരും ഇന്നു് അതായതു് അദ്ദേഹത്തിന്റെ പ്രസംഗവേളയിൽ സന്നിഹിതരായിരുന്നുവെന്നുള്ളതു് സന്തോഷകരമാണു്.

തിരുമേനിയുടെ കഴിഞ്ഞകൊല്ലത്തെ പ്രസംഗം നോക്കുകയാണെങ്കിൽ മനുഷ്യനെ മനുഷ്യനാക്കാനുള്ള ബോധമുണ്ടാക്കത്തക്ക ഒരു പ്രസംഗമായിരുന്നു അതു്. എന്നാൽ ഇപ്പോഴാകട്ടെ ഏതുവിധേനയും ഭരണം സുഗമമായി പുരോഗമിച്ചുകൊള്ളുമെന്നുള്ള വിശ്വാസം ഉളവാക്കുന്ന ഒരു പ്രസംഗമാണു് ചെയ്തിട്ടുള്ളതു്. തിരുമേനിയുടെ പ്രസംഗത്തിൽ പല ഭാഗങ്ങളും ചേർക്കേണ്ടതായിട്ടുണ്ടെന്നും പലതും വിട്ടുകളഞ്ഞു എന്നും മറ്റും ഇവിടെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. വിട്ടുപോയിട്ടുള്ള ചില കാര്യങ്ങൾക്കായി ഭേദഗതികളും ഇവിടെ ബഹുമാനപ്പെട്ട മെംബറന്മാരിൽ ചിലർ ഹാജരാക്കിയിട്ടുണ്ടു്. ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയങ്ങളെല്ലാംകൂടി ചേർത്തു ഒരു പ്രസംഗം ഉണ്ടാക്കിയാൽത്തന്നെയും പിന്നെയും പല ഭേദഗതികളും വരാവുന്നതാണു്. അങ്ങനെ വരാതിരിക്കണമെങ്കിൽ പണ്ടൊരു സ്നേഹിതൻ പറഞ്ഞതുപോലെ എഴുതാതിരുന്നാൽ വെട്ടേണ്ടിവരുകയില്ല, എന്നു പറഞ്ഞ രീതിയിലാണു്. തിരുമേനിയുടെ പ്രസംഗത്തിൽ ചില ഭാഗങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽത്തന്നെയും ബഡ്ജറ്റുസമ്മേളനത്തിൽ അവകളെപ്പറ്റി കൂടുതൽ ചർച്ച ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുമെന്നുള്ള പ്രത്യാശയോടാണു് അദ്ദേഹം പ്രസംഗം ചുരുക്കിയിട്ടുള്ളതു്. എന്റെ ചില സ്നേഹിതന്മാർ ഇവിടെ പ്രസ്താവിക്കയുണ്ടായി സാമ്പത്തികമായി പല നന്മകളും തെക്കൻതിരുവിതാംകൂറിനേക്കാൾ കൂടുതൽ വടക്കൻ തിരുവിതാംകൂർകാർക്കാണു ലഭിച്ചിട്ടുള്ളതെന്നു്. പക്ഷേ എന്നോടു ചോദിക്കുകയാണെങ്കിൽ വടക്കൻ തിരുവിതാംകൂറിനെക്കാളും തെക്കൻ തിരുവിതാംകൂറിനെക്കാളും പല നന്മകളും അല്ലെങ്കിൽ കൂടുതൽ പണം ചെലവാക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതു് ഈ തിരുവനന്തപുരം താലൂക്കിലാണെന്നാണു് തോന്നുന്നതു്. വടക്കൻ തിരുവിതാംകൂറിൽ കൂടുതലായിട്ടു യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. എന്നാൽ അവിടെ വേണ്ട കാര്യങ്ങൾക്കു് തുകകൾ അനുവദിക്കുന്നില്ലെന്നു ധരിക്കേണ്ട. പൊതുവേ പറയുകയാണെങ്കിൽ മന്ത്രിയുടെ അയൽവക്കക്കാരനായ എന്റെ സ്നേഹിതൻ മി. കുഞ്ഞൻ നാടാക്കു് അദ്ദേഹത്തിന്റെ നാട്ടിൽ കിട്ടുന്നതുപോലെയുള്ള ആനുകൂല്യങ്ങളൊന്നും ഞങ്ങൾക്കു കിട്ടുന്നില്ലെന്നേ പറയുന്നുള്ളു. എന്തായാലും അദ്ദേഹം മന്ത്രിയുടെ അയൽവക്കക്കാരനല്ലേ? രാജ്യനന്മയ്ക്കുതകുന്ന പലവിധ ഒത്താശകളും ചെയ്തുകൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ ഒരു കടമയാണെന്നുകൂടി എനിക്കീ അവസരത്തിൽ പ്രസ്താവിക്കുവാനുണ്ടു്.

[ശ്രീ. കെ. പി. കൃഷ്ണമേനോൻ.]

ശ്രീമാൻ കാപ്പൻ പറഞ്ഞതുപോലെ, കൊല്ലം-എറണാകുളം റെയിൽവേപണി തുടങ്ങാൻ പോകുന്നുവെങ്കിൽ ആ കൂട്ടത്തിൽ സ്റ്റേററ ഗവണ്മെൻറ ചെറിയ ചെറിയ ലൈൻ നീട്ടി ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടതാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. എനിക്കധികമൊന്നും പ്രസംഗിക്കേണ്ടതായിട്ടില്ല. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം വളരെ ആർഭാടരഹിതവും ലളിതവും ഹ്രസ്വവുമായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: ഞാൻ ഞങ്ങളുടെ നേതാവിന്റെ ഭേദഗതിയെ അനുകൂലിച്ചു സംസാരിക്കുവാൻ പോകുകയാണ്. ഇവിടെ പല പ്രസംഗങ്ങളും നടന്നു. പലരുടേയും അഭിപ്രായഗതികൾ ഈ ഭേദഗതിയെ സംബന്ധിച്ചു കേൾക്കുകയുണ്ടായി. നമ്മുടെ സഭയുടെ ഡെപ്യൂട്ടി സ്പീക്കറും അദ്ദേഹത്തിന്റെ അഭിപ്രായം പറയുകയുണ്ടായി. കഴിഞ്ഞ വർഷം രാജപ്രമുഖന്റെ നയപ്രഖ്യാപനപ്രസംഗവേളയിൽ ഈ സഭയിൽ ഹാജരില്ലാതിരുന്നവർ ഇത്തവണ ഹാജരായിരിക്കുന്നതു് ശുഭോദർക്കമാണെന്നും ഇത്തവണ രാജപ്രമുഖന്റെ പ്രസംഗത്തിനു കൃതജ്ഞത രേഖപ്പെടുത്തുന്ന പ്രമേയത്തിനു ഭേദഗതി അവതരിപ്പിക്കുന്ന അവർ അടുത്ത തവണ കൃതജ്ഞതാപ്രമേയത്തിനു ഭേദഗതിയുംകൂടി അവതരിപ്പിക്കുകയില്ലെന്നു വിശ്വസിക്കാമെന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഈ അഭിപ്രായം രേഖപ്പെടുത്തിയ ഡെപ്യൂട്ടി സ്പീക്കർ കഴിഞ്ഞതവണ കാൺഗ്രസ്സുകാരനല്ലായിരുന്നു. ഇന്നു് അദ്ദേഹം കാൺഗ്രസ്സുകാരനാണ്. അടുത്തതവണ അദ്ദേഹം മന്ത്രിക്കസേരയിലേയ്ക്കു പോകരുതു്. അദ്ദേഹത്തിന്റെ നോട്ടമതായിരിക്കാം. അതും ആകാതിരിക്കയില്ലെന്നു ആരു് കണ്ടു.

നിയമസഭയുടെ കഴിഞ്ഞ പല സമ്മേളനങ്ങളിലും സർവ്വീസു സംയോജനം പൂർത്തിയാക്കാത്തതിനെപ്പററി നിശിതമായ വിമർശനങ്ങളും വളരെ വേഗം അതു് പൂർത്തിയാക്കാമെന്നു ഗവണ്മെൻറഭാഗത്തുനിന്നു്, മറുപടിയും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഇന്നും സർവ്വീസ് സംയോജനം പൂർത്തിയാക്കിയിട്ടില്ല. അതേപ്പററി രാജപ്രമുഖന്റെ പ്രസംഗത്തിൽ ഒരു നേരിയ സൂചനപോലും നൽകിയിട്ടുമില്ല.

കൊച്ചിക്കാരനെന്നും തിരുവിതാംകൂർകാരനെന്നുമുള്ള വ്യത്യസ്ഥമനോഭാവം സർവ്വീസിൽ ഇനിയും പാലിക്കുന്നതു് ഈ ഗവണ്മെൻറിനു് ശരിയല്ല. അതു് തുടന്നു പുലർത്തിക്കൊണ്ടുപോകുന്നതും തികച്ചും ആശാസ്യമല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്- തിരുവിതാംകൂർ വിഭാഗത്തിന്റെ മന്ത്രിയെന്നും കൊച്ചി വിഭാഗത്തിന്റെ മന്ത്രിയെന്നും സാധാരണക്കാരൻ വരെ ധരിച്ചുപോരാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന ഇത്തരം നടപടികൾ ജനകീയ ഗവണ്മെൻറ എന്നഭിമാനിക്കുന്ന ഏതൊരു ഗവണ്മെൻറിനും ഭൂഷണമല്ല; ഖേദകരവുമാണ്.

൩൭൧-ാംവകുപ്പനുസരിച്ചു തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനെപ്പോലെതന്നെയുള്ള മൈസൂർ സ്റ്റേററിനെ ൧൯൫൧ ഡിസംബറിൽ ഇൻഡ്യൻ പ്രസിഡൻറിന്റെ പ്രത്യേക ആർഡറിൻപ്രകാരം ഒഴിവാക്കിക്കൊണ്ടുള്ള സ്റ്റേററമിനിസ്ത്രീയുടെ ഒരു റിപ്പോർട്ടിൽ പറയുന്നതു്, തിരുവിതാംകൂർ-കൊച്ചിയെ ൩൭൧-ന്റെ പരിധിയിൽനിന്നും ഒഴിവാക്കു

വാൻ സാദ്ധ്യമല്ലാത്തതു് തിരുവിതാംകൂറും കൊച്ചിയും തമ്മിലുണ്ടായ സംയോജനത്തിന്റെ ഫലമായി സംജാതമായ സർവീസുസംയോജനം തുടങ്ങിയുള്ള ഭാരിച്ച ചുമതലകൾ നിർവ്വഹിക്കാനുള്ളതുകൊണ്ടാണെന്നു പറയുന്നു.

ഈ സംസ്ഥാനങ്ങളുടെ സംയോജനത്തിനു സൂത്രധാരത്വം വഹിച്ച ചീഫ്സെക്രട്ടറിയായിരുന്ന ശ്രീ. വി. പി. മേനോൻ ഈയിടെ എറണാകുളത്തു് ഇവിടത്തെ മന്ത്രിമാരായ ശ്രീ. കളത്തിൽ വേലായുധൻനായരും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും സംബന്ധിച്ച ഒരു യോഗത്തിൽ ഈ സർവീസുസംയോജനം ഇത്രയും നീട്ടിക്കൊണ്ടുപോയതിനു് ആവശ്യമില്ലായിരുന്നു എന്നു കുററപ്പെടുത്തുകയുണ്ടായി.

സർവീസുസംയോജനത്തിന്റെ ചുമതലകൾ വഹിക്കുന്ന ഈ രണ്ടു മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ആ വിവരമറിയാവുന്ന മി. വി. പി. മേനോൻ ഇത്തരമൊരു പ്രസ്താവന ചെയ്തതു് അർത്ഥഗർഭമാണു്. ചില്ലറ ഡിപ്പാർട്ടുമെൻറുകളുടെ സംയോജനം നടത്തിയിട്ടുണ്ടെങ്കിലും പാകപ്പിഴകളുണ്ടെന്നും തികച്ചും ആശാസ്യമല്ലെന്നുമുള്ള ഒരഭിപ്രായഗതി ഇന്നു് നിലവിലുണ്ടു്. ഈ ചിന്താഗതി തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിലും കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരുടെയിടയിലുമുണ്ടു്.

ഇത്തരമുള്ള സൃഷ്ടിപരമായ വിമർശനങ്ങൾ നടത്തുമ്പോൾ അവ കാവുതീണ്ടലാണെന്നു് ബുദ്ധസന്യാസിമാരായ ഈ മന്ത്രിമാർ പറഞ്ഞാൽ അതു് വളരെ ആക്ഷേപകരവും അവഹേളനപരവുമായ ഒരു മറുപടിയാണെന്നുമാത്രമേ പറയുവാനുള്ളു.

സർ, ഇതു് ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ അതൃപ്തിയുളവാക്കിയിട്ടുള്ള ഒരു സംഗതിയാണെന്നു ഇവർ ധരിക്കണം.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ അദ്ദേഹത്തിന്റെ കൃതജ്ഞതാപ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ കൊരട്ടിയിൽ ഉണ്ടനൂൽ ഫാക്ടറി തുടങ്ങിയെന്നും ആലുവായിൽ റെയർഎർത്ത് ഫാക്ടറി പുതിയതായി സമാരംഭിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. അവിടെ എത്ര പേർക്കുജോലി കൊടുക്കാൻ കഴിയുമെന്നുള്ള വസ്തുത മെംബർ അന്വേഷിച്ചിട്ടില്ല. ഇതു് പുതിയ ഫാക്ടറിയുടെ കാര്യം. അതു് നിൽക്കട്ടെ. ഗവണ്മെൻറു് പണം മുടക്കി നേരിട്ടും അല്ലാതെയും നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി എന്താണു്? എത്ര ഫാക്ടറികൾ ഇന്നു തൊഴിലാളികൾക്കു് വേല നൽകാതെ പൂട്ടിയിട്ടിരിക്കുന്നു! കുണ്ടറയിലെ അലൈഡ് ഫാക്ടറിയും, ഇനാമൽ ഫാക്ടറിയും ഇന്നു പൂട്ടിയിട്ടിരിക്കുകയാണു്. ജോലി നടന്നുവരുന്ന സിറാമിക് ഫാക്ടറിയിൽ നിന്നും 500 പേരെ ഇന്നു പിരിച്ചുവിട്ടിരിക്കുകയാണു്. തിരുവനന്തപുരത്തെ ഗവണ്മെൻറു കൂടി മുതൽ മുടക്കിയിട്ടുള്ള ടൈറ്റാനിയം ഫാക്ടറി ഇന്നു പൂട്ടിയിട്ടിരിക്കുകയാണു്. റബ്ബർഫാക്ടറി പൂട്ടി, പൂട്ടിയില്ല എന്ന മട്ടിൽ ഇഴഞ്ഞു നീങ്ങുന്നു. ഫാക്ടറിയുടെ നടത്തിപ്പിലുള്ള ദോഷം കൊണ്ടാണു് അധഃപ്പതനം വന്നു്, അവ പൂട്ടിയിടപ്പെട്ടതെങ്കിൽ ആ ദോഷം പരിഹരിച്ചു വീണ്ടും ഫാക്ടറികൾ തുറന്നു അതിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ തൊഴിലില്ലായ്മയ്ക്കു ന്യായമായ പരിഹാരം ചെയ്യുകയുമാണു് വേണ്ടതു്.

[ശ്രീ. പ്രാക്കുളം ഭാസി]

ഇതു് ചെയ്യുന്നില്ലെന്നു മാത്രമല്ലാ തൊഴിലില്ലായ്മയുടെ പരിഹാരത്തിന്നു ഗവണ്മെൻറിൽ നിന്നും കാര്യമായി ഒന്നുംതന്നെ ചെയ്യാതെ തൊഴിലില്ലായ്മയിലേക്കു തൊഴിലാളികളെ തള്ളിവിടുകയാണു് ചെയ്യുന്നതു്.

കൂടാതെ അഭ്യസ്തവിദ്യരായ ആളുകളുടെ തൊഴിലില്ലായ്മയ്ക്കും പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അവരുടെ സംഖ്യ അനുക്രമം വർദ്ധിച്ചു വരികയാണു്. ഈ ഗുരുതരമായ അവസ്ഥ തുടരുന്നതു് ആപൽക്കരമാണു്. ഈയിടെ ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടറന്മാർ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു ഇൻറർവ്യൂ നടത്തിയപ്പോൾ അവിടെ ക്യൂ ആയി നിരന്നുനിന്ന ജനപ്പെരുപ്പം ഈ ഗുരുതരാവസ്ഥയുടെ ഉത്തമോദാഹരണമാണു്.

ഈ നാട്ടിലെ എല്ലാ തൊഴിൽ വ്യവസായ ശാലകളിലുമായി ൬൩,൦൦൦ പേർക്കു തൊഴിൽ നൽകിയിട്ടുണ്ടെന്നു ഒരു ഔദ്യോഗികക്കുറിപ്പിൽ കാണുന്നു.

എൻെറ നിയോജകമണ്ഡലത്തിലെ ചവറ മിനറൽസ് ഫാക്ടറികളെക്കുറിച്ചു എനിക്കു ചിലതു് പറയാനുണ്ടു്. വലിയ ആദായം ഗവണ്മെൻറിനു് കിട്ടിക്കൊണ്ടിരിക്കുന്ന ആ മണൽ ഫാക്ടറികളിലെ തൊഴിലാളികൾ ഒരു തുച്ഛമായ ശമ്പളക്കൂടുതൽ ആവശ്യപ്പെട്ടപ്പോൾ അതു് ആർ. എസ്സ്. പി. യുടെ രാഷ്ട്രീയമുതലെടുപ്പാണെന്നു പറഞ്ഞുകൊണ്ടു അവരെ ഇന്നൊരു പണിമുടക്കിലേയ്ക്കു തള്ളിവിടാനുള്ള സാഹചര്യങ്ങൾ ഈ ഗവണ്മെൻറു സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ന്യായമായ അവകാശങ്ങൾക്കു വേണ്ടി, അവശതകൾ പരിഹരിക്കുവാൻവേണ്ടി, മററു ഗത്യന്തരമില്ലാതെ വരുമ്പോൾ ഒരു പണിമുടക്കിലേയ്ക്കു പാവപ്പെട്ട തൊഴിലാളികൾ നീങ്ങുമ്പോൾ, തൊഴിൽ കുഴപ്പങ്ങൾക്കു പരിഹാരം കാണാനെന്നു പറഞ്ഞു ഇവിടെ ഒരു ലേബർ വകുപ്പുണ്ടാക്കിയിട്ടുണ്ടെങ്കിലും അതിൻെറ കമ്മീഷണരോ, അസിസ്റ്റൻറു ലേബർ കമ്മീഷണരോ, ലേബർ ഇൻസ്പെക്ടരോ അല്ല അതിൽ ഇടപെടുന്നതു്. ഇവിടത്തെ പോലീസു ഇൻസ്പെക്ടർ മുതൽ ഐ. ജി. വരെയുള്ള പോലീസു ഉദ്യോഗസ്ഥന്മാരും, പോലീസു മന്ത്രിയുമാണു് ഉൾപ്പെട്ടു മർദ്ദിച്ചു ഒതുക്കാൻ ശ്രമിക്കുന്നതു്. ഈയിടെ അന്തിക്കാട്ടു നടന്ന സംഭവം ഇതിനുദാഹരണമാണു്.

ഒരു ടണ്ണിനു ഒരു രൂപ മാത്രം രാജഭോഗം കിട്ടിക്കൊണ്ടിരുന്ന സർക്കാരിനു് ഇന്നു ൯൦ രൂപയോളം ആദായം കിട്ടുന്നുണ്ടു്. ഒരു ടണ്ണിനു ൧൪.൭൭ (Rs. ൧൪.൭) രൂപയാണു് ഉൽപ്പാദനച്ചെലവുണ്ടാകുന്നതു്, ഇന്നു വിൽക്കുന്നതു് ഏകദേശം ൪൪-ൽ ചില്വാനം രൂപയ്ക്കാണു്. ഏതാണ്ടു ഒന്നര ലക്ഷം ടണ്ണോളം മണ്ണു വർഷംതോറും ഇവിടെ നിന്നു കയററിയയയ്ക്കുന്നുണ്ടെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇത്ര ഭീമമായ ആദായം ഗവണ്മെൻറിനു കിട്ടുമ്പോൾ തുച്ഛമായ ഒരു കൂലി കൂടുതൽ തൊഴിലാളികൾ ആവശ്യപ്പെട്ടാൽ അവരെ മർദ്ദിച്ചൊതുക്കാമെന്നാണു് ഈ ഗവണ്മെൻറു് വ്യാമോഹിക്കുന്നതു്. ഈ തൊഴിലാളികളെ കാൺഗ്രസ്സിൻെറ കൊടിക്കീഴിലുള്ള സംഘടനയിൽ സംഘടിപ്പിക്കാൻ വൃഥാ ശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണു്. അതിനു ഈ ഗവണ്മെൻറു കൂട്ടുനിൽക്കുന്നുമുണ്ടു്. എന്നാൽ ഒരു കാര്യം ഇവർ ധരിക്കണം. "ചെങ്ങന്നൂ

രിലെ ചെമ്മണ്ണല്ല ചവറയിലെ കരിമണ്ണ്". അനേകശതം തൊഴിലാളികളുടെ ജീവരക്തം വീണു കട്ട പിടിച്ചതാണ്, ആ കരിമണ്ണ്. മനുഷ്യപ്രയത്നത്തിൽ മരതകം വിളയുന്ന ആ മുതലു കൈയടക്കിവച്ച് മാനുഷികമൂല്യങ്ങളുൽപ്പാദിപ്പിക്കുന്ന തൊഴിലാളികളുടെ അവശതകളുടെ നേരെ കണ്ണടക്കുകയും അവരെ മർദ്ദിച്ചൊതുക്കുകയും ചെയ്യാമെന്നു ഈ ഗവണ്മെൻറ വ്യാമോഹിക്കുന്നുണ്ടെങ്കിൽ കഴിഞ്ഞ അനുഭവം തന്നെയായിരിക്കും മേലിലും ഉണ്ടാകുന്നതെന്നു ഇവർക്കോർമ്മയിരിക്കട്ടെ.

ഇത്തരുണത്തിൽ രസകരമായ ഒരു കഥ എൻെറ ഓർമ്മയിലെത്തുന്നു.

ഒരാൾ ഒരു ഡാക്ടരെ സമീപിച്ചു തലച്ചോറിനു എന്തോ സാരമായ തകരാറ സംഭവിച്ചിട്ടുണ്ടെന്നും, വേണ്ട വൈദ്യസഹായം നൽകണമെന്നും ആവശ്യപ്പെട്ടപ്പോൾ പ്രാരംഭ പരിശോധനകൾക്കുശേഷം ൧൪ ദിവസം കഴിഞ്ഞു വീണ്ടും തന്നെ കാണുവാൻ ഡാക്ടർ രോഗിക്കു നിർദ്ദേശം നൽകി യാത്രയാക്കി. എന്നാൽ ൧൪ ദിവസം കഴിഞ്ഞു രോഗി ഡാക്ടരെ സമീപിക്കയുണ്ടായില്ല. ഏതാനും നാൾ കഴിഞ്ഞു യാദൃച്ഛികമായി ഡാക്ടർ പ്രസ്തുത രോഗിയെക്കണ്ടപ്പോൾ, വീണ്ടും തന്നെ കാണാൻ നിർദ്ദേശിച്ചിട്ട് കാണാതിരുന്ന കാരണം ചോദിച്ചപ്പോൾ അയാൾ പറഞ്ഞതു്, "ഞാൻ ഇന്നു ഒരു മന്ത്രിയാണ്" എന്നാണ്.

കൈത്തറി നെയ്ത്തും, കയർ വ്യവസായവും ഇന്നു അധഃപതിച്ചിരിക്കുകയാണ്. അനേക ലക്ഷം ജനങ്ങളുടെ ജീവിതമാർഗ്ഗമായ ഈ വ്യവസായങ്ങളുടെ അധഃപതനത്തെ വേണ്ടവണ്ണം നേരിട്ടു പുനരുദ്ധരിക്കുവാൻ പര്യാപ്തമായ ഒരു പദ്ധതി ഇന്നുവരെ ആവിഷ്കരിക്കുവാൻ ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. നിർബന്ധിതവും പ്രാഥമികവുമായ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്ന ഒരു പദ്ധതി സി. പി. രാമസ്വാമിഅയ്യർ പത്തു കൊല്ലംകൊണ്ട് നടപ്പിൽ വരുത്താനായി ൧൧൨൧-ൽ കൊല്ലം തോറും മൂന്നു താലൂക്കിൽ വീതം തുടങ്ങി. അതു് ഈ ഗവണ്മെൻറ കഴിച്ചു മൂടിയിരിക്കുകയാണ്. ഇന്നു് അതു് ഒൻപതു താലൂക്കുകളിൽ മാത്രമായി അങ്ങിനെ ഒതുങ്ങി. അതുപോലെ തന്നെ ബേസിക്ക് എഡ്യൂക്കേഷൻ പദ്ധതിയും. എനിക്കു പല സംഗതികളെപ്പററിയും സംസാരിക്കാനുണ്ടെങ്കിലും സമയം അതിക്രമിക്കുന്നതുകൊണ്ടു ഞാൻ നിറുത്തുകയാണ്.

ഒരു കാര്യംകൂടി. ഈ മാതിരി പരാമർശനങ്ങൾ നടത്തുമ്പോൾ കാവുതീണ്ടലാണെന്നു പറയുന്ന ബുദ്ധസന്യാസിനിമാരായ ഈ മന്ത്രിമാർ രാഷ്ട്രീയവാസവദത്തകളാണ്. പട്ടും താണുപിള്ളയ്ക്കു ഒരു പക്ഷെ നല്ല കാലം വരും. എന്നാൽ ഈ രാഷ്ട്രീയ വാസവദത്തകൾക്കു ആ പഴയ വാസവദത്തയുടെ അന്ത്യകാലത്തെ അനുഭവമായിരിക്കും ഉണ്ടാകുവാൻ പോകുന്നതെന്നു ഇവരെ അനുസ്മരിപ്പിച്ചുകൊണ്ടു ഞാനെൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

4 P. M.]

ഡാക്ടർ എൻ. എസ്സ്. പിള്ള: സർ, സഖാവ് ടി. എസ്സ്. രാമസ്വാമിഅവതരിപ്പിച്ച അമൻഡുമെൻറിനെ അനുകൂലിച്ചുകൊണ്ടാണ് ഞാൻ ഇവിടെ പ്രസംഗിക്കുവാൻ പോകുന്നതു്. അദ്ദേഹം താഴെ പറയുന്ന വാക്കുകൾകൂടി ചേർക്കുവാനാണ് പറയുന്നതു്:

[ഡാക്ടർ എൻ. എസ്സ്. പിള്ള.]

"But regrest that the Council of Ministers are indulging in activities calculated to demoralise public life and undermine democracy and have failed to take note of and devise means to counteract the growing unemployment and acute economic distress prevailing in the country."

"Activities calculated to demoralise public life and undermine democracy". എന്നുള്ള കാര്യമാണ് വളരെ പ്രാധാന്യം കൊടുത്തു് അദ്ദേഹം പറഞ്ഞതു്. രാജ്യത്തു് എന്തൊക്കെ അക്രമം ചെയ്താലും ശരി രാത്രി വീട്ടിൽക്കയറി പെണ്ണുങ്ങളെ പിടിച്ചാൽപോലും ആമാതിരി അക്രമങ്ങളിൽനിന്നു് ഈ രാജ്യത്തിലെ ജനങ്ങൾക്കു് രക്ഷകിട്ടുമോ എന്ന കാര്യം അനുഭവംകൊണ്ടു കാണാമെന്നു അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുന്നു. ഒരു രാജ്യത്തിലെ മേന്മ ആ രാജ്യത്തിലെ ഭരണത്തെയോ രാജ്യത്തുണ്ടാകുന്ന പണസമൃദ്ധിയെയോ വിഭവങ്ങളെയോ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്. ഒരു രാജ്യത്തുള്ള ആളുകൾ എത്രതന്നെ പ്രാപ്തന്മാരായിരുന്നാലും ആ രാജ്യത്തു ജീവിക്കുന്നവക്കു മൊറാലിററി ഉണ്ടെങ്കിൽ മാത്രമെ അവർ ജീവിക്കുവാൻ അർഹരാകുകയുള്ളു. നേരെ മറിച്ചു് എത്ര പണക്കാരായിരുന്നാലും ശരി മൊറാലിററിയില്ലാതെ ഏതെങ്കിലും രാജ്യത്തു് ജീവിക്കുന്നു എന്നുവച്ചാൽ ആളുകളുടെ ദൃഷ്ടിയിൽ അവർ എന്നും അപമാനിതരായിരിക്കും. ആ മാതിരി മൊറാലിററി ഇല്ലാത്ത ഒരു രംഗമാണു് ഈ തിരുവിതാംകൂർ–കൊച്ചിയിൽ കഴിഞ്ഞ ഒരു വർഷമായി ഉണ്ടായിട്ടുള്ളതെന്നു് നമുക്കു് എല്ലാവക്കും അറിയാവുന്ന ഒരു സംഗതിയാണു്. എന്നാൽ അതു് ചിലക്കു് പറയുവാൻ ധൈര്യമില്ല. ഈ തിരുവിതാംകൂർ–കൊച്ചിയിൽ ഇന്നു് രാജ്യഭരണം നടത്തുന്നതു് കാൺഗ്രസ്സ് പാർട്ടിയാണെന്നു എല്ലാവരും പറയുന്നു. ഈ രാജ്യം ഇന്നു ഭരിക്കുന്നതു് സാക്ഷാൽ കാൺഗ്രസ്സ് പാർട്ടിയാണെന്നു നമ്മുടെ ബഹുമാനപ്പെട്ട നെഹറുജിവരെയുള്ള എല്ലാവരും പറയുമെങ്കിലും ഇന്നു് ഈ രാജ്യം ഭരിക്കുന്നതു് വാസ്തവത്തിൽ തമിഴ്നാട്ടു് കാൺഗ്രസ്സാണു്. രാജ്യം ഭരിക്കുന്നതിനുള്ള സകല അവകാശങ്ങളും തമിഴനാട്ടുകാൺഗ്രസ്സിനു് വിട്ടുകൊടുത്തിരിക്കുകയാണു്. ഇന്നു തമിഴ്നാട്ടുമന്ത്രി തുള്ളുന്ന കാര്യത്തിനൊക്കെ മററ മന്ത്രിമാർ വഴങ്ങിക്കൊടുക്കുകയാണു്. അങ്ങിനെ പറയുമ്പോൾ മററ മന്ത്രിമാർ എന്റെ നേരെ ചാടണ്ട. അതു തെളിയിക്കുവാൻ പ്രയാസമുള്ള കാര്യമാണെങ്കിലും അതാണു വാസ്തവം.

രാജപ്രമുഖൻ തിരുമേനിക്കു വളരെ ഇഷ്ടവും ബന്ധവും ഉള്ള ഒരു നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണു് ഞാൻ. അദ്ദേഹത്തിന്റെ കുടുംബവും ആ നിയോജകമണ്ഡലത്തിലെ രാജവംശങ്ങളുമായി വളരെ ബന്ധപ്പെട്ടിട്ടുള്ളതാണു്. ആണ്ടുതോറും ആററിങ്ങൽ എഴുന്നള്ളി അവിടത്തെ പരദേവതയെ വന്ദിച്ചു് ഈ രാജ്യത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും വലിയ വലിയ മേന്മകൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്ന ഒരു രാജപുംഗവനാണു് അദ്ദേഹം. കഴിഞ്ഞ കുംഭമാസത്തിലും അദ്ദേഹം ആററിങ്ങൽ എഴുന്നള്ളിയിരുന്നു. എന്നാൽ ആററിങ്ങൽ നിയോജകമണ്ഡലത്തിൽ വെള്ളം സമൃദ്ധിയായിട്ടുണ്ടോ, അവിടെയുള്ള കൃഷിക്കാരിയാതെ കൊയ്തെടുക്കുവാൻ സാധിക്കുന്നുണ്ടോ എന്നറിയുന്നതിനു അദ്ദേഹത്തിനു് ആഗ്രഹമുള്ളതായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു തോന്നുന്നില്ല. ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ വെള്ളം കിട്ടാതെ

കരിഞ്ഞുപോകുന്ന അവിടത്തെ കൃഷിയെ രക്ഷിക്കുവാൻ അവിടെ ഒരു പമ്പിന്റെ ആവശ്യം തീച്ചയായും ഉണ്ടെന്നു അദ്ദേഹം അദ്ദേഹത്തിന്റെ ഗവണ്മെന്റിനെയോ, ഗവണ്മെന്റ് അധികാരികളെയോ നിർദ്ദേശിക്കുമായിരുന്നു. ഈ തവണ അവിടെ കരിവു വന്നപ്പോരം കുറെ സ്ഥലത്തു് വെള്ളം പമ്പുചെയ്യുന്നതിനു സബ്ഡിവിഷൻ ആഫീസറുടെ അടുത്തു ചെന്നു് പമ്പ് ആവശ്യപ്പെട്ടപ്പോരം പമ്പ് ഇല്ലായെന്നും അഥവാ പമ്പു വേണമെങ്കിൽ ൧൫൦ രൂപ കൊടുക്കണമെന്നുമാണു് അവക്കു കിട്ടിയ മറുപടി. ഇങ്ങിനെയുള്ള ഗവണ്മെന്റിന്റെ പ്രവൃത്തികരംക്കു് ഞങ്ങരം കൃതജ്ഞരായിരിക്കണമെന്നു പറഞ്ഞാൽ ആ വാചകം പൂത്തിയാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

അടുത്തതായിട്ടു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നതു പഞ്ചവത്സരപദ്ധതിയെപ്പററിയാണു്. ഇവിടത്തെ പ്ലാനിംഗ് കമ്മിഷൻ സ്വതന്ത്ര ഇൻഡ്യയുടെ വകയായിരുന്നില്ല. ഓരോ രാജ്യവും മുന്നോട്ടു കുതിച്ചു ചാടുന്നതിനു ഓരോ പ്ലാനുമായിട്ടു വന്നിരുന്നു. റഷ്യ ഒരു പ്ലാൻ കൊണ്ടുവന്നു. ആ മാതിരി നെഹ്റു ഒരു പ്ലാൻ കൊണ്ടുവരുമെന്നു ഇൻഡ്യ സ്വതന്ത്രയാകുന്നതിനുമുമ്പു പറഞ്ഞിരുന്നു. എൻ.വി.ന മുമ്പുതന്നെ ഇൻഡ്യയ്ക്കു് ഒരു പ്ലാൻ കൊണ്ടുവരുമെന്നു അദ്ദേഹം പലേടത്തും പ്രസംഗിക്കുകയുണ്ടായിട്ടുണ്ടു്. സ്വാതന്ത്ര്യം കിട്ടിയപ്പോരം ആ പ്ലാനിനെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മിററിയെ വെച്ചു. സ്വതന്ത്ര ഇൻഡ്യയിൽ അദ്ദേഹം പ്രധാനമന്ത്രി ആയതുകൊണ്ടു ആ പ്ലാൻ പഞ്ചവത്സരപദ്ധതിയുടെ പ്രവൃത്തനത്തിൽ കൊണ്ടുവരുവാൻ ഉത്സാഹിക്കുകയാണു്. ഈ മാതിരി ഓരോ പ്ലാൻ നമ്മുടെ മഹാരാജാക്കന്മാക്കുമുണ്ടായിരുന്നു, ചില പ്പോരം ഒരു കൊല്ലത്തെ പ്ലാനായിരിക്കും അതു്. രണ്ടു കൊല്ലത്തെ പ്ലാനും ചിലപ്പോരം ഉണ്ടായിരുന്നു. ഇവിടെ ഉണ്ടായിരുന്ന പല ദിവാൻജിമാക്കും അങ്ങനെ ഓരോ പ്ലാൻ ഉണ്ടായിരുന്നു.

ഫൈനാൻസ് കമ്മിഷന്റെ ശുപാർശപ്രകാരം നമുക്കു കിട്ടുന്ന തുക വളരെ നിസ്സാരമാണെന്നാണു് എന്റെ അറിവു്. ഇൻറർപോർട്ടൽകൺവൻഷൻപ്രകാരം നമുക്കു കിട്ടിക്കൊണ്ടിരുന്ന തുക നോക്കിയാൽപോലും ഈ തുക വളരെ നിസ്സാരമായിട്ടാണിരിക്കുന്നതു്. ഇങ്ങനെയുള്ള നിസ്സാരമായ തുക നമുക്കു കിട്ടുവാനുള്ള കാരണം നമ്മുടെ ഇന്നത്തെ മന്ത്രിമാരുടെ ഉണർവില്ലായ്മയാണു്. നമുക്കു ന്യായമായി അവകാശമുള്ള തുക കിട്ടുവാൻ അവർ ഉണന്നു പ്രവത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

രാജ്യത്തെ ഭക്ഷ്യസ്ഥിതി കൂടുതൽ കൂടുതൽ നന്നായിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞയാണ്ടിൽ ആഹാരസാധനങ്ങരം കിട്ടുവാനുണ്ടായിരുന്ന ബുദ്ധിമുട്ടിൽ കൂടുതൽ ബുദ്ധിമുട്ടാണു് ഇന്നുള്ളതു്.

വരവെല്ലാം കുറഞ്ഞിരിക്കുന്ന ഈ രാജ്യത്തു്, വളരെ അധികം ജനങ്ങരം താമസിക്കുന്ന ഈ രാജ്യത്തു്, വലിയ ഇൻഡസ്ട്രിയില്ലാതെ നമുക്കു ജീവിക്കുവാൻ സാധിക്കുകയില്ല. കഴിഞ്ഞ പത്തു പതിനഞ്ചു വർഷങ്ങളായി ഇവിടത്തെ വ്യവസായ വികസനത്തിനുവേണ്ടി പലരും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. കാൺഗ്രസ് ഗവണ്മെന്റ് വന്നതുമുതൽ അവരും ശ്രമിക്കുകയാണു്. അവരുടെ ശ്രമത്തിന്റെ ഗതി ഇപ്പോരം അധോഗതിയിലാണു്.

[ഡാക്ടർ എൻ എസ്സ്. പി.]

നമ്മുടെ ലേബറിനെപ്പററി ഇതിൽ വളരെ ഉൽകൃഷ്ടമായി പരാമർശിച്ചിരിക്കുന്നു. പക്ഷെ ഇവിടെയുള്ള ലേബറിനെ ശരിയായിട്ട് ഉപയോഗിച്ച് രാജ്യത്തിൻെറ അഭിവൃദ്ധിക്ക് വേണ്ടതു ചെയ്യുവാൻ ഇന്നത്തെ മന്ത്രിമാർക്ക് സാധിച്ചിട്ടില്ലെന്നുള്ള കാര്യം വളരെ ഖേദപൂർവ്വം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇനി വിദ്യാഭ്യാസത്തിൻെറ കാര്യം എടുക്കാം. ഇവിടെ ഒരു യൂണിവേഴ്സിററിയുണ്ട്. വിദ്യാഭ്യാസത്തിൽ വളരെ മുന്നിട്ടു നിൽക്കുന്ന ഒരു രാജ്യമാണിതു്. എങ്കിലും ഓരോ ആണ്ടും കാൺവൊക്കേഷൻ കഴിഞ്ഞു് ഡിഗ്രിയുമായി വെളിയിൽ വരുന്ന ബിരുദധാരികൾ രണ്ടണ സ്റ്റാമ്പു വാങ്ങുവാൻ പോലും നിവൃത്തിയില്ലാതെ, ഒരു ജോലിയും കിട്ടാതെ, സാറെ, ഒരു ഉദ്യോഗം വാങ്ങിച്ചുതരണം എന്നു പറഞ്ഞു് എം. എൽ. എ. മാരുടേയും കാണുന്ന ഉദ്യോഗസ്ഥന്മാരുടേയും അവരുടെ ഭാര്യമാരുടേയും പുറകെ നടന്നു കഷ്ടപ്പെടുന്നതു് കണ്ടാൽ ഇവിടെ ഇങ്ങിനെയുള്ള യൂണിവേഴ്സിററിയും വേണ്ട, ഈ വിദ്യാഭ്യാസവും വേണ്ട എന്നു തോന്നിപ്പോകും.

അടുത്തതായി എനിക്കു പറയുവാനുള്ളതു് കമ്മ്യൂണിററി പ്രോജക്ററുകളെപ്പററിയാണു്. രാജ്യനന്മയെ ഉദ്ദേശിച്ചു് കമ്മ്യൂണിററി പ്രോജക്ററുകൾ ഉണ്ടാക്കിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. രണ്ടു കമ്മ്യൂണിററി പ്രോജക്ററുകൾ ഇവിടെ ഉണ്ടാക്കിട്ടുണ്ട്. രാജ്യത്തിൻെറ രണ്ടററത്തുമായിട്ടാണു് അവ നടത്തുന്നതു്. പക്ഷെ ഇതേവരെയുള്ള അനുഭവം വച്ചു പറയുകയാണെങ്കിൽ ഈ കമ്മ്യൂണിററി പ്രോജക്ററുകൾ ചില മന്ത്രിമാരുടെ സ്വൈരവിഹാരത്തിനും കൈക്കൂലിക്കുമാണു് നിലകൊള്ളുന്നതു്. തമിഴനാട്ട് മന്ത്രിയുടെ ഇഷ്ടത്തിനു് മററ മന്ത്രിമാർ വഴങ്ങികൊടുത്തിരിക്കുന്നതുകൊണ്ടു് ഡെമോക്രാററിക്ക് ഭരണം ഇവിടെ ശരിയായിട്ടു നടത്തിക്കൊണ്ടു പോകുന്നില്ല എന്നു ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. നിങ്ങൾക്കെല്ലാം അറിയാം ഇക്കഴിഞ്ഞ രണ്ടുമൂന്നു മാസത്തിന്നകം തെക്കൻ തിരുവിതാംകൂറിൽ ഒരു തല മുണ്ഡനം നടന്നതു്. കഴിഞ്ഞ എലക്ഷനിൽ ഒരു കുടുംബത്തിലെ അഞ്ചു വോട്ടർമാർ വേറെ ഒരു പാർട്ടിയുമായിട്ടു ആലോചിച്ചു പ്രവർത്തിച്ചതിനു് അവരെ തക്കല പോലീസുസ്റ്റേഷനിൽ കൊണ്ടുപോയി അവരുടെ തല മുണ്ഡനം ചെയ്തുവിട്ടു. ഈ മാതിരിയുള്ള ഭരണം നാട്ടിൽ നടക്കുമ്പോൾ ഈ മാതിരിയുള്ള രാജപ്രമുഖൻെറ പ്രസംഗത്തെ അനുമോദിക്കുന്നതിലും ഭേദം പാതാളത്തിലേയ്ക്കു് പോകുന്നതായിരിക്കും.

ശ്രീ. പി. സദാശിവൻ പിള്ള: സർ, പ്രതിപക്ഷ സ്ഥാനം പിടിച്ചിരിക്കുന്ന ഒരു വിഭാഗം ആളുകളെ അങ്ങേ അററം അഭിനന്ദിച്ചുകൊണ്ടാണു് ഇവിടെ അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തെ അനുകൂലിക്കുകയും ഭേദഗതികളെ പ്രതികൂലിക്കുകയും ചെയ്യുന്നതു്. രാജവാഴ്ചയോടും രാജകുടുംബത്തോടും ഒരു സന്ധിയില്ലാത്ത സമരം പ്രഖ്യാപിച്ചിട്ടുള്ളവർ കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു ആഗതനായപ്പോൾ ഒരു രാജാവു നിയമസഭയിലേയ്ക്കു വന്നു ചേർന്നു എന്ന ന്യായം വച്ചുകൊണ്ടു പുറത്തുപോയി. ഈ പ്രാവശ്യം ഇവിടെ ആഗതനായ രാജപ്രമുഖൻ തിരുമേനി ഈ രാജ്യത്തിൻെറ വ്യവസ്ഥാപിതഭരണാധികാരിയാണെന്നും അദ്ദേഹം അപ്രകാരം ഹാജരാകുന്നതു് ഭരണഘടന പ്രഖ്യാപിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം നിയമസഭാസാമാജികന്മാരെ അഭി

സംബോധനം ചെയ്തു സംസാരിക്കുന്നതിനാണെന്നു മനസ്സിലാക്കിയതിൽ ഞാൻ അവരെ അഭിനന്ദിക്കുന്നു. വിവേകം കുറേ താമസിച്ചു് ഉണ്ടാകുന്നതാണെന്നു വരികിലും വിവേകം വിവേകം തന്നെയാണു്. അതുകൊണ്ടു് തികച്ചും ഞാൻ അവരെ അഭിനന്ദിച്ചുകൊള്ളുന്നു.

ഇന്നു രാജപ്രമുഖൻെറ പ്രസംഗത്തിനു ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് പ്രതിപക്ഷകക്ഷിയുടെ സമുന്നത നേതാവു് അദ്ദേഹത്തിൽ സഹജമായിട്ടുള്ള ചില ശൈലികൾ വിട്ടുകൊണ്ടു പ്രസംഗിച്ചതു് കുറേ വേദനാജനകമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല. സാമ്പത്തിക പ്രശ്നങ്ങളുടെ വിശാലമായ അന്തരീക്ഷത്തിൽക്കൂടി ചിറകുവിരിച്ചു വിഹരിച്ചു പോകുന്ന അദ്ദേഹം ഇന്നു അദ്ദേഹത്തിൻെറ പ്രസംഗ വേളയിൽ ഈ രാജ്യത്തു സാമുദായികമായ ചില കുഴപ്പങ്ങളും കലാപങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി, മനഃപൂർവ്വമല്ലെങ്കിലും, ചില കുത്തിത്തിരിക്കൽ പ്രസ്താവന ചെയ്തതു് വേദനാജനകമായി പോയി. ആലപ്പുഴ എവിടെയോ ഒരു ഹൈന്ദവക്ഷേത്രത്തിൽ ഒരു ഉത്സവദിവസം ചില ഗുണ്ടാകൾ വഴക്കുണ്ടാക്കിയെന്നും, ആ ഗുണ്ടാകൾ ക്രിസ്ത്യൻ ഗുണ്ടാകളാണെന്നും, അവിടത്തെ ഉദ്യോഗസ്ഥന്മാർ ക്രിസ്ത്യാനികളാണെന്നും, അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ ഒരു ക്രിസ്ത്യാനിയാണെന്നും, ഇന്നു രാജ്യം ഭരിക്കുന്ന മുഖ്യമന്ത്രിയും, ആഭ്യന്തരവകുപ്പുമന്ത്രിയും ക്രിസ്ത്യാനികളാണെന്നും മററും അദ്ദേഹം പറഞ്ഞതു് അദ്ദേഹത്തിനു് ആവശ്യമില്ലാത്തതായിരുന്നു.

ഇന്നു രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനും, ആ പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുന്നതിനും, ആവശ്യമായിട്ടുള്ള സൃഷ്ടിപരനിർദ്ദേശങ്ങളാണു് അദ്ദേഹത്തിൽനിന്നും പ്രതീക്ഷിച്ചിരുന്നതു്. ഇപ്രകാരം കുത്തിതിരിപ്പു് ഉണ്ടാക്കുന്നതുകൊണ്ടോ ശിഥിലീകരണപ്രവർത്തനം വളർത്തുന്നതുകൊണ്ടോ ഈ രാജ്യത്തു ഒന്നുംതന്നെ സാധിക്കാൻ പോകുന്നില്ലെന്നു മനസ്സിലാക്കേണ്ടതാണു്. മററു കമ്മ്യൂണിസ്ററു പ്രമുഖനേതാവു് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ സംഭവത്തെ വച്ചുകൊണ്ടു് കോൺഗ്രസ്സുകാരായ ഞങ്ങളെല്ലാപേരും ഗുണ്ടാകളെ മനഃപൂർവ്വം അക്രമത്തിനു പ്രേരിപ്പിക്കുന്നുവെന്നു് അർത്ഥം വരത്തക്കവിധം ഒരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. ഏതോ ഒരു ബേബി കയ്യേററം ചെയ്തുവെന്നും ആ ബേബി ചെങ്ങന്നൂർ പോലീസു ഇൻസ്പെക്ടർ മി. ജോഷിയുടെ ദൂഷിച്ച സഹചാരിയാണെന്നും, അയാൾ മദ്യപാനം ചെയ്യുമെന്നു തനിക്കു് നേരിട്ടറിവുള്ളതുപോലെ ഒരു പ്രസ്താവനയിറക്കിയ ചെങ്ങന്നൂരിലെ ഒരു അഡ്വക്കേററു് അദ്ദേഹത്തിൻെറ കണ്ണിൽ സമാരാദ്ധ്യനും തങ്ങളുടെ വിശ്വാസമനുസരിച്ചു് രാഷ്ട്രീയപ്രവർത്തനം ചെയ്യുന്ന ഞാനും എൻെറ സഹപ്രവർത്തകന്മാരും ഗുണ്ടാകളുടെ തലവനും ഗുണ്ടാകളുമാണെന്നും പ്രസ്താവന ചെയ്തതു് കാലദോഷമെന്നല്ലാതെ എന്തു പറയാനാണു്. ഒരു പക്ഷെ എൻെറ ദേഹക്കൂറു് കണ്ടതുകൊണ്ടു് എന്തും പറയാമെന്നു അദ്ദേഹത്തിനു തോന്നിയിരിക്കാം.

പ്രതിപക്ഷത്തുനിന്നു് ഈ രാജ്യത്തു വ്യക്തമായ ഒരു വ്യാവസായിക നയമില്ലെന്നും, വിപുലമായതോതിൽ തൊഴിലില്ലായ്മ കൂടുതൽ കൂടുതൽ പ്രവൃദ്ധമാക്കുന്നതിനുവേണ്ടി മനഃപൂർവ്വം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും ഗവണ്മെൻറിനെ കുററപ്പെടുത്തുകയുണ്ടായി. എനിക്കു് അതിനെ

[ശ്രീ. പി. സദാശിവൻപിള്ള.]

പ്പററി രണ്ടു വാക്ക് പറയുവാനുണ്ട്. അദ്ദേഹം ഈ രാജ്യത്തെ വ്യാവസായികനയത്തെപ്പററി സംസാരിക്കുന്നതിന് തിരഞ്ഞുകൊണ്ടുവന്ന പുസ്തകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു പാലത്തിൻെറ ചുവട്ടിൽക്കൂടി വളരെ വെള്ളം ഒഴുകിപ്പോയിയെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നെങ്കിൽ ഈ രാജ്യത്തു വ്യക്തമായ ഒരു വ്യാവസായികനയമില്ലെന്നു പറയുകയില്ലായിരുന്നു. അടുത്തകാലത്തു് പ്ലാനിംഗ്കമ്മിഷൻ പുറപ്പെടുവിച്ച റിപ്പോർട്ടിൽ ഇൻഡ്യാ ഗവണ്മെൻറിൻെറ വ്യാവസായികനയം എന്താണെന്നു മനസ്സിലാക്കുന്നതിനുവേണ്ടി ആ റിപ്പോർട്ടു ഒന്നു വായിച്ചു നോക്കിയിരുന്നെങ്കിൽ അദ്ദേഹത്തിനു കാണാൻ കഴിയുമായിരുന്നു. വളരെ സുസ്ഥിരമായ ഒരു അധിഷ്ഠാനത്തിൽ രാജ്യത്തിൻെറ ഭാവിശ്രേയസ്സിനെ കെട്ടി പടുക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണ് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷി സംവിധാനം ചെയ്തിട്ടുള്ളതെന്ന്. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി യുദ്ധത്തിനുശേഷം ഈ രാജ്യത്തു അനേകം വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനു കഴിഞ്ഞിട്ടുണ്ടെന്നും, ഈ രാജ്യത്തെ കയററുമതി വളരെ വർദ്ധമാനമായി തീർന്നിട്ടുണ്ടെന്നും സ്ഥിതിവിവരകണക്കുകൾവച്ചുകൊണ്ട് പ്ലാനിംഗ്കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യുദ്ധകാലത്തിനുശേഷം ഈ രാജ്യത്തിൽനിന്നും വളരെയധികം തുണിത്തരങ്ങൾ കയററുമതി ചെയ്യുന്നതിനും പുറമെ റേയോൺ ഫാബ്രിക്സ്, സിമൻറ്, പെയിൻറ് തുടങ്ങി മററനവധി സാധനങ്ങളും കയററുമതി ചെയ്യത്തക്കവണ്ണമുള്ള ഒരു സാഹചര്യത്തിൽ ഭാരതം ഇന്നു എത്തിയിട്ടുണ്ടെന്നു സ്ഥിതിവിവരക്കണക്കുകൾവച്ചുകൊണ്ട് പ്ലാനിംഗ്കമ്മിഷൻ പറഞ്ഞിട്ടുള്ളതു് ആ റിപ്പോർട്ടു വായിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനു ബോദ്ധ്യപ്പെടാൻ കഴിയുമായിരുന്നു. ഈ രാജ്യത്തെ വ്യാവസായികനയം ഒരു സംവിധാനക്രമമനുസിച്ചു പരിഷ്കരിക്കുന്നതിന് ൪൭൭ കോടി രൂപ ആവശ്യമുണ്ടെന്നും ആ ൪൭൭ കോടി രൂപയിൽ ൫൪ കോടി രൂപയോളം സ്റ്റേററുഗവണ്മെൻറുകളുടെയും കേന്ദ്രഗവണ്മെൻറിൻെറയും പക്കൽ ലഭ്യമാണെന്നും ബാക്കിയുള്ളതു് സ്വകാര്യഉടമകളിൽനിന്നും സമ്പാദിക്കേണ്ടിയിരിക്കുന്നുവെന്നും മററുമാണ് അതിൽ പറഞ്ഞിട്ടുള്ളതു്. നിലവിലുള്ള യന്ത്രോപകരണങ്ങൾ നവീകരിക്കുന്നതിനും മററുമായി ൧൭൪ കോടിയോളം രൂപ ആവശ്യമുണ്ടെന്നിരിക്കെ ബാക്കി ൨൩൩ കോടി രൂപ കൊണ്ടു് സ്വകാര്യഉടമകളെ ഉയർത്തി എടുക്കേണ്ടതാണെന്നു് പ്ലാനിംഗ്കമ്മിഷൻ പറയുന്നു.

Shri K. Balakrishna Menon: Will you please tell us what exactly is the percentage of the total allotment set apart for the industrial development of India in the Five Year Plan?

Shri P. Sadasivan Pillai: I am not in possession of the statistics. I am speaking from memory.

അങ്ങനെ സ്വകാര്യഉടമകളുടെ സഹകരണത്തോടും സൗഹൃദത്തോടുംകൂടി മാത്രമെ ഈ രാജ്യത്തെ വ്യവസായവൽക്കരണം പുരോഗമിക്കാൻ കഴികയുള്ളുവെന്നു സ്ഥിതിവിവരക്കണക്കുകൾകൊണ്ടു് പ്ലാനിംഗ്കമ്മിഷനു് നമ്മെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടു്. ഒരുപക്ഷെ, ഇതു വളരെ സത്വരമായ ഒരു യന്ത്രവൽക്കരണനയമല്ലെന്നു പ്രതിപക്ഷങ്ങളിൽ ആരെങ്കിലും ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതിനെ അനുകൂലിക്കാൻ

ഞാൻ തയാറാണ്. സ്വതന്ത്രമായ യന്ത്രവൽക്കരണനയം അനുവർത്തിച്ച രാജ്യങ്ങളുടെ ഭീമമായ പരാജയം കണ്ടുകഴിഞ്ഞതിനുശേഷം ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത രീതിയിൽ അങ്ങനെയൊരു നയം സ്വീകരിക്കാൻ സാദ്ധ്യമല്ലെന്നാണു എനിക്കു പറയുവാനുള്ളതു്. യുക്രെയ്നിൽ ഭയങ്കരമായ ഗോതമ്പുക്ഷാമമുണ്ടായി. ആളുകൾ പട്ടിണികിടന്നു ചാകാൻ തുടങ്ങിയപ്പോൾ ഗവണ്മെൻറിൻെറ പക്കലുണ്ടായിരുന്ന ധാന്യകലവറ തുറക്കുന്നതിനോ ഗവണ്മെൻറിൻെറ മററു കഴിവുകൾ ഉപയോഗിക്കുകയോ ചെയ്തു ജനങ്ങളുടെ പശിതീർക്കുന്നതിനു പരിശ്രമിക്കാതെ യന്ത്രവൽക്കരണത്തിനുവേണ്ടി ഉണ്ടായിരുന്ന വിഭവങ്ങൾ മുഴുവൻ വിററഴിച്ച് യന്ത്രസാമഗ്രികൾ ഇറക്കുമതിചെയ്തുകൊണ്ടിരുന്ന ഒരു നയം ജനകീയഗവണ്മെൻറുകൾക്ക് സ്വീകരിക്കാൻ കഴിയുകയില്ലെന്നു നിഷ്പ്രയാസം ആർക്കും മനസ്സിലാക്കാൻ കഴിയും.

ഇന്നു ഈ രാജ്യത്തു തൊഴിലാളികളോട് അനുവർത്തിച്ചുവരുന്ന നയത്തെപ്പററിയും പലരും ഇവിടെ പറയുകയുണ്ടായി. എനിക്കും അതിനെപ്പററി രണ്ടുവാക്കു പറയുവാനുണ്ട്. ഇന്നു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷകക്ഷികൾ സ്വീകരിച്ചിരുന്ന നയം നാമൊന്നു പരിശോധിച്ചാൽ അതിനെ രണ്ടുവാക്കുകൊണ്ടു പറയാൻ സാധിക്കും. അതായതു് കുത്തിയിരിപ്പും കുത്തമെട്ടപ്പും അതു രണ്ടുംകൊണ്ടു് ഈ രാജ്യത്തെ തൊഴിലാളിപ്രശ്നം പരിഹരിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്ന ഒരു കൂട്ടരല്ല ഇന്നു ഭരണക്കൂടത്തിലിരിക്കുന്നതെന്നു എല്ലാവരും മനസ്സിലാക്കണം. കുത്തിയിരിപ്പും കുത്തമെട്ടപ്പുംകൊണ്ട് ഒന്നും നടക്കുകയില്ല. ഇന്നു തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്താണെന്നു നല്ലവണ്ണം അറിവുള്ളവർതന്നെയാണു ഈ രാജ്യത്തെ ഭരണക്കൂടം നയിച്ചുകൊണ്ടുപോരുന്നതു്. പട്ടിണിയുടെ ചെററക്കുടിലുകളിൽനിന്നുതിർന്നുവരുന്ന ദീനരോദനങ്ങളിൽ വെളിപ്പെടുന്ന ജീവൽപ്രശ്നങ്ങളാണു് തൊഴിലാളികളുടേതു്. ആ പ്രശ്നങ്ങളെ സമീപിക്കുന്നതിനു തികച്ചും മാനുഷമായ ഒരു സമീപനമാണു സ്വീകരിക്കേണ്ടതു്. തികച്ചും യാന്ത്രികവും, സിദ്ധാന്തപരവുമായ ഒരു സമീപനം പ്രശ്നപരിഹാരത്തിന് പര്യാപ്തമല്ല. അതിനു ഭരണക്കൂടത്തിലിരിക്കുന്നവർ തയാറില്ലെന്നു വളരെ വ്യക്തമായി പ്രഖ്യാപിക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരു കാര്യം ഈ രാജ്യത്തെ ജനങ്ങൾക്ക് സമാധാനം നൽകുന്നുണ്ട്. അതായതു് ഇന്നു രാജ്യം നയിക്കുന്നവർ അസമാധാനത്തെയും അസഹിഷ്ണുതയെയും വളർത്തുന്ന ഒരു കൂട്ടരല്ലായെന്നു ജനങ്ങൾക്കു വിശ്വാസമുണ്ട്. വിവേകം ഉദിക്കുന്നതിന് കാലതാമസമുണ്ടാകുന്ന ഒരു കൂട്ടരല്ല ഈ രാജ്യത്തെ ഭരണക്കൂടം നയിക്കുന്നതെന്നു ജനങ്ങൾക്ക് പരിപൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: സർ, രാജപ്രമുഖൻെറ പ്രസംഗത്തിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് ശ്രീ. കാപ്പൻ ചെയ്ത പ്രസംഗത്തിലും പ്രതിപക്ഷത്തുനിന്നുമുണ്ടായ വിമർശനങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ടു് എൻെറ ബഹുമാന്യസ്നേഹിതൻ ആമ്പല്ലൂർ മെംബർ ചെയ്ത പ്രസംഗത്തിലും ഒടുവിൽ ശ്രീമാൻ കടപ്ര മെംബർ സദാശിവൻപിള്ള ചെയ്ത പ്രസംഗത്തിലും ഉന്നയിച്ചിട്ടുള്ള ചില കാര്യങ്ങളെ സ്പർശിക്കണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. രാജപ്രമുഖൻെറ പ്രസംഗത്തിൽ പരാമർശിച്ചി

[ശ്രീ. സി. അച്ചുതമേനോൻ.]

രിക്കുന്ന വ്യാവസായികവും സാമ്പത്തികവും സാമൂഹ്യവുമായിട്ടുള്ള പല പ്രശ്നങ്ങളെ സംബന്ധിച്ചും സവിസ്തരമായിട്ടുള്ള ചർച്ചകൾ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അതിന് ബഡ്ജററ് വിമർശനാവസരത്തിൽ സമയം കിട്ടുമെന്നുദ്ദേശിച്ച് ഞാൻ ഇപ്പോൾ അതിലേക്ക് പ്രവേശിക്കാതിരിക്കുകയാണു ചെയ്യുന്നതു്. എന്നാൽ രാജപ്രമുഖന്റെ പ്രസംഗത്തിലെ ചില ഭാഗങ്ങൾ അവതരിപ്പിച്ച് അതിനെ ആസ്പദമാക്കി ഈ രാജ്യത്ത് ഇന്ന് നിലവിലിരിക്കുന്ന ഗവൺമെന്റിന്റെ സാമൂഹ്യവും സാമ്പത്തികവുമായ നയങ്ങളെ വിമർശിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ള ചിലർ സംസാരിച്ചതു് ആമ്പല്ലൂർ മെമ്പറെപ്പോലെയുള്ളവരെ വെകിളി പിടിപ്പിച്ചിരിക്കുകയാണെന്നു എനിക്കു തോന്നുന്നു. പ്രജായത്ത ഭരണതത്വങ്ങൾ ഉച്ചൈസ്തരം ഘോഷിക്കുന്ന ഭരണകക്ഷിക്ക് അതിന്റെ പ്രാഥമികമര്യാദപോലും അറിയാൻ പാടില്ലാതെയാണിരിക്കുന്നതു്. അഥവാ അറിയാമെങ്കിൽപോലും അവർ അതിനെ മാനിക്കാൻ തയാറാകുന്നില്ലെന്നാണ് എനിക്കു പറയാനുള്ളതു്. അതിനൊരു തെളിവാണ് അദ്ദേഹം ഇവിടെ പ്രകടിപ്പിച്ച മനോഭാവം. വാസ്തവത്തിൽ ഈ രാജ്യത്തിന്റെ അഭ്യുദയവും ക്ഷേമവുമാണ് ഭരണകക്ഷി ആഗ്രഹിക്കുന്നതെങ്കിൽ, പ്രതിപക്ഷത്തുനിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളും വിമർശനങ്ങളുമാണ് ആവശ്യപ്പെടുന്നതെങ്കിൽ, എന്തിന് സമചിത്തത കൈവെടിയണമെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതു് സാധാരണ എല്ലാം രാജ്യങ്ങളിലും പതിവുള്ളതല്ലേ? ഇവർ മാതൃകയായി എടുത്തു കാണിക്കുന്ന ഇംഗ്ലണ്ടിലും മററു രാജ്യങ്ങളിലും ഈ പതിവല്ലേ ഉള്ളതു്? ഇങ്ങനെ സാധാരണ വിമർശനങ്ങളെപ്പോലും എതിർക്കുന്ന ഭരണാധികാരത്തിലിരിക്കുന്ന കക്ഷിയുടെ ഭരണതന്ത്രത്തെപ്പററി എനിക്ക് വിശേഷിച്ച് കൂടുതലായി ഒന്നും പറയാനില്ല. അദ്ദേഹം പറഞ്ഞ ഒരു സംഗതി എന്റെ ഓർമ്മയിൽ വരുന്നുണ്ട്. അതായതു് പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിൽ നിരാശ എന്ന ഒരു പദം വീണ്ടും വീണ്ടും ആവർത്തിക്കുകയുണ്ടായി എന്നു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ നയങ്ങൾ നിരാശക്കേ വകതരുന്നുള്ളു. ഇന്നു് ഈ രാജ്യത്തെ ചൂടുപിടിച്ചിരിക്കുന്ന പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും കാണാത്തതുകൊണ്ട് വളരെ നിരാശയാണ് ഞങ്ങൾക്കുള്ളതു്. അദ്ദേഹത്തിന് അതു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അദ്ദേഹം അങ്ങേയററം ആത്മസംതൃപ്തിയിലാണ് ഇരിക്കുന്നതു്. ആയിരക്കണക്കിനുള്ള ആളുകൾ തൊഴിലില്ലായ്മകൊണ്ട് പട്ടിണി കിടന്നു കഷ്ടപ്പെടുകയും കുഞ്ഞുങ്ങൾ ഒരുനേരത്തെ കഞ്ഞി കിട്ടാൻപോലും ഗതിയില്ലാതെ കേഴുകയും ചെയ്യുന്ന അവസരത്തിൽ ആ ദീനരോദനങ്ങൾ ഭരണാധികാരത്തിലിരിക്കുന്ന ആളുകളുടെ ചെവികളിൽ എത്തുന്നില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ആത്മസംതൃപ്തിക്കും വകയില്ല. അമ്പലപ്പുഴയും ചേർത്തലയുമുള്ള തൊഴിലാളികളുടെ കഥ ഇവിടെ എത്രയോ പറഞ്ഞു കഴിഞ്ഞു. അതുപോലെതന്നെ മററു പല പ്രദേശങ്ങളിലും പല വ്യവസായകേന്ദ്രങ്ങളിലും തൊഴിലില്ലായ്മ പടർന്നുപിടിച്ചിരിക്കുകയാണ്.

എന്റെ നിയോജകമണ്ഡലം ഇരിക്കുന്ന പ്രദേശത്തെപ്പററി പറയുകയാണെങ്കിൽ അവിടത്തെ നാടൻ വ്യവസായികളും ചെറുവ്യവസായികളും അവരുടെ കമ്പനികൾ പൂട്ടി തുടങ്ങിയിരിക്കുകയുമാണ്. ഓട്ടുകമ്പനി

കളിൽ ആഴ്ചയിൽ ആറുദിവസം ജോലിയുണ്ടായിരുന്നതു് അഞ്ചുദിവസവും നാലുദിവസവും മൂന്നുദിവസവും വീതമായി കുറഞ്ഞു വന്നിരിക്കുന്നു. ഇവിടെയുള്ള ടൈററാനിയം പ്രോഡക്ടസിലേയും ചവറ മിനറൽ കമ്പനിയിലേയും സ്ഥിതികൾ എൻെറ മാന്യസ്നേഹിതൻ പ്രാക്കുളം ഭാസി ഇവിടെ വിശദീകരിക്കയുണ്ടായി. ഇതുപോലെ ഈ രാജ്യത്തെ വ്യവസായശാലകൾ ഓരോന്നായി അടച്ചുപൂട്ടുകനിമിത്തം തൊഴിലില്ലായ്മയും ദാരിദ്ര്യവും എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. എത്രയോ ആയിരം ജനങ്ങൾ തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുന്നുണ്ടു് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതു വ്യവസായതൊഴിലാളികളെ സംബന്ധിച്ചുള്ള കാര്യം മാത്രമാണു്, ഇനി കർഷകരെ സംബന്ധിച്ചാണെങ്കിൽ ഇവിടത്തെ കർഷകർ അവരുടെ ജീവിതത്തിനു ആശ്രയമായി കരുതിയിരിക്കുന്നതു വിദേശവിപണികളെയാണു്. അതായതു അവരുടെ വിഭവങ്ങൾ വിദേശവിപണികളിൽ കൊടുത്തു കിട്ടുന്ന ആദായത്തെ ആശ്രയിച്ചാണു്. ഉദാഹരണത്തിനു ഇവിടത്തെ ഏലം, കുരുമുളകു്, ഇഞ്ചി, തേങ്ങാ, അടയ്ക്കാ, റബ്ബർ മുതലായ ഉൽപ്പന്നങ്ങളാണു്. ഈ ഉൽപ്പന്നങ്ങൾക്കെല്ലാം സാരമായ വിലയിടിവു വന്നിട്ടുണ്ടെന്നുള്ളതു ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. അവയുടെ കണക്കെൻെറ കൈവശമുണ്ടു്. സമയച്ചുരുക്കമായതുകൊണ്ടു് ഞാൻ ഉദ്ധരിക്കുന്നില്ല. ഇതെല്ലാം അനിഷേധ്യമായ പരമാർത്ഥങ്ങളാണു് എന്നു മററു ചില മെമ്പറന്മാരും ഇവിടെ ചൂണ്ടിക്കാണിക്കയുണ്ടായി. റബ്ബറിൻെറ വില കുറഞ്ഞുപോയി എന്നു കാഞ്ഞിരപ്പള്ളിമെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കയുണ്ടായി. അതുപോലെതന്നെ അടയ്ക്കാ, തേങ്ങ, ഇവയുടെ കാര്യവും. ഇതിനെല്ലാം ഗവണ്മെൻറു നടപടികൾ എടുക്കുന്നുണ്ടെന്നു രാജപ്രമുഖൻെറ പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായി.

അതുപോലെ തന്നെ യൂണിവേഴ്സിററിഡിഗ്രിയും എടുത്തുകൊണ്ടു് അനേകം യുവാക്കന്മാർ തൊഴിൽ ലഭിക്കാതെ വെളിയിൽനിന്നു ബുദ്ധിമുട്ടുന്നു. അവർക്കു ജോലിയില്ല. ജോലി കൊടുക്കുന്നതിനു ഗവണ്മെൻറിനെക്കൊണ്ടു സാദ്ധ്യവുമല്ല. അതുപോലെ ഇന്നു നാട്ടിൽ തൊഴിലില്ല, കൂലിയില്ല, വേതനമില്ല. അപ്പോൾ ഭക്ഷണമില്ല എന്നുള്ളതാണു് പ്രധാനമായി നാം നോക്കേണ്ട സംഗതി. അതുകൊണ്ടു് ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയെ നേരിടേണ്ടതാണു്.

സർ, ഇതു പറയുമ്പോൾ ഭരണകക്ഷിയിൽപ്പെട്ടവർ പറയുമായിരിക്കും ഇതുവരെ നമ്മുടെ രാജ്യം ഒരു അടിമരാജ്യമായിരുന്നുവെന്നു്. ഇപ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ അടിമത്തത്തിൽനിന്നും നാം സ്വതന്ത്രരായി. അതിനുശേഷം നാം സാമ്പത്തികമായും സാമൂഹ്യമായും ഉയരേണ്ടിയിരിക്കുന്നു. അതിനു സമയം വേണം. അതുകൊണ്ടു് തിടുക്കത്തിൽ ഇതൊന്നും നേരിടുന്നതിനു സാദ്ധ്യമല്ല. ആ സംഗതി പരമാർത്ഥമാണെന്നു ഞാനും സമ്മതിക്കാം. രണ്ടോ മൂന്നോ കൊല്ലംകൊണ്ടു് ഈ രാജ്യത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാദ്ധ്യമല്ല. എന്നാൽ ദീർഘവീക്ഷണത്തോടുകൂടിയ ഒരു പ്ലാൻ ഉണ്ടോ എന്നതാണു് ചോദ്യം. ഇന്നല്ലെങ്കിൽ നാളെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്നതിനു എന്തെങ്കിലും ഉറപ്പുണ്ടോ? ഇൻഡ്യാഗവണ്മെൻറു ഒരു പഞ്ചവത്സരപദ്ധതി തയാറാക്കിയിരിക്കുന്നു. അതിൻെറ വിശദാംശങ്ങളിലേക്കു

[ശ്രീ. സി. അച്ചുതമേനോൻ,]

ഞാൻ ഇപ്പോൾ പ്രവേശിക്കുന്നില്ല. എന്നാൽ മൌലികമായിത്തന്നെയും അതിൽ തകരാറുകൾ ഉണ്ടു്. നമ്മുടെ രാജ്യത്തിൻെറ ഭാവി സുരക്ഷിതമാക്കാൻ വേണ്ട വ്യവസായീകരണം അതിലില്ല. നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു അടിയന്തിരമായി ചെയ്യേണ്ടതു ഈ രാജ്യം വ്യവസായീകരിക്കണം എന്നുള്ളതാണു്. അതുകൊണ്ടു മാത്രമേ ഈ രാജ്യത്തു തൊഴിൽ സമൃദ്ധിയായി വർദ്ധിപ്പിക്കാൻ സാദ്ധ്യതയുള്ളൂ. അതാണു് ഈ നാട്ടിലെ ജനങ്ങൾക്കു ക്ഷേമകരമായിതീരുന്ന ഒരു പദ്ധതി. അതു് ഈ പഞ്ചവത്സരപദ്ധതിയിൽ കാണുമെന്നാണു് ഞങ്ങൾ വിചാരിച്ചതു്. പക്ഷെ അതിനുള്ള പരിപാടികൾ ഈ പഞ്ചവത്സര പദ്ധതിയിൽ ഇല്ലെന്നാണു് എൻെറ അഭിപ്രായം. കാരണം ഞങ്ങൾക്കു കിട്ടിയിട്ടുള്ള കണക്കുകൾ അനുസരിച്ചു നോക്കുകയാണെങ്കിൽ ഈ ഫൈവ്ഇയർ പ്ലാൻ അനുസരിച്ചു് ഇൻഡ്യയിൽ മുടക്കുന്ന പണത്തിൽ ഒരു പങ്കു് വിദേശമൂലധനമാണെന്നും അതു നമ്മേ അടിമത്വത്തിലേയ്ക്കു് കൊണ്ടുപോകുമെന്നും അതു കൊളോണിയൽ അടിമത്വത്തെ നിലനിർത്തുകയേയുള്ളു എന്നും മാത്രമല്ല വിദേശിയമേധാവിത്വത്തെ ഒന്നുകൂടി സുരക്ഷിതമാക്കുകയേ ഉള്ളു എന്നുമാണു് ഞങ്ങൾക്കുള്ള ആക്ഷേപം.

പിന്നിട്ടു് കടപ്ര മെമ്പർ ചില കാര്യങ്ങൾ പറയുകയുണ്ടായി. പ്ലാനിംഗുകമ്മീഷൻ കണക്കുകൾ അല്ലാതെ ചിലതു പുതുതായിട്ടുണ്ടെന്നു പറഞ്ഞു. അങ്ങിനെയുണ്ടെങ്കിൽ ഞങ്ങൾക്കു അതു അറിയാൻ കഴിഞ്ഞിട്ടില്ല. പാവപ്പെട്ട പൊതുജനങ്ങൾക്കില്ലാത്ത പല അറിവുകളും ബഹുമാനപ്പെട്ട മെമ്പർക്കു അറിയാൻ രഹസ്യമാർഗ്ഗങ്ങളുണ്ടായിരിക്കാം. എന്നാൽ പരസ്യമായി ഞങ്ങൾക്കുലഭിച്ച ഒടുവിലത്തെ റിപ്പോർട്ടു നോക്കിയതിൽ——

ശ്രീ. പി. സദാശിവൻപിള്ള : പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. അച്യുതമേനോൻ : അതു നോക്കീട്ടില്ല. ഇൻഡ്യാഗവണ്മെൻറിൻെറ റിപ്പോർട്ടുപ്രകാരമുള്ള കണക്കുകളാണു്. വേറെ കണക്കുകൾ ഇല്ല. ഇൻഡ്യാഗവണ്മെൻറു രണ്ടായിരത്തിഅറുപത്തിനാലുകോടി ഉറുപ്പയാണു് ഈ പഞ്ചവത്സരപദ്ധതിയ്ക്കു ഉദ്ദേശിച്ചിരിക്കുന്നതു്. അതിൽ ഇൻഡസ്ട്രീയൽ ഡവലപ്പ്മെൻറുകൾക്കായി ൧൭൩ കോടി ഉറുപ്പാ മാത്രമാണു് നീക്കിവച്ചിട്ടുള്ളതു്. അതു് ൮·൪ ശതമാനം മാത്രമാണു്. ഇതാണോ രാജ്യത്തെ വ്യവസായീകരിക്കാൻ പോകുന്നതു എന്നാണു് ഞാൻ ചോദിക്കുന്നതു്?

അതുപോലെതന്നെ തിരുവിതാംകൂർ-കൊച്ചി സംബന്ധിച്ചു പറയുകയാണെങ്കിൽ ൨൯ കോടി ഉറുപ്പായുടെ പ്ലാനാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതിൽ വ്യവസായങ്ങൾക്കു ൧൬൮ ലക്ഷം മാത്രമേയുള്ളൂ. കുടിൽവ്യവസായങ്ങളെ വ്യവസായീകരണമായി ഗണിക്കാറില്ലെന്നു ഞാൻ പറയേണ്ടതില്ല. എന്നാൽ അതും കൂടി കൂട്ടിയാൽപോലും എന്താണു് കിട്ടുന്നതു്? കുടിൽ വ്യവസായങ്ങൾക്കു് ൮൯ ലക്ഷം ഉറുപ്പായും അതിൽഉൾക്കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ വ്യവസായീകരണത്തിനായി ഒരു കോടി ഉറുപ്പാ മാത്രമേ നീക്കിവച്ചിട്ടുള്ളു. അതുകൊണ്ടു വാസ്തവത്തിൽ വ്യവസായപരിഷ്കരണം എങ്ങനെ നടപ്പിലാക്കാൻ സാദ്ധ്യമാകും.

ഏതായാലും സമയം കഴിഞ്ഞതുകൊണ്ട് ഞാൻ പ്രസംഗം നീട്ടുന്നില്ല. ഏററവും പ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദേശസഹായം ലഭിക്കുന്നതിൽ എന്തു തെററാണ് ഉള്ളത് എന്നു ശ്രീമാൻ കാപ്പൻ അവർകളുടെ പ്രസംഗത്തിൽ ചോദിച്ചതിനു രണ്ടു വാക്കു പറഞ്ഞു കൊണ്ടവസാനിപ്പിക്കാം. ആരെങ്കിലും വിദേശത്തുനിന്നും ധനസഹായം ചെയ്തു നമ്മുടെ രാജ്യത്തെ രക്ഷിക്കുകയാണെങ്കിൽ അതിനെന്താണു വിരോധമെന്നു അദ്ദേഹം ചോദിക്കുകയുണ്ടായി. മാത്രമല്ല, സോവിയററ് യൂണിയൻതന്നെ അവരുടെ പഞ്ചവത്സരപദ്ധതിക്കുവേണ്ടി അമേരിക്കയിൽനിന്നും എത്രയോ ലക്ഷം റൂബിൾ വാങ്ങിയില്ലേ എന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ശ്രീമാൻ കാപ്പൻ ഇക്കാര്യത്തിനുവേണ്ടിയെങ്കിലും സോവിയററയൂണിയൻെറ മാതൃകയെ ഉദ്ധരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. സോവിയററ് യൂണിയൻ പഞ്ചവത്സരപദ്ധതിക്കായി അവിടത്തെ വരവിൻെറ ൦.൫ ശതമാനം മാത്രമാണ് കടം വാങ്ങിയത്. അതേ സമയത്ത് ഇൻഡ്യാഗവണ്മെൻറ് പഞ്ചവത്സരപദ്ധതിക്കായി പതിനഞ്ചുശതമാനമാണ് ലഭിക്കുന്നത് എന്നു നമുക്കു മനസ്സിലാക്കണം. ഇന്നു ഇവിടത്തെ കമ്മ്യൂണിററി പ്രോജക്ടിനെ സംബന്ധിച്ച് ഞങ്ങൾ എതിരാണെന്നു സമ്മതിക്കുന്നു. അതിനുള്ള കാരണങ്ങൾ എന്താണെന്നു അറിയേണ്ടതായിട്ടുണ്ട്. ഇന്ന് ഇൻഡ്യാഗവണ്മെൻറതന്നെ ചെയ്തിട്ടുള്ളതായ കരാർ അനുസരിച്ച് നമ്മുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെ അമേരിക്കക്കു അനർഹമായി അടിമപ്പെടുത്തിട്ടുണ്ടെന്നു കാപ്പൻെറ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കമ്മ്യൂണിററി പ്രോജക്ടുകൾക്കു അടിസ്ഥാനമായി നിൽക്കുന്നതു ഇൻഡ്യാഗവണ്മെൻറും അമേരിക്കൻ ഗവണ്മെൻറും തമ്മിൽ ചെയ്തിരിക്കുന്ന ഇൻഡോ അമേരിക്കൻ ടെക്നിക്കൽ കൊഓപ്പറേഷൻ എഗ്രിമെൻറ ആണ്. അതിൻെറ ചില വകുപ്പുകൾ ഞാൻ ഇവിടെ വായിക്കാം:—

Article I (2) The immediate representative in India of the Administration in connection with the Technical Co-operation programme shall be the Director of Technical Co-operation (hereinafter referred to as the Director). He and his staff shall be a part of the diplomatic mission of the U. S. Government in India and shall share fully in the privileges and immunities enjoyed by that mission and its personnel.

എന്നാണ്. ഇതു് അടിമത്വമല്ലേ എന്നാണെനിക്കറിയേണ്ടതു്.

ഇനി ആർട്ടിക്കിൾ (൪) സെക്ഷൻ ൪ൽ പറയുന്നതു നോക്കുക.

(4) The Government of India agrees that the Administration, being an agency of the U. S. A. wholly directed and controlled by the U. S. Government, will share fully in all the privileges and immunities, including immunity from suit in the courts of India, which are enjoyed by the U. S. Government.

എന്നാണ്.

[ശ്രീ. സി. അച്ചുതമേനോൻ]

ഇനി അടുത്ത ഭാഗം വായിക്കാം.

Article IV. (3) The Director shall make his services available as a consultant to the Committee and he shall be consulted with respect to all programme recommendations of the Committee and his concurrence shall be required with respect to any recommendations involving the allocation or expenditure of funds made available by the U. S. Government.

അതായത്തു ആ ഡയറക്ടരുടെ അനുമതി കൂടാതെ അമേരിക്കൻ ഗവണ്മെൻറിൻെറ പണം വിനിയോഗിക്കരുതെന്നാണ് ഇങ്ങനെയുള്ള വകുപ്പുകൾ കാണുന്നതുകൊണ്ടാണ് ഇതിനെ വ്യക്തമായി ഞങ്ങൾ ആക്ഷേപിക്കുന്നതു്. അതിനെല്ലാം ഉത്തരം പറയണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ശ്രീമാൻ ചെറിയാൻ കാപ്പൻ അവതരിപ്പിച്ച ഭേദഗതിയെ പരാമർശിച്ചുകൊണ്ടു് എതിർപക്ഷത്തുനിന്നും ധാരാളം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. ആ വിമർശനങ്ങൾ എല്ലാം വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരുന്നു. പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചതായ പ്രധാനപോയിൻറുകൾ തൊഴിലില്ലായ്മ നാട്ടിലുണ്ടെന്നും, താമസിക്കുന്നതിനുള്ള വീടുകൾ ഇല്ലെന്നും, ഈ നാട്ടിലെ ഉല്പന്നങ്ങൾക്കു ശരിയായ വില കിട്ടുന്നില്ലെന്നും ആളുകൾക്കു ഭക്ഷണദാരിദ്ര്യം ഉണ്ടെന്നുമാണ്. ഭക്ഷണസംബന്ധമായ സംഗതികളെ സംബന്ധിച്ച് ഈ ഗവണ്മെൻറ് ശക്തിയായി കഴിഞ്ഞ മൂന്നുനാലുകൊല്ലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളതു എല്ലാവർക്കുമറിയാവുന്ന സംഗതിയാണ്. നെല്ലുംകൃഷി സംബന്ധിച്ചും, കരകൃഷി സംബന്ധിച്ചും വലിയ തുകകൾ ഈ ഗവണ്മെൻറ് ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. മേജർ ഇറിഗേഷൻ പദ്ധതികൾക്കായി മൂന്നുകോടിയിൽപരം രൂപാ ചെലവാക്കിയിട്ടുണ്ടു്. അതിൽ രണ്ടുപദ്ധതികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. അതു പീച്ചിയും പെരുഞ്ചാണിയുമാണ്. അതുകൂടാതെ മൈനർ ഇറിഗേഷൻ പദ്ധതികൾക്കായി മൂന്നുകൊല്ലക്കാലംകൊണ്ടു് ൯൪ ലക്ഷം രൂപയാണ് ചെലവാക്കിയിരിക്കുന്നതു്. മൈനർ ഇറിഗേഷൻ പദ്ധതികൾ മുഴുവൻ വടക്കൻ തിരുവിതാംകൂറിലാണ് നടപ്പാക്കിയതെന്നും തെക്കൻതിരുവിതാംകൂറിൽ നടത്തുന്നില്ലെന്നും ശ്രീമാൻ രാമസ്വാമിപ്പിള്ള പറയുകയുണ്ടായി. അതു ശരിയല്ല. പെരിഞ്ചാണി പദ്ധതിക്കായി ൬൬ ലക്ഷം രൂപാ ചെലവുചെയ്തു പണിയിച്ചിട്ടുള്ളതു തെക്കൻ തിരുവിതാംകൂറിലാണ്. അതുകൂടാതെ മററ രണ്ടുമൂന്നു പദ്ധതികളുംകൂടി ഇപ്പോൾ അവിടെ ഏറെറടുക്കപ്പെട്ടിരിക്കുന്നതു്. മൈനർ ഇറിഗേഷൻ പദ്ധതികളുടെ കൂട്ടത്തിൽ കിണറുകളും കുളങ്ങളും നന്നാക്കുകയും കുഴിപ്പിക്കുകയും ചെയ്തിട്ടുള്ളതു തെക്കൻതിരുവിതാംകൂറിലാണ്. ൧൯൫൦-ൽ ൪൮൬ വർക്സ് ആരംഭിക്കുകയും മിക്കവയും നന്നാക്കുകയും ചെയ്തിട്ടുണ്ടു്. അതിനു ഒൻപതുലക്ഷത്തി ഇരുപതിനായിരത്തി പന്ത്രണ്ടു രൂപാ ചെലവായിട്ടുണ്ടു്. ൧൯൫൧-ൽ ൧൬൬ വർക്കുകൾ എടുത്തതിൽ ൧൪൧ എണ്ണം പൂർത്തിയാക്കുകയും അതിനു നാലുലക്ഷത്തിനാലായിരത്തി ഇരുപത്തിരണ്ടു രൂപാ ചെലവാക്കിയിട്ടുമുണ്ടു്. ൧൯൫൨-ൽ ൨൫൨

വക്കുകളിൽ ൧൦൧ കുളങ്ങളുടെ ജോലി പൂത്തിയാക്കി. അതിനു പതിനൊന്നു ലക്ഷത്തി എണ്ണായിരത്തിനാനൂററിമുന്നുരൂപാ ചെലവാക്കി. ൧൯൫൩-ൽ ൪൫൦ വക്കുകൾക്കു പണി ആരംഭിച്ചിരിക്കുന്നു. അതിനു പതിനാലുലക്ഷം രൂപാ അതിലേയ്ക്കു ചെലവാക്കുന്നതാണു്.

ഭക്ഷണസാധനം സംബന്ധിച്ച ഇക്കഴിഞ്ഞ ഒരുകൊല്ലക്കാലത്തിനിടയ്ക്കു തിരുവിതാംകൂർ-കൊച്ചിയിൽ ഏതെങ്കിലും വിധത്തിൽ ക്ഷാമമുണ്ടായിരുന്നതായി ഗവണ്മെൻറിനു അറിയാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷെ, ഇന്നു കൊടുത്തുവരുന്ന ൬ ഔൺസു അരികൂടി കൊടുക്കാത്തതിൽ ജനങ്ങൾക്കു പരാതിയുണ്ടായിരിക്കാം. ൬ ഔൺസു അരി എല്ലാ ജനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ടു്. കൊടുത്തിട്ടുള്ള അരി നല്ല ഇനത്തിൽപ്പെട്ടതുമാണു്. ഇതിനെ സംബന്ധിച്ച പ്രതിപക്ഷത്തുനിന്നും ഒരു എതിർശബ്ദവും പുറപ്പെടുവിച്ചുകേട്ടില്ല. ഇപ്പോൾ വിതരണം ചെയ്യുന്ന അരി കൂട്ടണമെന്നു പ്രതിപക്ഷത്തുനിന്നും ആവശ്യപ്പെടുന്നുണ്ടായിരിക്കാം. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ ൬ ഔൺസു അരിതന്നെ വിതരണം ചെയ്യുന്നതു ഒരു വലിയ സംഖ്യ നഷ്ടപ്പെട്ടുകൊണ്ടാണെന്നു എല്ലാവർക്കും അറിയാം. കഴിഞ്ഞകൊല്ലം വിതരണംചെയ്ത അരിക്കു് ഉദ്ദേശം ആറുകോടിയിൽ പരം രൂപ ആയിരുന്നു ഈ ഗവണ്മെൻറു നഷ്ടം സഹിച്ചതു്. അതിനെപ്പററി സെൻട്രൽ ഗവണ്മെൻറിൽ നിവേദനം നടത്തിയതിൻെറ ഫലമായി ൩ കോടി രൂപ സബ്സിഡിയായി ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടു്. ഇവിടത്തെ മന്ത്രിമാർ സെൻട്രൽ ഗവണ്മെൻറിൻെറ ദാസന്മാരായിട്ടാണു വത്തിക്കുന്നതെന്നു സാധാരണ ഇവിടെ പറഞ്ഞുകേൾക്കാറുണ്ടു്. അതുകൊണ്ടാണു സെൻട്രൽ ഗവണ്മെൻറിൻെറ ആനുകൂല്യങ്ങൾ യാതൊന്നും നമുക്കു ലഭിക്കാതെ പോകുന്നതെന്നും പറയാറുണ്ടു്. എന്നാൽ കഴിഞ്ഞകൊല്ലം ഈ ഗവണ്മെൻറു നടത്തിയ നിവേദനത്തിൻെറ ഫലമായിട്ടാണു് മൂന്നുകോടി രൂപ നമുക്കു സബ്സിഡിയായി സെൻട്രൽ ഗവണ്മെൻറിൽനിന്നും ലഭിച്ചതു്. മറെറാരു സ്റേററിനും സെൻട്രൽ ഗവണ്മെൻറു് സബ്സിഡികൊടുത്തിട്ടില്ലെന്നും നമുക്കു മാത്രമാണു നൽകിയിരിക്കുന്നതെന്നുംകൂടി ഈയവസരത്തിൽ ഓക്കേണ്ടതാണു്. കഴിഞ്ഞ ഒന്നുരണ്ടു കൊല്ലമായി മിക്കവാറും ഇൻഡ്യയിലുള്ള എല്ലാ സ്റ്റേററുകളിലും അരിവില വർദ്ധിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഈ സ്റ്റേററിൽ ഒരു മന്നരിക്കു് രണ്ടുമൂന്നു വർഷങ്ങൾക്കു മുൻപു് ൧൭ രൂപ വിലയാണുണ്ടായിരുന്നതു്. ഇപ്പോഴും അതേ വിലയ്ക്കുതന്നെ അരി ലഭിക്കുന്നു. പുറത്തുനിന്നും വാങ്ങുന്ന അരിക്കു ഒരു മന്നിനു് ൩൨ രൂപ, മററു ചെലവുകളെല്ലാംകൂടി ചേക്കുമ്പോൾ ൩൪ രൂപ വിലവരും. ആ അരിയും മന്നിനു് ൧൭ രൂപ വിലവച്ചാണു് നാം വിൽക്കുന്നതു്. മേലിലും വിൽക്കത്തക്ക വ്യവസ്ഥകൾ ഇപ്പോൾ ഇൻഡ്യാ ഗവണ്മെൻറും സമ്മതിച്ചിരിക്കുകയാണു്. ഇതും മന്ത്രിമാർ സെൻട്രൽ ഗവണ്മെൻറിനോടു നിർബന്ധപൂവ്വമായി നിവേദനം നടത്തിയതിൻെറ ഫലമായി ലഭിച്ചിട്ടുള്ളതാണു്.

ശ്രീ. രാമസ്വാമിപ്പിള്ള തെക്കൻതിരുവിതാംകൂറിൽ ഇറിഗേഷൻ സംബന്ധിച്ചുള്ള പണികൾ ചെയ്യുമ്പോൾ പക്ഷപാതബുദ്ധിയോടുകൂടിയാണു ഗവണ്മെൻറു അനുവത്തിക്കുന്നതെന്നും, ജലവിതരണം ഏതോ കക്ഷിയെ അടിസ്ഥാനപ്പെടുത്തി മാത്രമാണു നടത്തുന്നതെന്നും പ്രസ്താവിക്കുകയുണ്ടായി. അതു അടിസ്ഥാനരഹിതമാണെന്നു പറയുവാൻ ഞാനാഗ്ര

[ശ്രീ. എ. ജെ. ജോൺ.]

ഹിക്കുന്നു. ഒരു സ്ഥലത്തുനിന്നും വെള്ളം പുറത്തേക്കു വിടുമ്പോൾ കക്ഷികളെ അടിസ്ഥാനപ്പെടുത്തി വിതരണം ചെയ്യുന്നതെങ്ങനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരുമാസം മുൻപു തെക്കൻതിരുവിതാംകൂറിൽ വലുതായ ഉണക്കു ബാധിച്ചിരിക്കുന്നുവെന്നും, അതിനു പരിഹാരമുണ്ടാക്കണമെന്നും ഒരു വലുതായ ഡെപ്യൂട്ടേഷൻ ഗവൺമെൻറിനെ സമീപിച്ചു ആവശ്യപ്പെടുകയുണ്ടായി. പേച്ചിപ്പാറ അണയിൽനിന്നും വെള്ളം ഉപയോഗിച്ചു എത്രയും വേഗത്തിൽ വിതരണം ചെയ്യേണ്ടതാണെന്നു നിർദ്ദേശിക്കപ്പെട്ടു. അതിലേയ്ക്കു ഉടൻ ഏകദേശം രണ്ടുലക്ഷം രൂപ അനുവദിക്കുകയും രണ്ടാഴ്ചകൊണ്ടു അക്കാര്യം നിർവ്വഹിച്ചുകൊടുക്കുകയും ചെയ്തു. ഗവൺമെൻറ ഇത്രയുംചെയ്ത നിലയ്ക്കു ഇക്കാര്യത്തിൽ ഗവൺമെൻറ എത്രമാത്രം ശ്രദ്ധയോടുകൂടിയാണു പ്രവത്തിച്ചിരിക്കുന്നതെന്നു ശ്രീ. രാമസ്വാമിപിള്ള മനസ്സിലാക്കേണ്ടതാണ്. ഗവൺമെൻറിൻെറ ഈദൃശപ്രവത്തനങ്ങളിൽ ശ്രീ. രാമസ്വാമിപിള്ളയ്ക്കു ഒരക്ഷരംപോലും പ്രസ്താവിക്കാനില്ലാതെ പോയതു സങ്കടകരമാണെന്നേ പറയുവാനുള്ളു. തെക്കൻതിരുവിതാംകൂറിൽ ഉള്ളവർ ഇക്കാര്യത്തിൽ വളരെ സംതൃപ്തി പ്രകടിപ്പിക്കുകയും ഗവൺമെൻറിനോടു വളരെ സന്തോഷം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു എനിക്കു തന്നെ നേരിട്ടറിയാവുന്ന ഒരു വസ്തുതയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു രണ്ടാമതായി ഉന്നയിച്ചതു തൊഴിലില്ലായ്മയെപ്പററിയാണ്. കഴിഞ്ഞ ഒരുകൊല്ലക്കാലത്തിനിടയ്ക്കു് തിരുവിതാംകൂർ-കൊച്ചിയിൽ വളരെ ചുരുക്കമായിട്ടേ സ്ട്രൈക്കുകൾ ഉണ്ടായിട്ടുള്ളു എന്നാണെൻെറ അറിവ്. അതിനുള്ള കാരണം കമ്മ്യൂണിസ്റ്റുകാരുടെ കുതന്ത്രങ്ങൾ എല്ലാം തൊഴിലാളികൾ ഒരുവിധം മനസ്സിലാക്കിക്കഴിഞ്ഞുവെന്നുള്ളതാണ്. അവരുടെ പ്രേരണകൾക്കും പ്രലോഭനങ്ങൾക്കും വശംവദരായി സ്ട്രൈക്കുകൾ നടത്തുന്നതു തങ്ങളുടെ ഭാവിയെ അപകടപ്പെടുത്തുന്നതാണെന്നു തൊഴിലാളികൾക്കു മനസ്സിലായിത്തുടങ്ങി. കമ്മ്യൂണിസ്റ്റുകാർ പറഞ്ഞു സ്ട്രൈക്കു തുടങ്ങുന്നതായാൽ ഇപ്പോഴുള്ള ജോലിപോലും നഷ്ടപ്പെട്ടുപോകുമെന്നും, തന്മൂലം അവരും അവരുടെ കുടുംബവും അനേകദിവസം പട്ടിണികിടന്നു കഷ്ടപ്പെടേണ്ടിവരുമെന്നും അവർ മനസ്സിലാക്കി. തൽഫലമായി പല തൊഴിലാളികളും കമ്മ്യൂണിസ്റ്റുപാർട്ടി സംഘടിപ്പിച്ച യൂണിയനുകളിൽനിന്നും രാജിവച്ചു വേറെ പാർട്ടികളിൽ ചേന്നു പ്രവത്തിച്ചുവരുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ ഇടയിൽ സ്ട്രൈക്കില്ലാതിരിക്കുവാൻ വേണ്ടി ഗവൺമെൻറിൽനിന്നു ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ പ്രവത്തനത്തിൻെറ ഫലമായി മാനേജുമെൻറും തൊഴിലാളികളും തമ്മിൽ വളരെ ശരിയായ നിലയിൽ കാര്യങ്ങൾ ഒത്തുതീർത്തുപോകുന്നുമുണ്ട്.

പിന്നീടു അദ്ദേഹം കയർവ്യവസായത്തെ സംബന്ധിച്ചാണു പറഞ്ഞതു്. ഈ സംസ്ഥാനത്തെ കയർവ്യവസായം അധഃപ്പതനാവസ്ഥയെ പ്രാപിക്കുന്നതു കണ്ടു്, സഹകരണാടിസ്ഥാനത്തിൽ അതു അഭിവൃദ്ധിപ്പെടുത്തുവാനുള്ള ഒരു സ്കീം രണ്ടുമൂന്നു വർഷങ്ങൾക്കു മുൻപുതന്നെ ഗവൺമെൻറ തയാറാക്കുകയും, അതനുസരിച്ചു് ചില കോവാപ്പറേററീവ് സൊസൈററികളും യൂണിയനുകളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്: എന്നാൽ ഗവൺമെൻറിൻെറ സാമ്പത്തിക പരിതഃസ്ഥിതികൾ അനുവദിക്കു

തിരുന്നതുകൊണ്ടും മററും അതു വളരെ ശക്തിയായി മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കാതെ വന്നു. അക്കാലത്തുണ്ടായ കയർവ്യവസായത്തിന്റെ മാന്ദ്യം നിമിത്തം ഗവണ്മെൻറ അക്കാര്യം വളരെ ശ്രദ്ധയോടുകൂടി എടുക്കുകയും ഇൻഡ്യാഗവണ്മെൻറിനെ സമീപിച്ചു് വേണ്ട നടപടികൾ എടുക്കുവാൻ അവരോടു ആവശ്യപ്പെടുകയും ചെയ്തു. നമ്മുടെ മന്ത്രിമാർ സർവ്വശക്തികളും ഉപയോഗിച്ചു് ഇൻഡ്യാഗവണ്മെൻറിനെ പ്രേരിപ്പിച്ചതിന്റെ ഫലമായി ഈ വിഷയം ഗവണ്മെൻറിന്റെ പ്രത്യേക പരിഗണനയിൽപെട്ടു എന്നു മാത്രമല്ല, ഇൻഡ്യയ്ക്കു അകത്തും പുറത്തും വിപണികൾ ഉണ്ടാക്കുന്നതിനും മററുതരത്തിൽ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഹകരണാടിസ്ഥാനത്തിലും അല്ലാതെയുമുള്ള മാർഗ്ഗങ്ങൾ ഇൻഡ്യാഗവണ്മെൻറ സ്വീകരിച്ചിട്ടുമുണ്ടു്. ഇക്കാര്യത്തിൽ മൂന്നു കൊല്ലംകൊണ്ടു നൂറു ലക്ഷം രൂപ ചെലവാക്കേണ്ടതാണെന്നും, അതിൽ പകുതി തുക സെൻട്രൽ ഗവണ്മെൻറ തരുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്, അതിലേയ്ക്കുവേണ്ട ഗ്രാൻറുകളും ഗവണ്മെൻറ അനുവദിച്ചിട്ടുണ്ടു്. കയർവ്യവസായം വേണ്ടതരത്തിൽ അഭിവൃദ്ധിപ്പെടണമെങ്കിൽ മാർക്കററിംഗ് ഉണ്ടാകണമെന്നുള്ളതാണു് പ്രധാനകാര്യം. അതിനെ സംബന്ധിച്ചു ഈ ഗവണ്മെൻറിനു വളരെ കാര്യമായി യാതൊന്നും പ്രവർത്തിക്കാനില്ലെന്നു് എല്ലാവക്കും അറിയാം. ഇതുസംബന്ധിച്ചു സെൻട്രൽ ഗവണ്മെൻറുമായി നടത്തിയ എഴുത്തുകുത്തുകളുടേയും സംഭാഷണങ്ങളുടേയും ഫലമായി അമേരിക്കയിലും മററു വിദേശരാജ്യങ്ങളിലുമുള്ള ഏജൻസികൾ മുഖേന കഴിവുള്ളിടത്തോളം വിപണികൾ ഉണ്ടാക്കുവാനുള്ള യത്നങ്ങൾ ഇൻഡ്യാഗവണ്മെൻറ നടത്തിവരുന്നുണ്ടു്. അതിന്റെ ഫലമായി ഇപ്പോൾ കുറേശ്ശെ ആർഡറുകൾവന്നുകൊണ്ടിരിക്കുന്നുവെന്നും, നാലഞ്ചുമാസമായി കുറേശ്ശെ വിപണികൾ ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇപ്പോൾ തീരപ്രദേശങ്ങളിൽ ക്ഷാമമില്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ സ്ഥിതിഗതികൾ ഭേദപ്പെട്ടിട്ടുണ്ടു്. കയറിന്റെ വില മുൻപിലത്തേതിൽനിന്നും കൂടിയിട്ടുണ്ടു്. കയർവ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന കമ്പനികൾക്കു് കുറേശ്ശെ ആർഡറുകൾ വന്നുകൊണ്ടിരിക്കുന്നുണ്ടു്. ഇതെല്ലാം ഈ ഗവണ്മെൻറ സെൻട്രൽ ഗവണ്മെൻറിനെ സമീപിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ലഭിച്ചതാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് മിനിമം വേജസ്സ് ക്ലിപ്തപ്പെടുത്തുന്നതിനു ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിററി റിപ്പോർട്ടും സമർപ്പിച്ചുകഴിഞ്ഞു. ആറേഴു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, അതായതു് കയർ, ട്രാൻസ്പോർട്ട്, മുനിസിപ്പാലിററി, പഞ്ചായത്തു് എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചും മിനിമം വേജസ്സ് നിശ്ചയിക്കുവാൻ പ്രത്യേകം കമ്മിററികളെ നിയമിച്ചിട്ടുണ്ടു്. അതിൽ കയർ, മുനിസിപ്പാലിററി, പഞ്ചായത്തു എന്നിവയുടെ കമ്മിററികൾ ഗവണ്മെൻറിലേയ്ക്കു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. ഇത്രയും എല്ലാം ചെയ്തുകൊണ്ടിരുന്നിട്ടും തൊഴിലാളികളുടെ കാര്യത്തിൽ യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നു പറയുന്നതു ശരിയല്ല എന്ന മിതമായ വാക്കുമാത്രമെ ഞാൻ

[ശ്രീ. എ. ജെ. ജാൺ.]

ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. ഇതിനും പുറമെ മിനിമം വേജസ് അഡൈ്വസറി കമ്മിററി തന്നെ ഗവണ്മെൻറ രൂപീകരിച്ചിട്ടുണ്ട്. ഇതുകൊണ്ടു മുതലാളികളുടേയും തൊഴിലാളികളുടേയും സമ്പർക്കം കുറെക്കൂടി നന്നാകുമെന്നു ഗവണ്മെൻറ വിശ്വസിക്കുന്നു.

അടുത്തതു ഭവനനിർമ്മാണത്തെ സംബന്ധിച്ചാണ്. ഈ ഗവണ്മെൻറിൻെറ സാമ്പത്തികസ്ഥിതിക്കനുസരണമായ വിധത്തിൽ ഇക്കാര്യത്തെപ്പററി ഗവണ്മെൻറ പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. ൧൯൫൦-൫൧ൽ ൧,൯൨,൨൯൪ രൂപ ൧൨൧ ഭവനങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്. ൧൯൫൧-൫൨-ൽ, ൯൩ വീടുകൾക്കായി ൧,൬൨,൯൭൫ രൂപയും, ൧൯൫൨-൫൩-ൽ ൧൪൦ വീടുകൾക്കായി ൨,൪൪,൫൧൦ രൂപയും ചെലവാക്കിയിരിക്കുന്നു. ഇതിനുംപുറമേ പേട്ടക്കടെ സെററിൽമെൻറ സംബന്ധിച്ചു ൧൬൫ വീടുകൾക്കായി ഏകദേശം ൩൦,൦൦൦ രൂപ ചെലവു ചെയ്തു. ഓരോ വീടിനും ബിൽഡിംഗ് മെററീരിയൽസിനായി ൨൫൦ രൂപയും, ഗ്രാൻറായി ൫൦ രൂപയും കൊടുത്തിട്ടുണ്ട്. കുട്ടനാട്ടുസ്കീം അനുസരിച്ച് ൧൯൫൦-൫൧-ൽ നൂറു വീടുകൾക്കായി ൧൦,൦൦൦ രൂപയും, ൧൯൫൧-൫൨-ൽ അമ്പതു വീടുകൾക്കായി ൩൦൦൦ രൂപയും ചെലവുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ സാമ്പത്തിക പരിതസ്ഥിതികൂടി വച്ചുനോക്കുമ്പോൾ ഗവണ്മെൻറിൻെറ കഴിവനുസരിച്ചു പ്രവർത്തിച്ചിട്ടുണ്ടെന്നു കാണുവാൻ സാധിക്കും.

ശ്രീ. താമസിൻെറ പ്രസംഗത്തിൽ ഇന്നത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ അദ്ദേഹത്തിനു വലിയ നിരാശയാണുണ്ടായിട്ടുള്ളതെന്നു പറഞ്ഞു, അതുസംബന്ധിച്ചു ചില ചർച്ചകളും ഇവിടെ നടന്നു. അദ്ദേഹത്തിനു നിരാശ ഉണ്ടായതിൽ യാതൊരതിശയവുമില്ല. ശ്രീ. താമസും കൂട്ടരും ചില സ്കീം അനുസരിച്ചു ചില പ്രവർത്തനങ്ങൾ ഇവിടെ നടത്തിക്കൊണ്ടിരുന്നു. അങ്ങനെ അവർക്കു മുൻപോട്ടുപോകാം എന്നവർ വിചാരിച്ചു. കുറച്ചുമാസങ്ങളായി അദ്ദേഹത്തിൻെറ സ്കീമൊന്നും മുൻപോട്ടുപോകുന്നില്ലെന്നും, അന്നുണ്ടായിരുന്ന സ്ഥിതിഗതികളിൽ നിന്നും തങ്ങൾ വളരെ പിന്നാക്കം പൊയ്ക്കൊണ്ടിരിക്കുന്നുവെന്നും കണ്ടപ്പോൾ അദ്ദേഹത്തിനു നിരാശയുണ്ടായതിൽ യാതൊരതിശയവുമില്ല. അക്രമപരമായോ വിപ്ലവപരമായോ ഉള്ള യാതൊരു പ്രവർത്തനങ്ങളും മുൻപോട്ടുകൊണ്ടുപോകുവാൻ ഈ ഗവണ്മെൻറ അനുവദിക്കുകയില്ല. അതുകൊണ്ടു അദ്ദേഹത്തിൻെറ നിരാശകൂടിക്കൂടി വരികയല്ലാതെ കുറയുന്നതല്ലെന്നുംകൂടി ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. രാമസ്വാമിപിള്ള ഈ ഗവണ്മെൻറ തെക്കൻ തിരുവിതാംകൂറിൽ വ്യവസായപരമായി ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ലെന്നു പറയുകയുണ്ടായി. വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ തെക്കൻ തിരുവിതാംകൂറിൽ ആരംഭിച്ചിട്ടില്ല. എന്നാൽ കരിപ്പുകട്ടിവ്യവസായത്തിന് ഗവണ്മെൻറിൽനിന്നും കുറെ ആളുകളെ ശാസ്ത്രീയമായ വിധത്തിൽ വ്യവസായം സംബന്ധിച്ച് പഠിക്കുന്നതിലേയ്ക്കു പൂനയിലോ മററോ അയച്ചിരുന്നു. പരിശീലനം കഴിഞ്ഞുവന്നവർക്ക് ആ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗവണ്മെൻറ് വേണ്ടതു ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീ. കുഞ്ഞൻനാടാർ തെക്കൻതിരുവിതാംകൂറിൽ ബാധിച്ചിട്ടുള്ള ഉണ

ക്കിന് ഗവണ്മെന്റ് യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു പറഞ്ഞു. അതിനുള്ള സമാധാനം ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. അതിനുപുറമെ ഗവണ്മെന്റിന്റെ കൈവശമുണ്ടായിരുന്ന ഇരുപതിനാലോ ഇരുപത്തഞ്ചോ പമ്പുകൾ അവിടെ അയച്ചുകൊടുക്കുകയും വേണ്ടവണ്ണം അവയെ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അവിടെ കാളറാ, വസൂരി, മുതലായ സാംക്രമിക രോഗങ്ങൾ ബാധിക്കുന്നുവെന്നും തന്നിവാരണാർത്ഥം ഗവണ്മെന്റ് കാര്യമായൊന്നും പ്രവർത്തിക്കുന്നില്ലെന്നും പറയുകയുണ്ടായി. അതും തെററാണ്. കാളറാ, തിരുനെൽവേലിയിൽനിന്നാണ വന്നിട്ടുള്ളത്. അവിടത്തെ സ്ഥിതിഗതികളെപ്പററി ഞാനൊന്നും പറയുന്നില്ല. പക്ഷെ, തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട് എന്നീ നാലു താലൂക്കുകളിലും ഇപ്പോൾ ഈ രോഗങ്ങൾ നിയന്ത്രണത്തിൽ വരുത്തിയിട്ടുണ്ട്. അതിലേക്ക് ഉടൻതന്നെ നാലു സാനിട്ടറി ഇൻസ്പെക്ടർമാരെ വേണ്ട സ്റ്റാഫുകളോടുകൂടി നിയോഗിക്കുകയും അവർ അവിടെയുള്ള ജനങ്ങളെ ഇനാക്കുലേററു ചെയ്തും, മററു വിധത്തിൽ ശ്രമിച്ചും ഈ രോഗങ്ങൾ ശമിപ്പിച്ചുവരുന്നുമുണ്ട്. പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറും, ഇക്കാര്യത്തിൽ ജാഗ്രതമായി പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീ. മജീദ് ഗവണ്മെന്റിന്റെ ഭൂനയത്തെപ്പററി യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. ഇതുസംബന്ധിച്ച് ഈ സഭയിൽതന്നെ വലിയ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഭൂനയത്തെ സംബന്ധിച്ച് ഈ ഗവണ്മെന്റിന് ഒരു ദിവസംകൊണ്ട് ഒരു തീരുമാനവും ചെയ്യാൻ സാദ്ധ്യമല്ല. ഇൻഡ്യാ ഗവണ്മെന്റുതന്നെ ഇതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ മഹാന്മാരെല്ലാവരുംകൂടി ചേർന്ന് ഒരു പഞ്ചവത്സരപദ്ധതി ഉണ്ടാക്കിയിട്ടുണ്ടല്ലൊ. ആ പദ്ധതിയിൽ പറയുന്നത് ഭൂനയത്തെ സംബന്ധിച്ച് വളരെയധികമൊന്നും ഇൻഡ്യാഗവണ്മെന്റിനും ചെയ്യുവാൻ ഒക്കുകയില്ലെന്നും, മേലാൽ ഉള്ള സ്വത്തുസമ്പാദ്യത്തെപ്പററി ഒരു നയം സ്വീകരിക്കുകയെ നിവൃത്തിയുള്ളുവെന്നുമാണ്. സ്റ്റേററ് ഗവണ്മെന്റുകളെ സംബന്ധിച്ചിടത്തോളം അതാതു സ്റ്റേററുകളിലെ ചുററുപാടുകളനുസരിച്ച് പ്രവർത്തിക്കണമെന്നും പറഞ്ഞിട്ടുണ്ട്. പെട്ടെന്ന് തീരുമാനിക്കാവുന്ന ഒന്നല്ല ഭൂനയം. ഗവണ്മെന്റ് ആ വിഷയത്തെപ്പററി അഗാധം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

സെയിൽസ് ടാക്സിന്റെ പ്രവർത്തനത്തിൽ ചില സങ്കടങ്ങൾ ഉണ്ടെന്നു പറഞ്ഞു. അതിനെപ്പററി റിപ്പോർട്ടു ചെയ്യുവാൻ ഗവണ്മെന്റിൽനിന്നും ഉത്തരവാദപ്പെട്ട ഒരു കമ്മിററിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടു വന്നതിനുശേഷം, അതേപ്പററി ആലോചിക്കുന്നതാണ്. ശ്രീ. മജീദിന്റെ പ്രസംഗത്തിൽ കർബലാ മൈതാനക്കാര്യത്തെപ്പററി ചില ആരോപണങ്ങൾ പറയുകയുണ്ടായി. അതു് അടിസ്ഥാനരഹിതമാണെന്ന് ഞാൻ പറയുന്നു.

ശ്രീ. എം. എം. അബ്ദുൽഖാദർ : അതുസംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: എനിക്കു നിശ്ചയമില്ല. അതു അവിടെ തന്നെ ചോദിച്ചറിയേണ്ടതാണ്.

ശ്രീ എം. എം. അബ്ദുൾ ഖാദർ: അവിടെ ചോദിച്ചറിയും; നാമെന്താ ഇവിടെ ചോദിക്കുന്നത്?

ശ്രീ. ഏ. ജെ. ജാൺ: പാസ്പോർട്ടിനെ സംബന്ധിച്ച് അദ്ദേഹം ഇവിടെ പരാതിപ്പെടുകയുണ്ടായി. പാസ്പോർട്ടിന്റെ കാര്യം ഈ ഗവണ്മെന്റിന്റെ അധികാരത്തിൽപ്പെട്ടതല്ല. സംസ്ഥാനത്തിനു വെളിയിൽ മലയാ, സിംഗപ്പൂർ മുതലായ സ്ഥലങ്ങളിൽ പോകുന്നതിനുള്ള പാസ്പോർട്ടു കൊടുക്കണമെങ്കിൽ അതിനുള്ള യഥാർത്ഥ അധികാരം സെൻട്രൽ ഗവണ്മെന്റിനാണുള്ളത്. ആ അധികാരം സ്റ്റേറ്റ് ഗവണ്മെന്റ് വിനിയോഗിക്കുന്നപക്ഷം ഉത്തരവാദിത്വമില്ലാത്ത ഒരേർപ്പാടായിരിക്കും അത്. മറ്റൊരു സംഗതി എനിക്കു പറയാനുള്ളത്, ഇഞ്ചി, തേയില, കുരുമുളക് മുതലായ സാധനങ്ങൾക്ക് ഈയിടെയായി വിലയിടിവ് ഉണ്ടായിട്ടുണ്ടെന്നും അതു പരിഹരിക്കാൻ ഗവണ്മെന്റ് സത്വര നടപടികൾ സ്വീകരിച്ചിട്ടില്ലെന്നുമുള്ള ശ്രീമാൻ കെ. ജെ. തോമസ്സിന്റെ വാദഗതികളാണ്. ഒന്നു രണ്ടു കൊല്ലങ്ങൾക്കുമുമ്പ് ഈ സാധനങ്ങൾക്ക് നല്ല വില കിട്ടിക്കൊണ്ടിരുന്നു. ഇപ്പോഴാകട്ടെ, ഏറ്റവും വിലകൂടുതലുള്ള കുരുമുളകിനുതന്നെ വില കുറഞ്ഞിരിക്കുന്നു. നല്ല വില കിട്ടാതിരിക്കുന്നതിനുള്ള കാരണം കുരുമുളകിൽ ഏതോ കുഴപ്പം സംഭവിച്ചുപോയിട്ടുള്ളതുകൊണ്ടാണ്. ആ കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെന്റ് തന്നെ പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഉൽപന്നങ്ങൾ കൂട്ടിച്ചേർക്കാതെ ശരിയായവിധം പാകപ്പെടുത്തി കയറ്റി അയയ്ക്കുകയാണെങ്കിൽ നല്ലവില കിട്ടുകതന്നെ ചെയ്യും. ശ്രീമാൻ പ്രാക്കുളം ഭാസി സർവ്വീസ് സംയോജനത്തെപ്പറ്റി ഏതാനും ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. സംയോജനത്തിനെ സംബന്ധിച്ചുള്ള യഥാർത്ഥ വിവരങ്ങളറിയാതെയാണ് അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു. സർവ്വീസ് സംയോജനം ഒരു ഡിപ്പാർട്ടുമെന്റിലും പൂർത്തിയായിട്ടില്ല എന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്. സംയോജനക്കാര്യം നാം വിചാരിക്കുന്നതുപോലെ അത്ര നിസ്സാരമല്ല. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, സർവ്വീസ് മുതലായവ ഏകീകരിച്ച് സംയോജിപ്പിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ എന്നേക്കും അതൊരു കുഴഞ്ഞ പ്രശ്നമായിത്തന്നെ കിടക്കും. സംയോജനക്കാര്യം മിക്കവാറും പൂർത്തിയായിരിക്കുന്നുവെന്നും അൽപകാലത്തിനുള്ളിൽ പൂർണ്ണമായ ഒരു സർവ്വീസ് സംയോജനം ഉണ്ടാകുമെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ. തിരുവിതാംകൂർ എന്നും കൊച്ചിയെന്നും ഉള്ള മനോഭാവം വെച്ചുപുലർത്തുന്നതുകൊണ്ടാണ് സംയോജനം നീണ്ടുപോകുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. അങ്ങനെയുള്ള യാതൊരു വ്യത്യാസനിലയും ഗവണ്മെന്റ് വെച്ചുപുലർത്തുന്നില്ലെന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. ഇതുകൂടാതെ ചവറയിൽ തൊഴിലാളി സ്ട്രൈക്കുണ്ടായപ്പോൾ പോലീസ് ഇടപെട്ട് കുഴപ്പമുണ്ടാക്കിയെന്നു പറയുകയുണ്ടായി. ഒരു കാര്യം ഞാൻ പറയാം. ന്യായരഹിതമായും അക്രമപരമായും ആരംഭിക്കപ്പെടുന്ന തൊഴിലാളി സ്ട്രൈക്കുകൾ

യാതൊരു കാരണവശാലും ഈ ഗവൺമെന്റ് അനുവദിച്ചുകൊടുക്കുന്നതല്ല. ഫാക്ടറിമാനേജരന്മാരെയോ, അല്ലെങ്കിൽ മുതലാളിമാരെയോ, കാരണമില്ലാതെ അവരുടെ വീട് വളഞ്ഞ് ഉപദ്രവിക്കാൻ തുടങ്ങിയാൽ ഏതു ഗവൺമെന്റാണ് മൌനം അവലംബിക്കുന്നത്? ഈ അക്രമപ്രവൃത്തികൾ തടയുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

അടുത്തതായി ശ്രീമാൻ. ടി. വി. താമസ്സ് ഉന്നയിച്ചത് ആലപ്പുഴ കാര്യത്തെപ്പറ്റിയാണ്. അതായത്, അവിടെയുള്ള ഉദ്യോഗസ്ഥന്മാരെല്ലാവരും ക്രിസ്ത്യാനികളാണെന്ന്, മാത്രവുമല്ല, അങ്ങനെയുള്ള ആളുകളെ അവിടെ തെരഞ്ഞെടുത്തു അവിടെ നിയമിച്ചതിൽ മുഖ്യമന്ത്രിക്കും പോലീസുമന്ത്രിക്കും എന്തോ ഉദ്ദേശമുണ്ടെന്നു തോന്നും അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ. അതേപ്പറ്റി എനിക്ക് പറയാനുള്ളത് ഇതുപോലുള്ള ബാലിശമായ ആരോപണങ്ങൾ ചെയ്യുന്നത് പ്രതിപക്ഷനേതാവ് എന്നുള്ള അദ്ദേഹത്തിന്റെ സ്ഥാനത്തിനുതന്നെ യോജിച്ചതല്ലെന്നാണ്. മേലാൽ ഈവിധ പ്രസ്താവനകൾക്ക ഇട കൊടുക്കുകയില്ലെന്ന് വിശ്വസിക്കുന്നു.

അടുത്തതായി ശ്രീമാൻ അച്യുതമേനോൻ പ്രസ്താവിച്ചത്, പഞ്ചവത്സരപദ്ധതിയിൽ വ്യവസായം വകയ്ക്ക് ഒരു ചെറിയ തുകമാത്രമെ അനുവദിച്ചിട്ടുള്ളൂ എന്നും അതു പോരായെന്നും കൂടുതൽ അനുവദിപ്പിക്കുന്നതിനു ഈ ഗവൺമെന്റ് കാര്യമായി ഒന്നും ചെയ്യുന്നില്ലെന്നുമാണ്. എന്നാൽ നമ്മുടെ അടിയന്തിരാവശ്യം ഭക്ഷ്യപ്രശ്നമാണ്. അതിലേക്കു വളരെ കൂടുതൽ സംഖ്യ നീക്കിവച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതി കൊണ്ട് നമ്മുടെ ഭക്ഷ്യപ്രശ്നം ഏറെക്കുറെ പരിഹരിക്കാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : എത്ര ശതമാനം ഭക്ഷണക്ഷാമമാണ് ഇവിടെയുള്ളത്?

ശ്രീ. എ. ജെ. ജാൺ : ഇൻഡ്യയിലാകമാനം കുറവുള്ള ൬ ശതമാനത്തിന് താഴെയാണുള്ളത്.

അതുകൊണ്ട് പഞ്ചവത്സരപദ്ധതിമൂലം ഭക്ഷണക്ഷാമം പരിഹരിക്കാൻ സാധിച്ചില്ലെങ്കിൽ അതു സാധിക്കത്തക്കവണ്ണം കേന്ദ്രഗവൺമെന്റിനെ സമീപിച്ച് നിവേദനം നടത്താം. ഇത്രയേ എനിക്ക് പറയാനുള്ളു.

Mr. Speaker : Does the hon. Member Shri T. S. Ramaswami, press the amendment ?

Shri T. S. Ramaswami : No, Sir.

The amendment was, by leave, withdrawn.

Mr. Speaker : Does the hon. Member, Shri Kunjan Nadar, press his amendment ?

Shri A. Kunjan Nadar : No.

The amendment was, by leave, withdrawn.

Mr. Speaker : Does the hon. Member, Shri T. A. Majeed, press his amendment ?

Shri T. A. Majeed : No.

The amendment was, by leave, withdrawn.

Mr. Speaker : Does the hon. Member Shri K. J. Thomas, press his amendment ?

Shri K. J. Thomas : No.

The amendment was, by leave, withdrawn.

Mr. Speaker : Does the hon. Member, Shri T. V. Thomas, press his amendment ?

Shri T. V. Thomas : Yes, Sir.

The amendment was put and declared lost.

Shri C. Achyutha Menon : I demand a poll, Sir.

Shri G. Chandrasekhara Pillai : On a point of order.

ഒരു പ്രമേയം വോട്ടിനിടുമ്പോൾ മെംബറന്മാർ കൈ ഉയർത്തുകയാണെങ്കിൽ പ്രമേയം പാസ്സായോ ഇല്ലയോ എന്നുള്ളതു് സ്പീക്കർക്കുതന്നെ പോൾ ചെയ്യാതെ നിശ്ചയിക്കാവുന്ന ഒരു സംഗതിയാണു്. അതുകൊണ്ടു് പോളിന്റെ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker : That is exactly the reason why I put the question again to the hon. Member, that is, I was appealing to his good sense. If that has no effect, I have to keep to the conventions and practices established in this House. When a poll is demanded, I should not refuse it unless there is proper justification for so doing.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : സർ, ഈ സംഗതി സംബന്ധിച്ചു് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ രാജേന്ദ്രപ്രസാദ് റഫ്യൂസ് ചെയ്തിട്ടുണ്ടു്. അതായതു് സ്പീക്കർക്കു് ബോദ്ധ്യമുണ്ടെങ്കിൽ പോളിന്റെ ആവശ്യമില്ലെന്നു പറഞ്ഞു് റഫ്യൂസ് ചെയ്തിട്ടുണ്ടു്.

Mr. Speaker : But in this case it will not be proper.

<u>ശ്രീ. ടി. വി. തോമസ്സു്</u> : പോൾ വേണമെന്നാവശ്യപ്പെടുന്നതു് അനുകൂലിച്ചും പ്രതികൂലിച്ചും ആരൊക്കെയാണു് വോട്ടു ചെയ്തതു് എന്നുള്ള ഒരു രേഖയ്ക്കുവേണ്ടി മാത്രമാണു്.

Mr. Speaker : May be, but when the motion is lost, you must consider the effect on the poll.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : പോളിന്റെ ആവശ്യമില്ലെന്നു് മാത്രമേ ഞാൻ പറഞ്ഞുള്ളു.

<u>ശ്രീ. ടി. വി. തോമസ്സു്</u> : പോളിന്റെ ആവശ്യമുണ്ടെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker : What all things can be satisfied by a poll may be satisfied now. A poll will be taken.

A poll was taken when the House divided as follows :—

Ayes—37.

1 Shri M. M. Abdul Khader
2 ,, A. Achyuthan
3 ,, Achyutha Menon
4 ,, P. V. Avira Tharakan
5 ,, C. C. Ayyappan
6 ,, Baby John
7 ,, K. Balakrishna Menon
8 ,, P. Bhaskaran Nair
9 ,, Prakkulam Bhasi
10 ,, T. K. Divakaran
11 ,, E. Gopalakrishna Menon
12 ,, P. Govinda Pillai
13 ,, M. N. Govindan Nair
14 Shrimathi K. R. Gouri
15 Shri E. Krishnan Nair
16 ,, T. K. Krishnan
17 ,, K. V. Krishnankutti Warrier
18 ,, K. K. Kumara Pillai
19 Shri C. K. Kumara Panicker
20 ,, K. Kuttappan
21 ,, T. A. Majeed
22 ,, P. S. Nataraja Pillai
23 ,, N. Nilakantaru Pandarathil
24 ,, K. P. Prabhakaran
25 ,, Ramakrishnan
26 ,, T. S. Ramaswami
27 ,, P. Ravindran
28 ,, C. G Sadasivan
29 ,, K. Sadanandan
30 ,, A. Samraj
31 ,, C. Sankar
32 Dr. N. S. Pillai
33 Shri V. Sridharan
34 ,, R. Sugathan
35 ,, A. Thanu Pillai
36 ,, T. V. Thomas
37 ,, C. K. Viswanathan

Noes—54.

1 Shri Athichan
2 ,, Alexander Parambitharayil
3 ,, Ayyappan Pazhayarthundy
4 ,, K. Bhanu
5 ,, A. C. Chacko
6 ,, P. Chacko
7 ,, G. Chandrasekhara Pillai
8 ,, K. M. Chandy
9 ,, A. K. Chelliah
10 ,, K. K. Chellappan Pillai
11 ,, Cheriyan J. Kappan
12 ,, M. V. Cheriyan
13 ,, A. Chidambaranatha Nadar
14 ,, S. G. Deviappan
15 ,, Ambat Eachara Menon
16 Shri Ganapathy
17 ,, K. M. George
18 ,, Panampilli Govinda Menon
19 ,, A. L. Jacob
20 ,, James Tharayil
21 ,, A. J. John
22 ,, Joseph Vazhappilly
23 ,, K. Karunakaran
24 ,, Nedumangad R. Kesavan Nair
25 ,, R. Kesava Pillai
26 ,, T. T. Kesavan Sastri
27 ,, K. Kochukuttan
28 ,, K. P. Krishna Menon

29 Shri V. R. Krishnan Ezhuthassan
30 ,, A. Kunjan Nadar
31 ,, Kunjithommen
32 ,, V. Madhavan
33 ,, K. Madhavan Unnithan
34 ,, M. C. Mathew
35 ,, J. T. Moraes
36 ,, O. C. Ninan
37 ,, N. A. Noor Muhammad
38 ,, Pareethu Rowther
39 ,, R. Ponnappa Nadar
40 ,, P. K. Ramachandra Das
41 ,, P. Ramaswami Pillai
42 ,, P. Sadasivan Pillai
43 Shri Alexander Manuel Simon
44 Dr. M. Sivaraman Nair
45 ,, P. T. Thomas
46 Shri E. P. Varghese
47 ,, N. P. Varghese
48 ,, T. M. Varghese
49 ,, V. V. Varkey
50 ,, Varunny Pulikkal
51 ,, Vasudevan Pillai
52 ,, Kalathil Velayudhan Nair
53 ,, K. I. Velayudhan
54 ,, A. A. D. Luiz

Neutral—1

Shri K. J. Thomas.

The amendment was lost.

Mr. Speaker : Does the hon. Member, Shri Abdul Khader, press his amendment ?

Shri M. M. Abdul Khader : Yes, Sir.

The amendment of Shri M. M. Abdul Khader was put and lost.

The original motion of thanks to the Address was then adopted.

The Assembly adjourned at 5.18 p. m. to meet again at 11 a. m on Monday, the 2nd March, 1953.

APPENDIX I

*(Please see answer to question No. *104 (39)*

Statement showing details *re* printing charges paid to private presses etc.

S. No.	Name of the Press	Name of the book printed	Amount of printing charges paid or to be paid Rs.	As.	Ps.	Remarks
1.	Sreedhara Printing House, Trivandrum.	Raveendranatha Tagore	2,277	3	0	
2.	Do.	Hindi Rachana Prabodh II (with Malayalam)	878	8	0*	
3.	Do.	(Do. with Tamil)	184	12	0*	
4.	Kamalalaya Printing Works, Trivandrum.	Vanasmaranakal	1,695	1	0	
5.	Do.	Teaching of Language	1,228	0	0*	Approximate
6.	P. K. Memorial Press, Trivandrum,	Adventures of Gulliver	1,893	6	0	
7.	Do.	Pulavarum Puravalarum	356	4	0	
8.	Babu's Press, Trivandrum.	Piranattuperarinjar	338	2	0	
9.	Do.	English Prose and Verse F. V.	1,332	11	0*	
10.	City Press, Trivandrum.	Abraham Lincoln	1,949	6	0	
11	Do.	Malayalam Copy Cl. II	555	0	0*	Approximate
12.	Bhaskara Press, Trivandrum.	Chentamil Ilakkia Thirattu	454	7	0	
13.	Do.	Meeti Kahaniyan	968	13	0	
14.	Do.	Sanskrit Reader VI	368	4	0	
15.	Keralavilasom Press, Trivandrum.	Vyomayanakathakal	2,199	6	0	
16.	Do.	Malayalam Copy book Cl. IV	470	14	0	
17.	Indira Printing Works, Trivandrum.	Bharathadeepam	2,079	6	0	
18.	Do.	Keralapadyapatavali	791	13	0	
19.	Do.	Malayalam Copy Cl. III	469	0	0	
20.	St. Joseph's Press, Trivandrum.	Indian Dominion Reader II	6,157	0	0	
21.	Do.	Arulvallal Moovar	300	6	0	
22.	Do.	Sinbdad	313	8	0	
23.	Do.	Agriculture Bk. III	3,119	1	0	
24.	Press Ramses, Trivandrum.	Kathachandrika	2,226	14	0	
25.	Do.	Keralapadyapatavali	849	10	0	

26.	Chandra Press, Trivandrum.	Sarayoodevi	2,748	2	0	
27.	Do.	Chentamil Ilakkia Thirattu	207	9	0	
28.	Mahatma Printing Works, Trivandrum.	Choice Stories from East and West	2,469	9	0	
29.	Do.	Sarayoodevi	581	6	0	
30.	Do.	Supplement to Agriculture I	271	4	0	
31.	Do.	Do. II	102	8	0	
32.	Do.	Malayalam Copy Book II.	1,085	0	0	
33.	Rajam Printing Works, Kottar	Periyor Charitham	187	0	0	
34.	Powrakahalam Press, Trivandrum.	Physics	1,760	10	0	
35.	Deenabandhu Press, Ernakulam.	Selections in Prose and Verse	5,352	5	0	
36.	Alliance Printing Works, Trivandrum.	Uncle Tom's Cabin	1,992	8	0	
37.	Do.	Jawahar	282	9	0	
38.	V. P. Press, Quilon.	Urai Mani Malai	156	1	0	
39.	Do.	Assissi	2,777	8	0	
40.	Do.	Siruvar Pokkisham	739	2	0	
41.	Do.	Elanjar Ulakom	264	12	0	
42.	Azad Printers, Quilon.	Charithrakathakal	5,321	4	0	
43.	Prakash Printing and Publishing House, Trivandrum.	Panjathantrakathamanikal	4,049	6	0	
44.	Do.	Malayalam Copy Cl. III	928	8	0	
45.	Do.	Meeti Kahaniyan	770	12	0	
46.	University Press, Trivandrum.	Sasthradeepika	1,960	13	0	
47.	Modern Press, Trivandrum.	Selections in English Prose and Verse Form VI.	4,624	0	0	
48.	Do.	English Prose and Verse F. V.	1,379	3	0	
49.	Standard Press, Trivandrum,	Saropadesakathakal	2,777	8	0	
50.	Do.	Uyirkal Ulakom	603	2	0	
51.	Do.	Geometry F. IV.	3,230	0	0	Approximate
52.	S. T. Reddiar and Sons, V. V. Press, Quilon	New India Literary Reader III.	5,701	1	0	
53.	Do.	Das Kahaniyan	1,149	0	0	
54.	Do.	Suthanthira Tamil Vachakom	627	11	0	
55.	Do.	Chemistry	3,978	12	0	Approximate Printing charges not paid.
56.	E. S. D. Printing Works, Trivandrum.	Golden Reader Bk. IV.	3,534	0	0	
57.	Do.	India Periyor	243	5	0	
58.	V. Sundara Iyer and Sons, Trichur.	Vijayathilekku	1,695	5	0	

59.	Malayala Manorama, Kottayam.	Malayalam Copy Cl. IV.	466	11	0	
60.	Do.	Seva Sanghom	3,739	7	0	
61.	Do.	Kidnapped	2,701	15	0	
62.	Do.	Keralapadyapatavali	769	6	0	
63.	Jayabharatham Printing Press, Trivandrum.	Navinabharatham	4,949	6	0	
64.	S. R. V. Press, Quilon.	Balanidhi	4,789	11	0	
65.	Do.	Saral Hindi	3,472	4	0	
66.	Do.	Sivagami Tamil Vachakom	740	12	0	
67.	Do.	Tamil Mani Malai	376	4	0	
68.	Do.	Nithilakkathakal	1,188	0	0	
69.	Do.	Tamil Reader Cl. II.	318	1	6	
70.	Yuvakeralam Press, Quilon.	Ashok Reader	1,709	0	0	
71.	Viswabharathy Printers, Kottayam	Biology for F. IV.	2,360	10	0	
72.	Viswanath Press, Ernakulam.	Little Women	2,474	13	0	
73.	Do.	Story Behind	1,718	4	0	Approximate Printing charges not paid.

* Printing charges not disbursed. Bills have not been received so far for items 5, 11, 51, 55 and 73.

APPENDIX II.

Please see answer to Question 39 (15)

Statement re : fee concessions to Muslims and Jews :

(Travancore area)

Muslims and Jews are eligible for fee concession in accordance with G. O. R. Dis. No. 2521|46|Edn. dated 23-11-1946. Girl pupils of these Communities are eligible for full fee concession and boys for half fee concession subject to 15% restriction on production of poverty certificates.

(Cochin area)

The pupils are given half fee concession as in the case of pupils belonging to backward classes as provided in the Cochin Education Code.
Scholarships and Stipends :

(Travancore area)

All Muslim girls are eligible for a scholarship at the rate of Rs. 3 per month in the Middle School classes and at Rs. 5 per month in the High School Classes.

20 Scholarships, each of the value of Rs. 3 per month are awarded every year to the best 20 Muslim boys in Form I. These are awarded on the basis of the marks obtained by the pupils in the Final Examination of class V and are tenable for 3 years, i, e. till the end of the Middle School course.

Scholarships ,each of the value of Rs. 5 per month are awarded every year to the 5 best Muslim boys in Form IV. These are also tenable for 3 years and are awarded on the basis of the rank obtained by the boys in the upper Secondary Scholarship Examination held every year.

(Cochin area)

19 stipends of the monthly value of Rs. 2 each tenable for 3 years are awarded to the Muslim girls in the Lower Secondary Department on the basis of the result of the L. S. D. Scholarship Examination as per the Cochin Education Code.

There is no provision for the award of stipend to Muslim boys in the L. S. Department.

44 stipends for boys and 10 for girls of the monthly value of Rs. 3 each tenable for 3 years are awarded annually to the Muslim pupils in the Upper Secondary Department on the basis of the U. S. Department Scholarship Examination as per the Cochin Education Code.

Five stipends of the monthly value of Rs. 2 each tenable for 3 years are awarded annually to the girl pupils (Jews) in Lower Secondary Department on the basis of the L. S. D. Scholarship Examination.

There is no provision for the award of stipend to Jewish boys in the L. S. Department.

Two stipends for boys and four for girls of the monthly value of Rs. 3 each tenable for 3 years are awarded annually to the Jewish pupils in the Upper Secondary Department on the basis of the results of the Upper Secondary Department Scholarship Examination.

The following concessions are being awarded to Muslims and Jewish students in the College in Cochin Area as per rules of the Cochin Education Code.

Scholarships to Muslims :

Rule 71 C, (1) One Scholarship of Rs. 20 a month tenable for three years for the Hons. course in any of the Colleges approved by Government, or Rs. 15 a month tenable for 2 years for the pass course in any of the State Colleges to the best Muslim boy who passes the Intermediate Examination from a College in the State.

(2) One scholarship of Rs. 30 P.M. for four years will be given in alternate years to a promising Muslim boy from the State who has passed the School Final Examination to enable him to join the Aligarh Muslim University.

In the absence of School Final applicants, the scholarship may be awarded to the best Muslim candidate from the State who has passed the Intermediate Examination. This will be tenable for two years only.

71 C (3) *Stipend to Muslim girls* :

	No.	*Rate P. M.*
Intermediate	2	Rs. 5
B. A. or B. Sc.	2	

71 C (4) *Stipend to Muslim boys* :

Intermediate	13	Rs. 5
B. A. or B. Sc.	3	

Stipend to Jewish pupils :

	Intermediate	*B. A. or B. Sc.*	*Rate P. M.*
71 E (1) Girls	2	2	Rs. 5
71 E (2) Boys	3	1	